بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 4

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

ലക്കം 37-38

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2019 സെപ്റ്റംബർ 12-19/ഹി:ശം:1398 തബൂക് 12-19/ഹി:ഖ: 1440 മുഹർറം 12-19


## അല്ലാഹുവിന്റെ വചനം

وَسَارِعُوۡۤا اِلٰی مَغۡفِرَۃٍ مِّنۡ رَّبِّکُمۡ وَجَنَّۃٍ عَرۡضُہَا السَّمٰوٰتُ وَالۡاَرۡضُ ۙ اُعِدَّتۡ لِلۡمُتَّقِیۡنَ

(آل عمران:134)

'നിങ്ങളുടെ നാഥനിൽനിന്നുള്ള പാപമോചനത്തിലേക്കും ആകാശഭൂമികളുടെ മൂല്യമുള്ള സ്വർഗത്തിലേക്കും നിങ്ങൾ സത്വരം മുന്നേറുക; ദോഷബാധയെ സൂക്ഷിക്കുന്നവർക്ക് ഒരുക്കിവെക്കപ്പെട്ടതാണിത്.'(3:134)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**വിശുദ്ധ ഖുർആനിന്റെ കോന്തല വളരെ വിശാലമാണ്. അത് ഖിയാമത്തുനാൾവരെ മാറ്റമില്ലാത്ത ഒരേയൊരു നിയമമാണ്. എല്ലാ ജനതയ്ക്കും എക്കാലത്തേക്കും വേണ്ടിയുള്ളതാണ്. വിശുദ്ധഖുർആനിന്റെ ലക്ഷ്യം എല്ലാ മനുഷ്യരുമായിരുന്നു; ഏതെങ്കിലും പ്രത്യേക ജനതയും രാജ്യവും കാലവുമായിരുന്നില്ല. ഇഞ്ചീലിന്റെ ലക്ഷ്യം ഒരു പ്രത്യേക ജനതയായിരുന്നു. അതുകൊണ്ട് ഈസാ(അ)"ഞാൻ ഇസ്റായീലിലെ കാണാതെപോയ ആടുകളെ തിരയുന്നതിനാണ് വന്നിട്ടുള്ളത്' എന്ന് ആവർത്തിച്ചു പറഞ്ഞു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### ദിവ്യദൃഷ്ടാന്തത്തിന്റെ ഗുണം

പരിഗണിക്കേപ്പെടേണ്ടവയെല്ലാം ദൃഷ്ടിക്ക് വിധേയമാക്കിവെക്കുക എന്നതാണ് ദിവ്യദൃഷ്ടാന്തത്തിന്റെ മഹിമാവിശേഷവും കാരണവും. വാഗ്‌വിലാസവും അർഥഗാംഭീര്യവും കൈയിൽനിന്ന് വിട്ടുകളയാൻ പാടില്ല. സത്യസാക്ഷ്യത്തേയും യുക്തിജ്ഞാനത്തേയും വിട്ടുകളയരുത്. ഈ ദിവ്യദൃഷ്ടാന്തം വിശുദ്ധ ഖുർആനിന്റേതുമാത്രമാണ്. അത് സൂര്യനെപ്പോലെ പ്രകാശിക്കുന്നു. അത് എല്ലാ വശത്തുടേയും അമാനുഷികമായ ശക്തി ഉൾക്കൊള്ളുന്നു. ഇഞ്ചീലിനെപ്പോലെ 'ഒരു കരണത്ത് അടിച്ചാൽ മറ്റെ കരണവും കാണിച്ചുകൊടുക്കുക' എന്ന പോലെ കേവലം നാവുകൊണ്ടുള്ള വരവുചെലവു കണക്കല്ല. ഇത് യുക്തിപരമായ അധ്യാപനങ്ങളുടെ കർമവുമായി എത്രത്തോളം ബന്ധം വെക്കുന്നുവെന്നതും മനുഷ്യപ്രകൃതിയുടെ പരിഗണന അതിൽ എത്രത്തോളമുണ്ടെന്നതും ഭാവനയും സങ്കല്പവുമല്ല.

ഇതിന്നെതിരിൽ വിശുദ്ധ ഖുർആനിന്റെ അധ്യാപനം വായിക്കുകയാണെങ്കിൽ മനുഷ്യന്റെ ചിന്താഗതികൾ അത്തരം എല്ലാ വശങ്ങളിലും നടപ്പാക്കാൻ പറ്റുന്നതല്ലെന്ന് മനസ്സിലാകുന്നതാണ്. അത്തരം സമ്പൂർണവും അന്യൂനവുമായ അധ്യാപനങ്ങൾ ഭൗമികബുദ്ധിയുടേയും അറിവിന്റേയും ഫലമല്ല. ആയിരക്കണക്കിനാളുകൾ നമ്മുടെ മുമ്പിൽ മിസ്കീന്മാരായിട്ടുണ്ടാകുകയും നമ്മൾ ഒന്നുരണ്ടുപേർക്ക് കുറച്ചു കൊടുക്കുകയും മറ്റുള്ളവരെ കുറിച്ച് ചിന്തിക്കുകപോലും ചെയ്യാതിരിക്കുകയും ചെയ്യുക എന്നത് സംഭാവ്യമാണോ? ഇതുപോലെ ഇഞ്ചീൽ ഒരേയൊരു വശത്താണ് കിടക്കുന്നത്. ബാക്കിയുള്ള വശങ്ങളെ കുറിച്ച് അതിന് ശ്രദ്ധ തന്നെയില്ല. നാം ഇഞ്ചീലിനുമേൽ ആക്ഷേപം ഉന്നയിക്കുകയല്ല. ഇത് യഹൂദികളുടെ ദുഷ്കർമങ്ങളുടെ ഫലമാണ്. അവരുടെ കഴിവുകൾക്കനുസരിച്ച് ഇഞ്ചീൽ വന്നു. 'ആത്മാവുപോലെതന്നെ മാലാഖയും.' ഇതിൽ ആരുടെ എന്തു കുറ്റമാണുള്ളത്?

### ബൈബിളിന്റെ അധ്യാപനം കാലപരിമിതം:

ഇതിനുപുറമെ സ്ഥലപരിമിതവും കാലപരിമിതവും ജനപരിമിതവുമായ ഒരു നിയമമാണ് ഇഞ്ചീൽ. ഇംഗ്ലീഷുകാരും സ്ഥലപരിമിതവും കാലപരിമിതവുമാക്കി നിയമങ്ങൾ നടപ്പിൽ വരുത്തുന്നു. കാലത്തിനു ശേഷം അതിന്റെ സ്വാധീനമൊന്നുമുണ്ടാകുകയില്ല. ഇപ്രകാരംതന്നെ ഇഞ്ചീലും ഒരു നിയമപരിമിത ഗ്രന്ഥമാണ്. പൊതുസംഹിതയല്ല. എന്നാൽ, വിശുദ്ധ ഖുർആനിന്റെ കോന്തല വളരെ വിശാലമാണ്. അത് ഖിയാമത്തുനാൾവരെ മാറ്റമില്ലാത്ത ഒരേയൊരു നിയമമാണ്. എല്ലാ ജനതയ്ക്കും എക്കാലത്തേക്കും വേണ്ടിയുള്ളതാണ്. അല്ലാഹു പറയുന്നു: *വ ഇൻമ്മിൻ ശയ്ഇൻ ഇല്ലാ ഇൻദനാ ഖസാഇനുഹൂ വമാ നുനസ്സിലുഹൂ ഇല്ലാ ബി ഖദരിൻമ്മഅ്ലൂം* ഒരു വസ്തുവിന്റേയും ഖജനാവ് നമ്മുടെ പക്കൽ അല്ലാതില്ല. നിശ്ചിത അളവിലല്ലാതെ നാം അത് ഇറക്കാറുമില്ല.(15:22) ഇഞ്ചീലിന്റെ ആവശ്യം അത്ര അളവിൽമാത്രമെ ഉണ്ടായിരുന്നുള്ളു, അതുകൊണ്ട് ഇഞ്ചീലിന്റെ സംഗ്രഹം ഒരു പേജിൽ ഒതുക്കാൻ കഴിയും.

### വിശുദ്ധഖുർആൻ എക്കാലത്തേക്കുമുള്ളത്

മുഴുലോകത്തിന്റേയും പരിഷ്കരണത്തിന് വിശുദ്ധഖുർആന്റെ ആവശ്യമുണ്ടായിരുന്നു. മൃഗീയാവസ്ഥയിൽനിന്ന് മനുഷ്യനാക്കുക എന്നതായിരുന്നു വിശുദ്ധഖുർആനിന്റെ ലക്ഷ്യം. മാനുഷികമായ മര്യാദകൾകൊണ്ട് സംസ്കാരസമ്പന്നനായ മനുഷ്യനാക്കുക; മതനിയമപരിധികളും കല്പനകളുംകൊണ്ട് ഘട്ടങ്ങൾ തരണം ചെയ്യാൻ. പിന്നീട് ആത്മസിദ്ധികളോടുകൂടിയ ദൈവഭക്തനാക്കുക. ഈ വാക്ക് ഹ്രസ്വമാണ്-എന്നാൽ, അതിന് ആയിരക്കണക്കിന് വകുപ്പുകളുണ്ട്. കാരണം യഹൂദികളിലും ശാസ്ത്രജ്ഞന്മാരിലും അഗ്നി ആരാധകരിലും വിവിധ ജനതകളിലും ദുഷ്ചിന്താഗതിയുടെ ആത്മാവ് പ്രവർത്തിച്ചുകൊണ്ടിരുന്നു. അതുകൊണ്ടാണ് നബി(സ)തിരുമേനി വെളിപാടനുസരിച്ച് എല്ലാവരേയും സംബോധന ചെയ്തു പറഞ്ഞത് *ഖുൽ യാഅയ്യുഹന്നാസു ഇന്നീ റസൂലുല്ലാഹി ഇലയ്ക്കും ജമീആ* (7:159) പറയുക, ഓ മനുഷ്യരേ! സത്യമായും നിങ്ങളെല്ലാവരിലേക്കും(നിയുക്തനായ) അല്ലാഹുവിന്റെ ദൂതനാണ് ഞാൻ.

സന്ദർഭോചിതം മുമ്പേ തുടർന്നു വന്നുകഴിഞ്ഞതും ആകാശത്തുനിന്ന് വിവിധ കാലങ്ങളിൽ വിവിധ നബിമാർ മുഖേന ഭൂവാസികൾക്ക് എത്തിച്ചുകൊണ്ടിരുന്നതുമായ എല്ലാ അധ്യാപനങ്ങളും വിശുദ്ധഖുർആനിൽ അടങ്ങേണ്ടതുണ്ടായിരുന്നു. വിശുദ്ധഖുർആനിന്റെ ലക്ഷ്യം എല്ലാ മനുഷ്യരുമായിരുന്നു; ഏതെങ്കിലും പ്രത്യേക ജനതയും രാജ്യവും കാലവുമായിരുന്നില്ല. ഇഞ്ചീലിന്റെ ലക്ഷ്യം ഒരു പ്രത്യേക ജനതയായിരുന്നു. അതുകൊണ്ട് ഈസാ(അ) ആവർത്തിച്ചു "ഞാൻ ഇസ്റായീലിലെ കാണാതെപോയ ആടുകളെ തിരയുന്നതിനാണ് വന്നിട്ടുള്ളതെന്ന് പറഞ്ഞത്.

### തൗറാത്തിനുശേഷം വിശുദ്ധഖുർആനിന്റെ ആവശ്യം

വിശുദ്ധഖുർആൻ എന്താണ് കൊണ്ടുവന്നതെന്ന് ചിലയാളുകൾ ചോദിക്കാറുണ്ട്. തൗറാത്തിലുള്ളതുതന്നെയാണല്ലോ അതിലുള്ളതെന്നും പറയാറുണ്ട്. ഇതേ സങ്കുചിത വീക്ഷണമാണ് ചില ക്രിസ്ത്യാനികളെ ആവശ്യമില്ലാതെ 'ഖുർആൻ' പോലെയുള്ള കൃതികൾ എഴുതാൻ തന്റേടികളാക്കിയത്. അഹോ കഷ്ടം! അവർ സത്യമായ വിവേകത്തിൽനിന്നും യഥാർഥമായ ബുദ്ധിയിൽനിന്നും ഭാഗം പറ്റിയിരുന്നെങ്കിൽ വഴിതെറ്റുമായിരുന്നില്ല. അത്തരക്കാരാണ് പറയുന്നത് വ്യഭിചരിക്കരുതെന്ന് തൗറാത്തിൽ എഴുതിയിട്ടുള്ളതുപോലെ വ്യഭിചരിക്കരുതെന്ന് ഖുർആനിലും എഴുതിയിരിക്കുന്നു! ഖുർആൻ തൗഹീദ് പഠിപ്പിക്കുന്നു. തൗറാത്തും ഏകനായ ദൈവത്തെ ആരാധിക്കാൻ പഠിപ്പിക്കുന്നു. പക്ഷേ, എന്താണ് വ്യത്യാസമുള്ളത്? ബാഹ്യമായി നോക്കുമ്പോൾ ഈ ചോദ്യം വലിയ കുരുക്കുള്ളതാണ്. വിവരമില്ലാത്ത ആരോടെങ്കിലും ചോദിക്കുകയാണെങ്കിൽ അയാൾ പരിഭ്രമിച്ചുപോകും. യാഥാർഥ്യമെന്താണെന്നാൽ, ഇത്തരത്തിലുള്ള അതിസൂക്ഷ്മവും കുരുക്കുള്ളതുമായ ചോദ്യങ്ങളുടെ പരിഹാരവും അല്ലാഹുവിന്റെ പ്രത്യേക കൃപ കൂടാതെ സംഭാവ്യമല്ല. ഇതാണ് വിശുദ്ധഖുർആനിന്റെ വിജ്ഞാനം; അത് അതിന്റെ നേരത്ത് വെളിപ്പെടുന്നു. യാഥാർഥ്യമിതാണ് വിശുദ്ധഖുർആനും തൗറാത്തും തമ്മിൽ സാമ്യത തീർച്ചയായുമുണ്ട്. അത് നാം നിഷേധിക്കുന്നില്ല. പക്ഷേ, തൗറാത്ത് കേവലം മൂലവാക്യത്തെയാണ് എടുത്തത്. ഇതിനോടൊപ്പം തെളിവുകളോ പ്രമാണങ്ങളോ വിശദീകരണമോ ഇല്ല. പക്ഷേ, വിശുദ്ധഖുർആൻ ബുദ്ധിപരമായ രീതിയാണ് സ്വീകരിച്ചത്. എന്തുകൊണ്ടെന്നാൽ തൗറാത്തിന്റെ കാലത്ത് മനുഷ്യരുടെ കഴിവുകൾ മൃഗീയമായ അവസ്ഥയിലായിരുന്നു. അതു

(ശേഷം പേജ് 20ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദർ ബോർഡ്,ഖാദിയാൻ

# മജ്‌ലിസ് അൻസ്വാറുല്ലാഹ് ദ്വിദിന സംസ്ഥാന ഇജ്തിമാഅ് 2019 വിജയകരമായി സമാപിച്ചു.

കൂടാളി: മജ്‌ലിസ് അൻസ്വാറുല്ലായുടെ സംസ്ഥാന ഇജ്തിമാ ആഗസ്റ്റ് 31 സെപ്റ്റംബർ 1 തിയതികളിൽ കൂടാളിയിൽ വിജയകരമായി നടന്നു. അമ്പത്തിരണ്ടു ജമാഅത്തുകളിൽനിന്ന് പ്രതിനിധികൾ പങ്കെടുത്തിരുന്നു.

**ഉൽഘാടനസമ്മേളനം:**

ശനിയാഴ്ച രാവിലെ 10 മണിക്ക് മജ്‌ലിസ് അൻസ്വാറുല്ലാഹ് നാഇബ് സ്വദ്ർ ഭാരത് യു. മൻസൂർ അഹ്‌മദ് സാഹിബിന്റെ അധ്യക്ഷതയിൽ അബ്ദുൽ ജബ്ബാർ സാഹിബിന്റെ വിശുദ്ധ ഖുർആൻ പാരായണത്തോടെ ഉൽഘാടന പരിപാടിയ്ക്ക് തുടക്കം കുറിച്ചു. സ്വദ്ർ സാഹിബിന്റെ പ്രതിനിധിയും മജ്‌ലിസ് അൻസ്വാറുല്ലാഹ് ഭാരത് ഖാഇദെ ഇശാഅത്തുമായ മൗലവി എച്ച്. ശംസുദ്ദീൻ സഹിബ് പ്രതിജ്ഞാവാചകങ്ങൾ സദസ്സിന് ചൊല്ലിക്കൊടുത്തു. തുടർന്ന് മജ്‌ലിസ് അൻസ്വാറുല്ലാഹ് മുൻ കേരള നാഇം മർഹൂം ബി.എം കോയാ സാഹിബിനെ അനുസ്മരിച്ചു കൊണ്ട് അദ്ദേഹത്തിന്റെ ഒരു പദ്യം ചുങ്കശ്ശേരി ബശീർ അഹ്‌മദ് സാഹിബ് മനോഹരമായ നിലയിൽ ആലപിച്ചു. നാഇം മജ്‌ലിസ് അൻസ്വാറുല്ലാഹ് നോർത്ത് ഇലാഖ ജനാബ് എം റഫീഅ് അഹ്‌മദ് സാഹിബ് സ്വാഗത ഭാഷണം നടത്തി. കേന്ദ്രപ്രതിനിധി യോഗം ഉൽഘാടനം ചെയ്തു. വിശുദ്ധ ഖുർആനിന്റെ യഥാർഥ അധ്യാപനങ്ങൾ അവഗണിച്ച് തെറ്റായ വ്യാഖ്യാനങ്ങളുടെ പിന്നാലെ പോയതാണ് മുസ്‌ലിം ലോകത്തിന് വിനയായതെന്ന് തന്റെ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. പ്രാർഥനയോടുകൂടി അദ്ദേഹം ഇജ്തിമാഅ് ഉൽഘാടനം ചെയ്തു.

വയോജനങ്ങളുടെ ആത്മസംസ്കരണത്തിനും വർത്തമാനകാല പ്രശ്നങ്ങളെ കുറിച്ച് ബോധവൽക്കരിക്കുന്നതിനും ദുരന്തനിവാരണത്തിൽ ഇസ്‌ലാമിന്റെ പങ്കാളിത്തം ബോധ്യപ്പെടുത്തുന്നതിനുമായാണ് പരിപാടി സംഘടിപ്പിച്ചത്.

സ്വദ്ർ മജ്‌ലിസ് അൻസ്വാറുല്ലാഹ് ഭാരത് ജനാബ് സൈനുദ്ദീൻ ഹാമിദ് സാഹിബിന്റെ സന്ദേശം അധ്യക്ഷൻ യു. മൻസൂർ അഹ്‌മദ് സാഹിബ് വായിച്ചു കേൾപ്പിച്ചു. കഴിഞ്ഞ വർഷത്തെ ഖാദിയാൻ അഖിലേന്ത്യാ ഇജ്തിമായുടെ അവസരത്തിൽ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മൻസൂർ അഹ്‌മദ് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അയ്യദഹുല്ലായുടെ സന്ദേശത്തെ ആസ്പദമാക്കിയുള്ളതായിരുന്നു സ്വദ്ർ സാഹിബിന്റെ സന്ദേശം. ഖിലാഫത്തുമായിട്ടുള്ള ബന്ധം, ജമാഅത്തായിട്ടുള്ള നമസ്കാരം, കുട്ടികളുടെ ശിക്ഷണം എന്നീ വിഷയങ്ങൾക്ക് ഊന്നൽ നല്കിയതായിരുന്നു സന്ദേശം. തുടർന്ന് അദ്ദേഹം അധ്യക്ഷ ഭാഷണവും നടത്തി.

നാഇം മജ്‌ലിസ് അൻസ്വാറുല്ലാഹ് സൗത്ത് ഇലാഖ ജനാബ് താജുദ്ദീൻ സാഹിബ് സദസ്സിനെ സംബോധന ചെയ്തു. ഇതോടെ ഉൽഘാടപരിപാടി സമാപിച്ചു.

11.45ന് മജ്‌ലിസ് അൻസ്വാറുല്ലാഹ് കണ്ണൂർ ജില്ല നാഇം ജനാബ് ശംസുദ്ദീൻ സാഹിബിന്റെ അധ്യക്ഷതയിൽ മൗലവി ശബീൽ അഹ്‌മദ് സാഹിബിന്റെ ക്ലാസ് നടന്നു. 'അഞ്ചാം ഖിലാഫത്തും അഹ്‌മദികളും' എന്ന വിഷയത്തെ അധികരിച്ച് നടന്ന ക്ലാസ്സ് പല കാര്യങ്ങളും ഓർമിപ്പിക്കുന്നതും സദസ്സിന് അറിവു പകർന്നു നല്കുന്നതുമായിരുന്നു.

അതിനുശേഷം ഖുർആൻ പാരായണ മത്സരവും ഉർദു പദ്യപാരായണ മത്സരവും നടന്നു. 1.30 മുതൽ 2.30 വരെ നമസ്കാരം ഭക്ഷണം വിശ്രമത്തിനുള്ള സമയമായിരുന്നു. 2.30 മുതൽ വൈജ്ഞാനിക മത്സരങ്ങളും കായിക മത്സരങ്ങളും നടന്നു. ഏഴുമണിക്ക് മഗ്‌രിബ് ഇശാഅ് നമസ്കാരങ്ങൾ ജംആക്കി നമസ്കരിച്ചു.

രാത്രിഭക്ഷണത്തിനുശേഷം ക്വിസ് മത്സരം നടന്നു. 8.30 ന് ഒന്നാം ദിവസത്തെ പരിപാടി സമാപിച്ചു.

**01-09-2019 ഞായറാഴ്ച:**

കൂടാളി മുബല്ലിഗ് മൗലവി സ്വാലിഹ് സാഹിബിന്റെ നേതൃത്വത്തിൽ നടന്ന തഹജ്ജുദ് നമസ്കാരത്തോടെ രണ്ടാം ദിവസത്തെ പാരിപാടിക്ക് തുടക്കം കുറിച്ചു. സുബ്ഹി നമസ്കാരത്തിനും ദർസിനും തിലാവത്തുൽഖുർആനും ശേഷം കായിക മത്സരങ്ങൾ നടന്നു. പഴയങ്ങാടി മുബല്ലിഗ് മൗലവി സി. മുബശ്ശിർ അഹ്‌മദ് സാഹിബാണ് ദർസ് നടത്തിയത്. കായിക മത്സരങ്ങൾക്ക് ജനാബ് എം.അബ്ദുൽബശീർ സാഹിബ് നേതൃത്വം നല്കി.

9 മണിക്ക് 'ദൈവത്തെ അറിഞ്ഞവരും അറിയാത്തവരും' എന്ന ശീർഷകത്തിൽ ചർച്ചാ ക്ലാസ് നടന്നു. ഈ ചർച്ചയിൽ മൗലവി സുൽത്വാൻ നസീർ സാഹിബ്, മൗലവി ഹുസാം അഹ്‌മദ് സാഹിബ്, എ.എം.മുഹമ്മദ് സലീം സാഹിബ്, ഇ.എച്ച് നജീബ് സാഹിബ് എന്നിവർ പങ്കെടുത്തു. കോഴിക്കോട് അമീർ ഡോക്ടർ സ്വലാഹുദ്ദീൻ സാഹിബായിരുന്നു മോഡറേറ്റർ.

ചർച്ചാക്ലാസിനുശേഷം 'വ്യക്തിയും സാമ്പത്തിക ക്രമീകരണവും' എന്ന വിഷയത്തെ അധികരിച്ച് ഡോക്ടർ മുസഫ്ഫർ അഹ്‌മദ് സാഹിബ് ക്ലാസെടുത്തു. മജ്‌ലിസ് അൻസ്വാറുല്ലാഹ് മലപ്പുറം ജില്ല നാഇം പി.പി. ഹസ്സൻകോയ സാഹിബ് അധ്യക്ഷനായി.

12 മണിക്ക് ഹാറൂൺ സാഹിബ് കോഴിക്കോടിന്റെ വിശുദ്ധ ഖുർആൻ പാരായണത്തോടെ സമാപന പരിപാടി ആരംഭിച്ചു. കണ്ണൂർ ജില്ല അമീർ കെ അബ്ദുൽ അസീസ് സാഹിബ് അധ്യക്ഷനായി. കേന്ദ്രപ്രതിനിധി മൗലാനാ ശംസുദ്ദീൻ സാഹിബ് പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു. ഖിലാഫത്തിന്റെ പ്രതിജ്ഞ ചൊല്ലിക്കൊടുത്തത് അധ്യക്ഷനായിരുന്നു. അതിനുശേഷം മജ്‌ലിസ് അൻസ്വാറുല്ലാഹ് ഭാരത് നാഇബ് സ്വദ്ർ അമീറുൽ ഖാൻ സാഹിബ് പ്രസംഗിച്ചു. കോഴിക്കോടു മുബല്ലിഗ് ഹനീഫ് സാഹിബ് അദ്ദേഹത്തിന്റെ പ്രസംഗം പരിഭാഷപ്പെടുത്തി. മജ്‌ലിസ് അൻസ്വാറുല്ലാഹ് ഭാരത് മുആവിൻ സ്വദ്ർ തർബിയ്യത്ത് ടി.കെ.മഹ്‌മൂദ് സാഹിബ് പ്രസംഗിച്ചു.

വൈജ്ഞാനിക മത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയന്റുകൾ നേടി ഒന്നാം സ്ഥാനത്തെത്തിയ കൊല്ലം ജില്ലയ്ക്കും കായിക മത്സരങ്ങളിൽ ഒന്നാം സ്ഥാനം നേടിയ കോഴിക്കോടു ജില്ലയ്ക്കും കേന്ദ്രപ്രതിനിധി സമ്മാനം വിതരണം ചെയ്തു. പ്രോഗ്രാം കമ്മിറ്റി ചെയർമാൻ ബി.യം.ശൗക്കത്തലി സാഹിബ് മാത്തോട്ടം നന്ദി പറഞ്ഞു. അധ്യക്ഷന്റെ ദുആയോടുകൂടി ഇജ്തിമാഅ് സമാപിച്ചു.

തിരുവനന്തപുരം മുതൽ മഞ്ചേശ്വരം വരെയുള്ള 52 ജമാഅത്തുകളിൽനിന്ന് ആയിരത്തിനടുത്ത് പ്രതിനിധികൾ പങ്കെടുത്തു. മംഗലാപുരത്തുനിന്നും ദ്വീപുകളിൽനിന്നുമുള്ള അൻസ്വാർ സഹോദരങ്ങൾക്കുപുറമെ ജമാഅത്തിന്റെ അനുകൂലികളും ഇജ്തിമായിൽ പങ്കെടുത്തിരുന്നു.

**ബുക്സ്റ്റാൾ:**

മജ്‌ലിസ് അൻസ്വാറുല്ലായുടെ സഹായത്തോടെ കേരള ഇശാഅത്തു കമ്മിറ്റി ബുക്സ്റ്റാൾ സംഘടിപ്പിച്ചിരുന്നു. ദൈവകൃപയാൽ 38000 രൂപയുടെ വില്പനയുണ്ടായി.

**കവറേജ്:**

ഉൽഘാടന പരിപാടിയെ കുറിച്ചും സമാപന പരിപാടിയെ കുറിച്ചും പത്രങ്ങൾ വാർത്തകൾ നല്കി. ടി.വി.ചാനലുകളും വീഡിയോ ക്ലിപ്പിനോടൊപ്പം വാർത്തകൾ സംപ്രേഷണം ചെയ്തു.

**(പ്രത്യേക ലേഖകൻ)**


**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്‌മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.


## 125-ാമത് ജൽസ സാലാന ഖാദിയാൻ

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് 125-ാമത് ജൽസസാലാന (വാർഷികസമ്മേളനം) ഖാദിയാൻ 2019 ഡിസംബർ 27,28,29(വെള്ളി,ശനി,ഞായർ) തിയതികളിൽ നടത്താൻ സമ്മതം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾമുതൽതന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കാൻ തയ്യാറെടുപ്പുകൾ തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് ഉപകാരമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ജൽസസാലാന എല്ലാവിധത്തിലും വിജയകരവും അനുഗൃഹീതവും ആകുന്നതിനും സൗഭാഗ്യരായ ആളുകൾക്ക് സന്മാർഗപ്രാപ്തിക്ക് കാരണമാകുന്നതിനും വേണ്ടി ദുആചെയ്തുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹ്

***(നാളിർ ഇസ്‌ലാഹ് -ഒ-ഇർശാദ് മർക്കസിയ്യ ഖാദിയാൻ)***

## ഖുത്ബ ജുമുഅ

**“കാലത്തിന്റെ ഖലീഫയുടെഎല്ലാ പ്രഭാഷണങ്ങളും യാഥാർഥ ഇസ്‌ലാമിന്റെ തൊട്ടിലാണ്. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ സ്വയമേവ മനസ്സിൽ ഇറങ്ങിപ്പോകുന്നു.”(ബ്രസീൽ(Brazil)ലിൽനിന്നുള്ള അതിഥിമോറോ ഹെൻറിക്(Mouro Henrique)**

ഇന്ന് ലോകത്ത് മുഹമ്മദ് റസൂലുല്ലാഹ്(സ)യുടെ യഥാർഥ മഹത്ത്വം വിവരിക്കുന്നത് അഹ്മദികൾ മാത്രമാണ്.(വൈസ് പ്രസിഡന്റ് മുസ്‌ലിം കമ്മ്യൂണിറ്റി ബെനിൻ)

എല്ലാവരിലും ഒരുകാര്യം ഒരുപോലെ കണ്ടത് എല്ലാവരും തങ്ങളുടെ ഖലീഫയോടു അനുസരണം പുലർത്തുകയും അദ്ദേഹവുമായി ആത്മാർഥതയുടെ അസാധരണമായ ബന്ധം പുലർത്തുകയും ചെയ്യുന്നു എന്നതാണ്.
(യുറുഗ്വേ (Uruguay)യിൽ നിന്നുള്ള ഒരു വനിത അതിഥി)

അഹ്മദികളുടെ തർബിയ്യത്ത് വെറും ഇസ്‌ലാമിക അധ്യാപനങ്ങൾ അനുസരിച്ച് നടത്തിയിരിക്കുന്നു എന്നതാണ്...... ഇന്ന് വല്ല ജമാഅത്തും ഇസ്‌ലാമിനെ പ്രതിനിധാനം ചെയ്യുന്നുണ്ടെങ്കിൽ അത് അഹ്മദിയ്യാ ജമാഅത്താണ്.
(ഗിനികൊണാക്രി(Guinea Conakry)യിൽ നിന്നുള്ള അൽഹാജ് മുഹമ്മദ് വകീൽ യാതാറാ സഹിബ്)

ഞാൻ മനസ്സിലാക്കുന്നത് ഇന്ന് ഇസ്‌ലാം അഹ്മദിയ്യത്ത് മുഖേന വ്യാപിക്കുന്നുവെന്നാണ്.
(സായൂബ ക്യൂട്രാ ഓഗോ സാഹിബ് (Sayouba quedraogo)

‘ഞാൻ അല്ലാഹുവിൽ സത്യംചെയ്തുകൊണ്ട് പറയുന്നു, എന്റെ എല്ലാ സംശയങ്ങളും സന്ദേഹങ്ങളും ദൂരീകരിക്കപ്പെട്ടിരിക്കുന്നു. ലോകത്ത് ഇന്ന് ഏതെങ്കിലുമൊരു ജമാഅത്ത് ഇസ്‌ലാമിന്റെ പ്രാതിനിധ്യം വഹിക്കുന്നെങ്കിൽ അത് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് തന്നെയാണെന്ന് ജൽസയിൽ പങ്കെടുത്ത് എനിക്ക് ദൃഢവിശ്വാസമുണ്ടായിരിക്കുന്നു.’
(ഗിനികൊണാക്രി(Guinea Conakry)യിൽ നിന്നുള്ളഫാന്റാ ഫോഫാൻ ഉമർ സാഹിബ(Fanta Fofan Oumar)

‘ഇവിടെ വന്ന് ഞാൻ കണ്ടത് ഇസ്‌ലാം ഒരു മതം മാത്രമല്ലെന്നും അത് ഒരേ വംശത്തിലുള്ളവരുടെ കൂട്ടമാണെന്നും ഒരു കുലവും ഒരു കുടുംബവും ഒരൊറ്റ ഫാമിലിയുമാണെന്നാണ്. ഇസ്‌ലാം സ്ഥാപിച്ച സാഹോദര്യബന്ധവും നിങ്ങൾ നിങ്ങളുടെ മതത്തിന് ചെയ്യുന്ന പരിശ്രമവും ത്യാഗങ്ങളും കണ്ട് ഞാൻ വളരെയധികം ആകർഷിതനായിരിക്കുന്നു.’
(ഇക്വഡോർ(Ecuador)റിൽ നിന്ന് വന്ന ഓർലി മെസിയാസ്(Orli Mesias)

ഖലീഫ എവിടെ വന്നാലും ആയിരക്കണക്കിന് വരുന്ന ജനസമൂഹം ഒറ്റയടിക്ക് നിശബ്ദരായിത്തീരുന്നു. ആരോടും അതിനെ കുറിച്ചു ഒന്നും പറയേണ്ട ആവശ്യമില്ല. ഇതിൽനിന്ന് മനസ്സിലാകുന്നത്, ഇതൊരു സംവിധാനമല്ല. മറിച്ച് എല്ലാവരുടെയും ഹൃദയങ്ങളിൽ ഖലീഫയോടുള്ള അവാച്യമായ ആദരവും ബഹുമാനവും കുടികൊള്ളുന്നു എന്നാണ്.
(Mouro Henrique)

യു.കെ. ജൽസാസാലാനയുടെ അവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികൾക്ക് ആതിഥ്യം നല്കി തങ്ങളുടെ കർമംകൊണ്ട് ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം സമർപിച്ച ഉദ്യോഗസ്ഥർക്കും സന്നദ്ധസേവകർക്കും വികാരഭരിതമായ നന്ദിപ്രകടനം

**ജൽസസാലാനയിൽ പങ്കെടുത്ത അതിഥികളുടെ പ്രതികരണങ്ങൾ**

വഖ്ഫിന്റെ ആത്മാവുകൊണ്ട് അതുല്യമായ സേവനത്തിന് തൗഫീഖ് നേടിയ ആദരണീയ മുജീബുർറഹ്മാൻ സാഹിബ് അഡ്വക്കേറ്റിന്റെ വേർപാടിൽ അദ്ദേഹത്തെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 2019 ആഗസ്റ്റ് 09/1398 ളുഹൂർ 9**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് മോർഡൺ സിററി(യു.കെ)**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ
غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

അല്ലാഹുവിന്റെ അനുഗ്രഹത്താൽ യു.കെ. യുടെ മൂന്ന് ദിവസത്തെ ജൽസ സാലാന കഴിഞ്ഞ ഞായറാഴ്ച സമാപിച്ചു. അല്ലാഹുവിന്റെ എണ്ണമറ്റ അനുഗ്രഹങ്ങൾ ഈ ജൽസകളുമായി ബന്ധപ്പെട്ടിരിക്കുന്നു. ദൈവകൃപയാൽ നമ്മൾ അത് വഹിക്കുന്നവരായിത്തീരുന്നു. ജൽസ കഴിഞ്ഞുള്ള ആ ദൃത്തെ ജുമുഅ ഖുത്ബയിൽ ഇക്കാര്യങ്ങളെ കുറിച്ചാണ് ഞാൻ പറയാറുള്ളത്. അല്ലാഹുവിന്റെ കൃപയാൽ ജമാഅത്തംഗങ്ങളിൽ അതിന്റെ സ്വാധീനം എന്തായാലും ഉണ്ടാകുന്നതാണ്. അന്യരിലും അതിന്റെ സ്വാധീനം ഉണ്ടാകുന്നു. തങ്ങളെ സ്വാധീനിക്കുന്ന ജൽസയുടെ ചുറ്റുപാടുകളെ അവർ എങ്ങനെയാണ് നോക്കിക്കാണുന്നത്, എങ്ങനെയാണ് പുതിയ പുതിയ കാര്യങ്ങൾ അവർക്ക് മനസ്സിലാകുന്നത്, എങ്ങനെയാണ് ഇസ്‌ലാമിനെക്കുറിച്ചുള്ള അവരുടെ ഭയാശങ്കകൾ അവസാനിക്കുന്നത് തുടങ്ങിയ കാര്യങ്ങൾ പൊതുവെ ഞാൻ ജൽസകഴിഞ്ഞുള്ള ജുമുഅ ഖുത്ബയിൽ വിവരിക്കാറുണ്ട്; വിവരിക്കുന്നതായിരിക്കും. പക്ഷേ, അതിനുമുമ്പേ ഏതു വകുപ്പുമായി ബന്ധപ്പെട്ടവരാണെങ്കിലും എല്ലാ പ്രവർത്തകന്മാർക്കും പ്രവർത്തകമാർക്കും ഞാൻ നന്ദി പറയുകയാണ്. ഏതു വകുപ്പിലും ഏതു ജോലിയുമായി ബന്ധപ്പെട്ടവരായിരുന്നെങ്കിലും വേണ്ടില്ല! സഹായികൾ മുതൽ തുടങ്ങി ഓഫീസർ വരെ സ്ത്രീകൾ, പുരുഷന്മാർ, കുട്ടികൾ, യുവാക്കൾ, വൃദ്ധർ തുടങ്ങി എല്ലാവരും നിസ്വാർഥരായി തങ്ങളുടെ ഡ്യൂട്ടികളും ഉത്തരവാദിത്വങ്ങളും നിർവഹിക്കുകയായിരുന്നു. അഹ്മദികളല്ലാത്ത അതിഥികളുടെ മുമ്പിൽ തങ്ങളുടെ കർമങ്ങൾകൊണ്ട് ഇസ്‌ലാമിന്റെ യഥാർഥ ചിത്രം ഈ യാളുകൾ അവതരിപ്പിക്കുകയായിരുന്നു. പ്രത്യേകിച്ചും മുഅ്ആവിനീൻ (സഹായികൾ) നന്ദിക്കർഹരാണ്. അവർ വൻതോതിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളെ സേവിക്കാൻ തങ്ങളെ സമർപിക്കുന്നു. യഥാർഥ ജോലി ഈ സഹായികളുടേതുതന്നെയാണ്. അല്ലാഹു ഇവർക്കെല്ലാം പ്രതിഫലം നല്കുമാറാകട്ടെ. ജൽസയുടെ ഉദ്യോഗസ്ഥന്മാർക്കുപുറമെ കേന്ദ്ര ഓഫീസുകളിൽ സ്ഥിരമായി സേവനം ചെയ്യുന്ന ഉദ്യോഗസ്ഥരുമുണ്ട്. എം.ടി.എ യിലെ ഉദ്യോഗസ്ഥന്മാരുണ്ട്. അതിൽ യു.കെ.യിൽ താമസിക്കുന്ന സന്നദ്ധസേവകരുണ്ട്; മറ്റു രാജ്യങ്ങളിൽ നിന്നുള്ളവരും! ചില ഡോക്യുമെന്ററികൾ അവതരിപ്പിച്ചിരുന്നു, അത് തയ്യാറാക്കുന്നതിന് ജോലിചെയ്തവരും കുറച്ചു പരിപാടികൾ സ്റ്റുഡിയോവിൽ നടന്നു, അതിൽ ജോലി ചെയ്തവരുമുണ്ട്. അങ്ങനെ എല്ലാ വകുപ്പുകളും ജൽസാ ദിനങ്ങളിൽ തങ്ങളുടെ വലിയ പങ്കാണ് വഹിക്കുന്നത്. പിന്നീട് റിവ്യൂ ഓഫ് റിലീജ്യൺസിന്റെ പ്രദർശനം നടക്കുന്നു. അതിന്റേയും

വലിയ സ്വാധീനമാണുണ്ടാകുന്നത്. ആർക്കേവിന്റെ(പുരാവസ്തുക്കൾ) പ്രദർശനമുണ്ട്. പിന്നെ മഖ്സനെ തസ്വാവീറുണ്ട് (ഫോട്ടോ പ്രദർശനം). ജൽസയ്ക്കുമുമ്പേതന്നെ പ്രവർത്തനങ്ങൾ തുടങ്ങിയവരോ അല്ലെങ്കിൽ ശേഷം ചെയ്തവരോ ആയ ഇവരെല്ലാം തങ്ങളുടെ വലിയ പങ്കാണ് വഹിച്ചിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ ഇവരെല്ലാവരും നമ്മുടെ നന്ദിക്കർഹരാണ്. ഇനി ഞാൻ ചിലരുടെ അഭിപ്രായങ്ങൾ സമയം കണക്കിലെടുത്ത് വിവരിക്കുന്നതാണ്.

ബെനിൻ(Benin)നിലെ മുസ്‌ലിം കമ്മ്യൂണിറ്റിയുടെ വൈസ് പ്രസിഡന്റ് മാലേഹോ സോ യഅ്ഖൂബ് സാഹിബ് –ഇദ്ദേഹം ഇപ്രാവശ്യം ജൽസയിൽ പങ്കെടുത്തിരുന്നു പറയുന്നു: ഞാൻ ഇരുപതിൽകൂടുതൽ ഹജ്ജ് ചെയ്തിട്ടുണ്ട്. പക്ഷേ, അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസ സാലാനയിൽ പങ്കെടുത്തതിലൂടെ അതിനെക്കാളൊക്കെ മികച്ച സംവിധാനം കാണുവാൻ അവസരം ലഭിച്ചിരിക്കുന്നു. ഈ ജൽസയുടെ അന്തരീക്ഷം ഞാനൊരിക്കലും എവിടേയും കണ്ടിട്ടില്ല. ഞാനൊരിക്കലും എന്റെ ജീവിതത്തിൽ കണ്ടിട്ടില്ലാത്ത അന്തരീക്ഷമാണ് ഞാൻ ജൽസയിൽ കണ്ടത്. ഞാൻ ഒരുപാട് മതസമ്മേളനങ്ങളിലും മറ്റു സമ്മേളനങ്ങളിലും പങ്കെടുത്തിട്ടുണ്ട്. പക്ഷേ, ജൽസ സാലാനയുടെ അന്തരീക്ഷം അവിടെങ്ങും കണ്ടിട്ടില്ല. എയർപോർട്ടുമുതൽ താമസസ്ഥലംവരെ എങ്ങനെയുള്ള ഏർപാടുകളാണ് ചെയ്തിരുന്നതെന്നാൽ സ്വന്തം വീട്ടിൽ താമസിക്കുന്നതുപോലെ തോന്നി. പിന്നീട് ജൽസയിൽ എല്ലാ തലങ്ങളിലുമുള്ള ആളുകളേയും കണ്ടു. എഞ്ചിനിയർമാർ, ഡോക്ടർമാർ, പ്രൊഫസർമാർ വിദ്യാസമ്പന്നരായവർ, വലിയ മതപണ്ഡിതന്മാർ തുടങ്ങി എല്ലാവരും വളരെ വിനയരായി ഞങ്ങളെ സേവിച്ചു. അതിൽ അവർ വളരെ സന്തോഷവാന്മാരായിരുന്നു. പിന്നീട് എന്റെ പ്രസംഗത്തെ കുറിച്ച് അദ്ദേഹം പറഞ്ഞു: ഞങ്ങൾക്ക് അതിൽനിന്ന് ശരിയായ ഇസ്‌ലാമിന്റെ സന്ദേശം ലഭിച്ചു. ഈ സന്ദേശം ഇന്ന് ലോക ഇസ്‌ലാമിനും മുസ്‌ലിമീങ്ങൾക്കും ആവശ്യമുണ്ട്; ഇസ്‌ലാമിനെ കുറിച്ചുള്ള ഭയാശങ്കകൾ അകലുന്നതിന്! അദ്ദേഹം പറയുന്നു: ഞാൻ ഇവിടെ വന്ന് ഒരുപാട് പഠിച്ചു. അഹ്മദിയ്യത്ത് തന്നെയാണ് യഥാർഥ ഇസ്‌ലാം. വീണ്ടും പറയുന്നു: ഞാൻ ബെനിനിൽചെന്ന്, മറ്റുള്ളവർ പറയുന്ന കാര്യങ്ങൾക്ക് ചെവികൊടുക്കാതെ അഹ്മദിയ്യത്തിൽനിന്ന് പഠിക്കാൻ ആളുകളോട് പറയുന്നതാണ്. ഇന്ന് ലോകത്ത് മുഹമ്മദ് റസൂലുല്ലാഹ്(സ)യുടെ യഥാർഥ മഹത്ത്വം വിവരിക്കുന്നത് അഹ്മദികൾ മാത്രമാണ്.

ബുർക്കിനാ ഫാസോ(Burkina Faso)യിൽനിന്ന് ജൽസയിൽ പങ്കെടുത്ത ആളായിരുന്നു സൈമൺ സാവാഡോഗോ(Simeon Sawadogo) സാഹിബ്. അദ്ദേഹം മതകാര്യ മന്ത്രിയാണ്. വിദേശകാര്യ മന്ത്രിയും രാജ്യരക്ഷാ മന്ത്രിയുമാണ്. അദ്ദേഹം തന്റെ അഭിപ്രായം പ്രകടിപ്പിച്ചു: മതകാര്യ മന്ത്രിയെന്ന നിലയിൽ ഞാനെല്ലാ മതങ്ങളേയും ആദരിക്കുന്നു. ജൽസയിൽ പങ്കെടുത്ത് എന്റെ ഒരുപാട് ചോദ്യങ്ങൾ പരിഹരിക്കപ്പെട്ടു. ചോദിക്കാത്ത ചോദ്യങ്ങൾക്കും മറുപടി ലഭിച്ചു. അതെനിക്ക് ഒരുപാട് സഹായകമായി. ഞാനാദ്യമായാണ് ജൽസയിൽ പങ്കെടുക്കുന്നത്. ജൽസയിലെ പവിത്രമായ ചിന്താഗതികളും പരിശുദ്ധമായ ചുറ്റുപാടും ആത്മീയമായി എന്നെ ഒത്തിരി സഹായിച്ചു. സ്നേഹത്തോടും സൽസ്വഭാവത്തോടും നിയമങ്ങളോടുംകൂടി പ്രവർത്തിച്ച് ഒന്നിച്ചുകഴിയാൻ നമുക്ക് സാധിക്കുന്നതാണ്. ജൽസയിലെ ഉദ്യോഗസ്ഥരെ കുറിച്ച് പറയുന്നു. ജൽസയിൽ പണിയെടുക്കുന്ന സന്നദ്ധസേവകർ ശുചിമുറി വൃത്തിയാക്കുകയായിരുന്നു. പ്ലേറ്റുകൾ കഴുകുകയായിരുന്നു. ചെറിയ കുട്ടികൾ കുടി വെള്ളം വിതരണം ചെയ്യുകയായിരുന്നു. ഇതൊന്നും ത്യാഗവികാരമില്ലെങ്കിൽ സാധ്യമാകുകയില്ല. മറ്റുള്ളവർക്കുവേണ്ടി സേവനം ചെയ്യാനുള്ള വികാരം അസാധാരണമാണ്.

ഞാൻ മസ്ജിദ് ഫള്‌ലിലും പോയി. ചെറിയ മസ്ജിദാണ്. ആരംഭകാല മസ്ജിദാണ്. അതിൽ ആകർഷണമുണ്ടായിരുന്നു; ലാളിത്യവും. അതിന് ഒരു മനോഹാരിത ഉണ്ടായിരുന്നു. ബയ്അത്തിനെ കുറിച്ച് പറയുന്നു: ആത്മാർഥത, കൂറിന്റേയും അനുസരണത്തിന്റേയും ഒരു ചങ്ങല, അതു ലോകത്തിന് ഒരു മാതൃകയാണ്. ആളുകൾ ഖലീഫയുടെ ശബ്ദത്തെ മനസ്സിലാക്കുന്നില്ല. ഇന്നത്തെ ലോകം ഭൗതികതയുടെ പിന്നാലെ പായുകയാണ്. പക്ഷേ, ഈ ഭൗതികതയുടെ നഷ്ടവും മനുഷ്യനുതന്നെയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പിന്നീട് എന്നെ സംബന്ധിച്ച് പറഞ്ഞു: തന്റെ പ്രസംഗത്തിൽ മികച്ച സമൂഹത്തെ സ്വരൂപിച്ചെടുക്കുന്നതിനുള്ള പ്രവർത്തനരൂപരേഖ നല്കി. അതിൽ മാതാപിതാക്കന്മാരോടുള്ള കടമകളുണ്ട്. കുട്ടികളോടുള്ള കടമകളുണ്ട്. സമാപന പ്രസംഗം ഇതെല്ലാം അടങ്ങിയതായിരുന്നു. ആളുകൾ അതിൽനിന്ന് മതിയാവോളം പ്രയോജനമെടുത്തു. അധികമാളുകളും ഇതുതന്നെയാണ് ചർച്ച ചെയ്തത്.

ബുർക്കിനാ ഫാസോ(Burkina Faso)യിൽ നിന്നുള്ള പാർലമെന്റംഗമാണ് സായൂബ ക്യൂട്രാ ഓഗോ സാഹിബ് (Sayouba quedraogo) അദ്ദേഹം പറയുന്നു: 'ജൽസ വളരെ നല്ലതായിരുന്നു. എല്ലാ പ്രവൃത്തിയും ആസൂത്രിതപരമായിരുന്നു. എല്ലാവരും കർമനിരതരായിരുന്നു. മുഴുലോകത്തു നിന്നുവന്ന എല്ലാ ചെറിയവരും വലിയവരും പുരുഷന്മാരും സ്ത്രീകളും ഇസ്‌ലാമിനുവേണ്ടി ഏതു സേവനവും ചെയ്യാൻ തയ്യാറായിരുന്നു. ഞാൻ മനസ്സിലാക്കുന്നത് ഇന്ന് ഇസ്‌ലാം അഹ്മദിയ്യത്ത് മുഖേന വ്യാപിക്കുന്നുവെന്നാണ്. പിന്നീട് അദ്ദേഹം എന്നെക്കുറിച്ച് പറഞ്ഞു: 'അങ്ങ് ഞങ്ങളുടെ ഭരണാധികാരികൾക്കുവേണ്ടിയും സമാധാന സംസ്ഥാപനത്തിനുവേണ്ടിയും ദുആ ചെയ് തു. ഇത് ഞങ്ങൾക്കു വേണ്ടിയുള്ള മൂലധനമാണ്. ജൽസയുടെ അവസരത്തിൽ ഞങ്ങൾക്ക് വമ്പിച്ച സ്വീകരണമാണുണ്ടായത്. മറ്റു പ്രസംഗങ്ങളും വളരെ ഉന്നതമായിരുന്നു.'

പിന്നെ ഗ്രീസിൽ നിന്നുള്ള ചീഫ് റബ്ബി ഓഫ് എതൻസ്(Chief Rabbi of Athens) ഗബ്റേൽ നേഗ്രീൻ സാഹിബ് (Gabriel Negrin)പറയുന്നു: 'എനിക്ക് അത്ഭുതകരമായ അന്താരാഷ്ട്ര ജൽസയുടെ ഭാഗമാകാൻ സൗഭാഗ്യമുണ്ടായതിൽ അല്ലാഹുവിനോടു ഞാൻ നന്ദിയുള്ളവനാണ്. ജൽസയുടെ അന്തരിക്ഷത്തിന്റേയും സംഘാടകരുടേയും പങ്കെടുക്കുന്നവരുടേയും വിശാലഹൃദയത്തിന്റേയും എല്ലാ വശവും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ മുഖമുദ്രയായ 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്നതിനെ പ്രത്യക്ഷപ്പെടുത്തുന്നു. റബ്ബി അഥവാ യഹൂദഗുരു എന്ന നിലയിൽ ഞാൻ ഇവിടെ മറ്റുള്ള മതങ്ങളുടെയും വിശ്വാസങ്ങളുടെയും സ്വീകാര്യതയും ആദരവും അനുഭവിച്ചറിഞ്ഞു.' പിന്നീട് പറയുന്നു: 'ഞാൻ കാണുകയും സംസാരിക്കുകയും ചെയ്ത എല്ലാ ബഹുമാന്യ ഇമാമുകളും ഹൃദയംഗമമായ ആദരവുകൊണ്ട് എന്നെ ബഹുമാനിച്ചു. ഞാൻ എന്റെ പ്രത്യേകതൊപ്പിയും ധരിച്ച് ഒരു ഭീഷണിയോ കുപിതമായ ദൃഷ്ടിയോ അല്ലെങ്കിൽ പരുക്കൻ പ്രതികരണമോ കൂടാതെ ആയിരക്കണക്കിന് മുസ്‌ലിം സഹോദരങ്ങളുടെ ഇടയിലൂടെ സഞ്ചരിക്കുമ്പോൾ ശരിക്കും സന്തോഷവാനായിരുന്നു. ഇത് മറ്റ് സ്ഥലങ്ങളിൽ ഞാൻ കണ്ടതിന് നേർവിപരീതമായിരുന്നു.' വീണ്ടും പറയുന്നു: 'എല്ലാവിധത്തിലും എന്നെ നല്ലവണ്ണം ശ്രദ്ധിച്ചു. എനിക്കുവേണ്ടിയുള്ള ഭക്ഷണവും എന്റെ രീതിയനുസരിച്ച് തയ്യാറാക്കപ്പെട്ടു. എന്റെ ആരാധനയുടെ നിർബന്ധകാര്യങ്ങളും അഡ്ജസ്റ്റ് ചെയ്യപ്പെട്ടു. ഇതൊരു നിസാരജോലിയല്ല. പക്ഷേ, ജൽസയുടെ സംഘാടകരും എന്റെ ആതിഥേയരും ഇതെല്ലാം എനിക്കുവേണ്ടി ചെയ്തു.'

ജപ്പാനിലെ ബുദ്ധമതത്തിന്റെ ആരാധനാലയത്തിന്റെ ചീഫ് യോശിദ നിചികൊ(Yoshida Nichiko)യും ഈ ജൽസയിൽ വന്നിരുന്നു. അദ്ദേഹം പറഞ്ഞതനുസരിച്ച് മേജി രാജാവിന്റെ മാതാവും അദ്ദേഹത്തിന്റെ ശിഷ്യയായിരുന്നു. ടോക്കിയോവിലുള്ള അദ്ദേഹത്തിന്റെ ആരാധനാലയത്തിൽ മേജി രാജാവിന്റെ മതാവിന്റെ ചിതാഭസ്മവും മറയടക്കപ്പെട്ടിരുന്നു.' പറയുന്നു: 'ജൽസയുടെ അന്തരീക്ഷം കണ്ട് മനസ്സിന് യഥാർഥ സമാധാനം ലഭിക്കുന്നു. എല്ലാവരുടേയും സുരക്ഷിതത്തിനുവേണ്ടി ചെക്കിംഗ് നടക്കുന്നുണ്ട്. പക്ഷേ, ഒരു ബഹളവും കണ്ടില്ല. ആരും നീരസം പ്രകടിപ്പിക്കുന്നതും കണ്ടില്ല. ഭക്ഷണം മുതൽ പ്രഭാഷണങ്ങൾവരെ എല്ലാ പരിപാടിയും അങ്ങേയറ്റം ആസൂത്രിതമായിരുന്നു.' പ്രസംഗത്തെ കുറിച്ച് പറയുന്നു: 'സന്ദർഭോചിതമാണെന്ന് തോന്നി. ഇത് സത്യത്തിൽ, മതത്തിന്റെ ഉന്നതമായ ധാർമികാധ്യാപനങ്ങളുടെ സഹായത്താൽ നമുക്ക് പരസ്പരമുള്ള കടമകൾ നിറവേറ്റാൻ കഴിയുമെന്ന് ലോകത്തിന് മനസ്സിലാക്കിക്കൊടുക്കേണ്ട ആവശ്യമുണ്ട്.' വീണ്ടും പറയുന്നു: 'ജപ്പാൻ സമൂഹവും മാതാപിതാക്കളും കുട്ടികളും തമ്മിലുള്ള അകൽച്ചാപ്രശ്നം കൊണ്ട് ഉഴലുകയാണ്. എല്ലാതരത്തിലുള്ള പരിശ്രമങ്ങളുമുണ്ടായിട്ടും ഈ തിരമാലയെ നേരിടാൻ കഴിയുന്നില്ല.' പറയുന്നു: 'അങ്ങയുടെ ഉപദേശങ്ങൾ ഞങ്ങൾക്ക് ഞങ്ങളുടെ സമൂഹത്തിലും പ്രയോഗിച്ച് അതിൽനിന്ന് ഫലമെടുക്കാൻ കഴിയും. ഞാൻ ഫലമെടുക്കാൻ പരിശ്രമിക്കുന്നതായിരിക്കും.' പറയുന്നു: 'ഇസ്‌ലാമിനെക്കുറിച്ച് മുമ്പേയും എനിക്ക് ചീത്ത വിചാരമുണ്ടായിട്ടില്ല. എന്നാൽ, ജൽസയുടെ അന്തരീക്ഷംകണ്ട്, ബയ്അത്ത് പരിപാടിയുടെ നേരംവന്നപ്പോൾ എനിക്ക് ഇരിക്കപ്പൊറുതി ഉണ്ടായില്ല. ലോകത്ത് സമാധാന സ്ഥാപനത്തിനും സ്നേഹത്തിനും സാഹോദര്യത്തിലുമധിഷ്ഠിതമായ സമൂഹത്തിന്റെ രൂപീകരണത്തിനും എന്റെ കൈ അങ്ങയുടെ കൈയിൽ നല്കണമെന്ന് ഞാൻ തീരുമാനിച്ചു. അതുകൊണ്ട് ഞാൻ ബയ്അത്തിൽ പങ്കെടുത്തു. ഞാൻ അങ്ങയുടെ ലീഡർഷിപ്പ് അംഗീകരിക്കുന്നു. ലോകത്ത് സമാധാനം സ്ഥാപിക്കാൻ നടത്തുന്ന എല്ലാ പരിപാടികൾക്കും അങ്ങയെ സഹായിക്കുമെന്ന് ഞാൻ വാഗ്ദാനം ചെയ്യുന്നു.' ഇതിന്റെ അർഥം അദ്ദേഹം ബയ്അത്ത് ചെയ്തുവെന്നല്ല. പക്ഷേ, ലോകത്ത് സമാധാനം സ്ഥാപിക്കുക എന്ന ലക്ഷ്യത്തിന് താൻ എല്ലാ രീതിയിലും അങ്ങയോടൊപ്പമുണ്ടെന്നാണ്.

അർജന്റീനയിൽനിന്ന് ജൂദിത്(Judith) സാഹിബ ജൽസയിൽ പങ്കെടുത്തിരുന്നു. അവർ ക്രിസ്തുമത വിശ്വാസിയാണ്. അവരുടെ ഭർത്താവ് 10 വർഷം മുമ്പേ അഹ്മദിയ്യത്ത് സ്വീകരിച്ചിരുന്നു. അവർ പറയുന്നു. ഞാൻ ജോലിയുടെ അടിസ്ഥാനത്തിൽ വക്കീലാണ്. ജൽസയുടെ പ്രസംഗങ്ങളിൽ എനിക്കേറ്റവും ഇഷ്ടപ്പെട്ട പ്രസംഗം ജമാഅത്തിന്റെ ഇമാമിന്റെ സമാപന പ്രസംഗമായിരുന്നു. (അവർ എന്റെ പ്രസംഗത്തെ കുറിച്ചാണ് പറയുന്നത്). അതിൽ അങ്ങ് വളരെ വിശദീകരിച്ചും മനോഹരമായും ഇസ്‌ലാമികാധ്യാപനങ്ങൾ മുഖേന സ്ഥാപിതമാകുന്ന മനുഷ്യാവകാശത്തെ സംബന്ധിച്ച് വെളിച്ചം വീശി. ജൽസയിൽ വരുന്നതിനു മുമ്പേ ഞാൻ കുറച്ച് വിഷമത്തിലായിരുന്നു. കുറച്ച് ആശങ്കയും ഉണ്ടായിരുന്നു. ഇത്രയധികം ആളുകൾ പങ്കെടുക്കുമ്പോൾ തീർച്ചയായും കുഴപ്പവും കലഹവും ഉണ്ടാകുമെന്ന് ഞാൻ ധരിച്ചിരുന്നു. പക്ഷേ, നിങ്ങളുടെ സംഘടിക്കൽ, ഞങ്ങളുടെ ആളുകളുടെ സംഘടിക്കലിൽനിന്ന് തികച്ചും വ്യത്യസ്തമായിരുന്നു. ജനങ്ങളുടെ തിരക്കും ഇത്രമാത്രം വമ്പിച്ച നിലയിൽ ആളുകൾ സംഘടിച്ചിട്ടും എപ്പോഴും സ്നേഹത്തിന്റേയും സമാധാനത്തിന്റേയും അന്തരീക്ഷമായിരുന്നു. ആളുകളുടെ മുഖത്ത് സദാ മന്ദസ്മിതമായിരുന്നു.' വീണ്ടും ഇവർ പറയുന്നു: 'ജൽസയിൽ പങ്കെടുക്കുന്നതിന് എനിക്ക് ഇസ്‌ലാ

മിക പർദ നിർബന്ധമായും ധരിക്കേണ്ടിവരുമോ? സമ്മർദ്ദമുണ്ടാകുമോ എന്ന ചിന്തയും എനിക്ക് ഇല്ലാതിരുന്നില്ല. പക്ഷേ, തുടക്കം മുതൽ ഒടുക്കം വരെ ഞാൻ നിങ്ങളുടെ ഇടയിൽ ഇസ്ലാമിക പർദ കൂടാതെ വളരെ കംഫർട്ടബിൾ ആയി അനുഭവിച്ചു. നിങ്ങളുടെ സ്ത്രീകളും പുരുഷന്മാരും എന്നോട് ആദരവോടെ പെരുമാറി. മറ്റുള്ളവരേക്കാൾ കൂടുതൽ എന്റെ കാര്യം ശ്രദ്ധിക്കുന്നതായി എനിക്കുതോന്നി.'

ലൈബീരിയായിലെ പോസ്റ്റ് ആന്റ് ടെലികമ്മ്യൂണിക്കേഷൻ മന്ത്രി കൂപ്പർ ഡബ്ല്യൂ കുറാഹ് (Kooper W Kruah)സാഹിബും ജൽസയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു: 'വളരെ മനോഹരമായ നിലയിലായിരുന്നു ജൽസയുടെ വിവിധ പരിപാടികൾ ആസൂത്രണം ചെയ്തിരുന്നത്. ഇതിൽ ഒരുതരത്തിലുള്ള കുറവും എനിക്ക് കാണാൻ കഴിഞ്ഞില്ല. എത്രത്തോളമെന്നാൽ, ജൽസയുടെ ഒരുക്കങ്ങളുടെ ചില ഭാഗങ്ങൾ ഉദാഹരണത്തിന് പബ്ലിക് റിലേഷൻസ് മുതൽ കിച്ചൻവരെ പരസ്പരം ബന്ധിതമായിരുന്നു. എല്ലാത്തിനേക്കാളുമുപരി ഈ എല്ലാ ഏർപാടുകളും ചെയ്തിരുന്നത് സന്നദ്ധസേവകരുടെ ടീമായിരുന്നു. ഞാനെന്റെ ജീവിതത്തിൽ ഇതിനുമുമ്പേ എന്റെ ഡ്യൂട്ടി ഉൾപ്പെടെ ആരുടെയും ഇങ്ങനെയുള്ള കമ്മിറ്റ്മെന്റ് കണ്ടിട്ടില്ല; ഈ സന്നദ്ധ സേവകർ തങ്ങളുടെ ജോലിക്കുവേണ്ടി കമ്മിറ്റഡായിരിക്കുന്നതുപോലെ! ജൽസയുടെ പ്രോഗ്രാമുകൾക്കിടയിൽ ജൽസയിൽ പങ്കെടുക്കുന്നവരിൽനിന്ന് പരസ്പരം ആദരവിന്റേയും സാഹോദര്യത്തിന്റേയും വികാരങ്ങളാണ് കാണാൻ കഴിഞ്ഞത്. മുപ്പത്തിഒമ്പതിനായിരത്തിലധികം ആളുകൾക്കുവേണ്ടി ഇത്ര വിശാലമായ നിലയിൽ സംഘടനാപരമായ ഒരു അച്ചടക്കരാഹിത്യവും ഇല്ലാതെ മുഴുവൻ പരിപാടിയും ക്രമീകരിക്കുക എന്നത് കുറഞ്ഞപക്ഷം എന്നെ അത്ഭുതപ്പെടുത്തുന്നതാണ്.'

യുറുഗ്വേ (Uruguay)യിൽ നിന്ന് അതിഥിയായി ഒരു വനിത വന്നിരുന്നു. അവർ യൂണിവേഴ്സിറ്റിയിൽ Oriental Studies ന്റെ പ്രൊഫസറാണ്. അവർ പറയുന്നു: 'മുപ്പത് വർഷത്തിലേറെയായി ഞാൻ ഇസ്ലാമിക രാജ്യങ്ങളിലെ സംഘടനകളെ കുറിച്ച് പഠിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങളുടെ ജൽസയിൽ പങ്കെടുത്തപ്പോൾ രണ്ട് വ്യത്യസ്തമായ കാര്യങ്ങൾ കാണാൻ സാധിച്ചു. അത് മറ്റെവിടെയും കാണാത്തതാണ്. ഒന്നാമത്തെ കാര്യം, ജമാഅത്തിന്റെ ഐക്യത്തിന്റെയും ഒരു നേതാവിലൂടെയുള്ള ഒത്തൊരുമയുടെയും ഉദാഹരണം മറ്റെവിടെയും കണ്ടിട്ടില്ല. മുറബ്ബിമാർ മുതൽ വിവിധവകുപ്പുകളിൽ സന്നദ്ധസേവകരായി ഡ്യൂട്ടിചെയ്യുന്നവരിലും ഭക്ഷണം വിതരണം ചെയ്യുന്നവരാകട്ടെ വണ്ടി ഡ്രൈവർമാരാവട്ടെ അവരിലെല്ലാം ഒരുകാര്യം ഒരുപോലെ കണ്ടത് എല്ലാവരും തങ്ങളുടെഖലീഫയോടുഅനുസരണംപുലർത്തുകയും ആത്മാർഥതയുടെ അസാധാരണമായ ബന്ധം വെക്കുകയും ചെയ്യുന്നു.' നമ്മുടെ സുഹൃത്തുക്കൾ ക്കും കാണാൻ കഴിയുന്ന ആ നിലവാരമാണിത്. അസൂയാലുക്കൾക്കും കാണാൻ കഴിയുന്നു. ഇക്കാരണത്താൽ അസൂയാലുക്കളും ഫിത്ന ഉണ്ടാക്കുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇക്കാര്യമാണ് നമ്മളിന്ന് കർമംകൊണ്ടും ദുആ കൊണ്ടും സംരക്ഷിക്കേണ്ടത്. വീണ്ടും പറയുന്നു: 'രണ്ടാമത്തെ കാര്യം, ജമാഅത്തിൽ ഒരു തരത്തിലുള്ള വംശീയതയും(racism)കാണുന്നില്ല എന്നതാണ്. അത് ജന്മനാ അഹ്മദിയാണെങ്കിലും ശരി, നവ അഹ്മദിയാണെങ്കിലും ശരി. അറബിയോ അനറബിയോ, പാകിസ്താനിയോ പാകിസ്താനിയല്ലാത്തവനോ ആയി കൊള്ളട്ടെ, നിങ്ങളുടെ ജമാഅത്തിന്റെ സംവിധാനം എല്ലാവിധ വംശീയതയിൽ നിന്നും രാജ്യന്തരവിഭാഗീയതയിൽ നിന്നും ശുദ്ധമായി കാണപ്പെടുന്നു.'

ഇതാണ് ആ സവിശേഷത. ബാഹ്യമായ നിലയിൽ കുറച്ച് ദിവസത്തേക്ക് നമ്മൾ ഇത് കാണിക്കുക എന്നതല്ല. പ്രത്യുത ഇതെപ്പോഴും നമ്മളിലിരിക്കേണ്ടതാണ്. നബി(സ)തിരുമേനി അവസാനമായി നമുക്ക് നല്കിയ സന്ദേശവും ഇതുതന്നെയായിരുന്നു. കറുത്തവന് വെളുത്തവന്റെ മേലോ വെളുത്തവന് കറുത്തവന്റെമേലോ അറബിക്ക് അനറബിയുടെമേലോ അനറബിക്ക് അറബിയുടെമേലോ ഒരു ശ്രേഷ്ഠതയുമില്ല. ഒരു മനുഷ്യൻ എന്ന നിലയിൽ എല്ലാവരും സമന്മാരാണ്.

പിന്നീട് മൊറോക്കോ(Morocco)യിലെ ഒരു സുഹൃത്താണ്. അദ്ദേഹം ഫിലോസഫിയുടെ പ്രൊഫസറാണ്. അദ്ദേഹം പറയുന്നു: 'ജൽസയിൽ നിന്ന് വളരെ നല്ല മതിപ്പ് ഉളവായി. ജമാഅത്തിനെ സമീപത്ത് വന്ന് നോക്കി കാണുവാനുള്ള നല്ലൊരു വലിയ അവസരമാണിത്. ഞങ്ങൾ ഈ അന്തർദേശീയ സമ്മേളനത്തിൽ ജമാഅത്തിന്റെ വളരെ സുദൃഢമായ സംവിധാനവും അതിഥികൾക്കായുള്ള ഉഷ്മള വരവേൽപ്പും കണ്ടു. അതുപോലെ തന്നെ അഹ്മദിയ്യാ ജമാഅത്തിന്റെ ശ്രേഷ്ഠമായ സ്വഭാവമഹിമ കാണുവാനും അവസരമുണ്ടായി. അത് ഇസ്ലാമിന്റെയും റസൂലുല്ലാഹ്(സ)യുടെ അധ്യാപനത്തിന്റെയും പ്രതിരൂപമായിരുന്നു. ഈ ജൽസ മുഖേന എതിരാളികളുടെ കുപ്രചാരണത്തിന്റെ സത്യാവസ്ഥയും ഞങ്ങളുടെ മുന്നിൽ തുറക്കപ്പെട്ടു. ആ എതിരാളികൾ ദൈവിക ജമാഅത്തിനോട് അനാവശ്യമായി അസൂയയും വിദ്വേഷവും വെച്ചുപുലർത്തുന്നവരാണ്. അല്ലാഹു നിങ്ങൾക്ക് മനുഷ്യരെ സേവിക്കാൻ തൗഫീഖ് നല്കി ക്കൊണ്ടേയിരിക്കുമാറാകട്ടെ.'

ഇനി ഗിനികൊണാക്രി(Guinea Conakry)യിൽ നിന്ന് അൽഹാജ് മുഹമ്മദ് വകീൽ യാതാറാ സാഹിബാണ്. അദ്ദേഹം മതകാര്യവകുപ്പിന്റെ ഇൻസ്പെക്ടർ ജനറലാണ്. അദ്ദേഹം പറയുന്നു: ജൽസയിലെ മൂന്ന് ദിവസങ്ങളിലും എന്നിൽ വളരെയധികം മതിപ്പുളവാക്കിയ ഒരു കാര്യം, അഹ്മദികളുടെ തർബിയ്യത്ത് വെറും ഇസ്ലാമിക അധ്യാപനങ്ങൾ അനുസരിച്ച് നടത്തിയിരിക്കുന്നു എന്നതാണ്. ഇവിടെ ഒത്തുചേർന്നിരിക്കുന്ന എല്ലാ അഹ്മദികളും ഇസ്ലാമിക സഹോദര്യത്തിന്റെ ഉദാത്തമായ മാതൃകയാണ്; ഒരേയൊരു മാതാവിന്റെ മക്കളും ഒരേയൊരു വീട്ടിൽനിന്ന് വരുന്നവരും എന്ന് തോന്നിപ്പോകുന്നു. അനിതരസാധാരണമായ സംവിധാനം, സന്നദ്ധസേവകരുടെ മന്ദസ്മിതമായ മുഖം, ജൽസയുടെ പന്തലിലേക്ക് ആരേയും ബുദ്ധിമുട്ടിക്കാതെയുള്ള വരവും പോക്കും, ഇതെല്ലാം ഇവർ ഏതോ സ്വർഗീയസൃഷ്ടികളാണെന്നും ഇന്ന് വല്ല ജമാഅത്തും ഇസ്ലാമിനെ പ്രതിനിധാനം ചെയ്യുന്നുണ്ടെങ്കിൽ അത് അഹ്മദിയ്യാ ജമാഅത്താണെന്നും തോന്നിപ്പിച്ചു.' അദ്ദേഹം പറയുന്നു: 'എനിക്ക് മറ്റുരാജ്യങ്ങൾക്കുപുറമെ സൗദി അറേബ്യയിലും പല തവണ പോകാൻ സന്ദർഭം ഉണ്ടായിട്ടുണ്ട്. എന്നാൽ, ഇസ്ലാമിക സാഹോദര്യബന്ധം മുറ്റിനില്ക്കുന്ന ഇത്തരം അന്തരീക്ഷം മറ്റൊരിടത്തും ലഭ്യമായിട്ടില്ലെന്ന് ഉത്തമ ബോധത്തോടെ എനിക്കു പറയാൻ കഴിയും. ഇങ്ങനെ പറയുന്നതിൽ എനിക്ക് ഒരു ലജ്ജയുമില്ല. നാല്പതിനായിരം പേരെ ഒരിടത്ത് ഒരുമിച്ചുകൂട്ടുകയും പിന്നീട് നിരന്തരം ഇസ്ലാമിക അധ്യാപനങ്ങൾ പ്രചരിപ്പിക്കുകയും ഒരുതരത്തിലുള്ള ഉന്തുംതള്ളുമില്ലാതെ അല്ലാഹുവിന്റെ റസൂലിനോടുള്ള സ്നേഹത്തിൽ ഈ ദിനങ്ങൾ കഴിച്ചുകൂട്ടുകയും ചെയ്യുകയെന്നത് അഹ്മദിയ്യാ ജമാഅത്തിന്റെ മാത്രം പ്രത്യേകതയാണ്.'

കസ്റ്റം എയർപോർട്ട് ഗിനികൊണാക്രി (Guinea Conakry)യിൽ ലെഫ്റ്റനെന്റ് (lieutenant) ആയ ഫാന്റാ ഫോഫാൻ ഉമർ സാഹിബ(Fanta Fofan Oumar), അവർ നവഅഹ്മദിയുമാണ് പറയുന്നു: അഹ്മദിയ്യാ അധ്യാപനങ്ങളിൽ പ്രഭാവിതയായിക്കൊണ്ട് ഞാൻ അഹ്മദിയായിരുന്നുവെങ്കിലും എന്നിൽനിന്ന് വല്ല തെറ്റായ തീരുമാനവും ഉണ്ടായിപ്പോയോ എന്നോർത്ത് മനസ്സിൽ പേടി ഉണ്ടായിരുന്നു. കാരണം ഗിനികൊണാക്രി(Guinea Conakry)യിൽ ജമാഅത്തിന് നേരെയുള്ള ഏതർപ്പും ജമാഅത്തിനെതിരിലുള്ള പ്രചാരണവും കണ്ട് ചില നേരങ്ങളിൽ ബുദ്ധിമുട്ടിപ്പോയിരുന്നു. എന്നാൽ, ഇന്ന് ഞാൻ ജൽസ സാലാന യു.കെയിൽ പങ്കെടുത്തു. ഞാൻ അല്ലാഹുവിൽ സത്യംചെയ്തുകൊണ്ട് പറയുന്നു, എന്റെ എല്ലാ സംശയങ്ങളും സന്ദേഹങ്ങളും ദൂരീകരിക്കപ്പെട്ടിരിക്കുന്നു. ലോകത്ത് ഇന്ന് ഏതെങ്കിലുമൊരു ജമാഅത്ത് ഇസ്ലാമിന്റെ പ്രാതിനിധ്യം വഹിക്കുന്നെങ്കിൽ അത് അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് തന്നെയാണെന്ന് ജൽസയിൽ പങ്കെടുത്ത് എനിക്ക് ദൃഢവിശ്വാസമുണ്ടായിരിക്കുന്നു.' അവർ പറയുന്നു: 'എനിക്ക് ജൽസയുടെ വീഡിയോകൾ കിട്ടുകയാണെങ്കിൽ ഞാൻ എന്റെ കുടുംബത്തിന് മുഴുവൻ ഈ സത്യവും യാഥാർത്യവും പരിചയപ്പെടുത്തിക്കൊടുക്കാൻ ആഗ്രഹിക്കുന്നു. അവസാനം ഞാൻ ദുആക്ക് അപേക്ഷിക്കുകയാണ്. അല്ലാഹു എന്റെ മുഴുവൻ കുടുംബത്തിനും അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്ലാമിൽ ഹൃദയംഗമമായ നിലയിൽ പ്രവേശിക്കാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ.'

ഗാബോണിന്റെ ബെനിനിലെ കൗൺസിലർ ജനറലായ ശാന്തൻ മാർഥ് ഈത്താലി സാഹിബ പറയുന്നു: 'ഇതിനുമുമ്പേ 50-ാമത് ജൽസാസാലാനയിൽ പങ്കെടുത്തിരുന്നു. ഇപ്പോൾ ഞാൻ 53-ാമത് ജൽസാസാലാനയിൽ വളരെ സന്തോഷത്തോടും മനസ്സിന്റെ ആഴത്തിൽനിന്നും നന്ദി വികാരങ്ങളോടുംകൂടി പങ്കെടുക്കുകയാണ്. ആത്മീയാന്തരീക്ഷമാണെന്ന് മുമ്പേയും അനുഭവപ്പെട്ടിരുന്നു. അതേ ആത്മീയാന്തരീക്ഷവും എല്ലാവർക്കും വേണ്ടിയുള്ള വികാരങ്ങളും ഇന്നുമുണ്ട്. എല്ലാ ചെറിയവരും വലിയവരും വൃദ്ധരും യുവാക്കളും കുട്ടികളും സ്ത്രീകളും സ്നേഹത്തോടെ പെരുമാറുന്നു. ഒരുക്കങ്ങളുടെ ബന്ധം പറയാൻ എന്റെ പക്കൽ വാക്കുകളില്ല. അഹ്മദിയ്യാ ജമാഅത്തിന്റെ സന്നദ്ധസേവകരുടെ വ്യവസ്ഥിതി അതുല്യമാണ്. എല്ലാ കാര്യങ്ങളും അതിന്റെ സ്ഥാനത്ത് തന്നെയായിരുന്നു. എല്ലാ കാര്യങ്ങളും ഉന്നതനിലവാരത്തിലുള്ളതായിരുന്നു. എല്ലാവരിലും എല്ലാ സന്നദ്ധസേവകരിലും വിനയമുണ്ടായിരുന്നു. സേവന വികാരങ്ങൾ നിറഞ്ഞുനിന്നിരുന്നു. എല്ലാത്തരം സേവനത്തിനും തയ്യാറായിരുന്നു. ഞാൻ എന്നെത്തന്നെയും ഈ അന്തരീക്ഷത്തിന്റെ ഭാഗമായി മനസ്സിലാക്കാൻ തുടങ്ങി. ഒരു അന്യതയും അനുഭവപ്പെട്ടില്ല. പ്രസംഗങ്ങളും വളരെ നല്ലതായിരുന്നു. അധ്യാപനങ്ങളാൽ നിർഭരമായിരുന്നു. ആതിഥ്യം വളരെ ഉദാത്തമായിരുന്നു. പ്രദർശനങ്ങൾ കാണാനും എനിക്ക് അവസരം കിട്ടി. പ്രദർശനങ്ങൾ അത്യുന്നതമായിരുന്നു.' അവർ പറയുന്നു: 'അഹ്മദിയ്യാ ചരിത്രം നല്ലരീതിയിൽ മനസ്സിലാക്കുന്നതിന് വളരെ പ്രയോജനപ്പെട്ടു. പ്രദർശനങ്ങളിൽ ഒരുപാട് അറിവുകളുണ്ടായിരുന്നു. പിന്നെ ജമാഅത്തുപരമായ സൃഷ്ടിസേവനത്തിന്റെ പ്രവൃത്തിയെക്കുറിച്ചും അറിയാൻ അവസരം കിട്ടി.'

ബെനിനി(Benin)ൽനിന്നുള്ള പാർലമെന്റംഗം കോംളാൻ പത്രാസ്(Comlan patrice)-ഇദ്ദേഹം ഫിനാൻസ് കമ്മീഷന്റെ തലവനുമാണ്. പറയുന്നു: 'ആദ്യമായാണ് അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസയിൽ പങ്കെടുക്കുന്നത്. ജൽസ എന്നെ വളരെ സ്വാധീനിച്ചു.' അദ്ദേഹം പറയുന്നു: 'ബെനിനിൽനിന്ന് ഇത്തരം ജൽസയിൽ പങ്കെടുക്കാനാണ് പോകുന്നതെന്ന് സങ്കല്പിച്ചതുപോലുമില്ല. ഈ ജൽസയിൽ എല്ലായ്പ്പോഴും എല്ലാ നിലയിലുള്ള ആളുകളും പങ്കെടുത്തിരുന്നു. പക്ഷേ, എന്നിട്ടും ഞാൻ ആരുടെ മുഖത്തുനിന്നും സന്തോഷമില്ലാത്ത ലക്ഷണം കണ്ടില്ല; എന്നെ ഒരുപാട് ശ്രദ്ധിച്ചു. ഞാൻ എയർപോർട്ടിൽ ഇറങ്ങിയതു മുതൽ ആതിഥ്യത്തിന്റെ അവസാനംവരെ ചെറിയവർ മുതൽ വലിയവർവരെ എല്ലാവരും ഒരുപാട് സേവിച്ചു. എല്ലാവരും തങ്ങളുടെ സുഖം ഉപേക്ഷി

ച്ച്, അതിഥിയുടെ സേവനത്തിന് തങ്ങളെ അർപണം ചെയ്തിരിക്കുന്നതായി തോന്നി.' പറയുന്നു: 'വിവിധ സംസ്കാരങ്ങളും വിവിധ ഭാഷകളും വിവിധ നിറക്കാരും വിവിധ വർഗക്കാരുമായ എല്ലാവരേയും പോലീസും സൈന്യവുമില്ലാതെ, നിങ്ങളെങ്ങനെയാണ് അച്ചടക്കത്തോടും ഒച്ചയും ബഹളവും വഴക്കും കലഹവും ഒന്നും കൂടാതെ ഏർപാട് ചെയ്തത്? പിന്നീട് ഞാൻ ചിന്തിക്കുകയാണ്. ഇത്രയധികം ആളുകൾ അവർ പലതരക്കാർ ആയിരുന്നിട്ടും ഒരു കലഹവുമില്ല.' അദ്ദേഹം പറയുന്നു: 'എന്റെ ചിന്തയുടെ ഫലം ഇതുതന്നെയാണ്. ഈ കാണാൻ കഴിയുന്നതെല്ലാം നിങ്ങളുടെ അധ്വാനവും അഹ്മദിയ്യാ ജമാഅത്തിന്റെ മേലുള്ള ദൈവ സഹായത്താലുമാണ് സാധ്യമായത്.' എന്റെ പ്രസംഗത്തെക്കുറിച്ച് പറയുന്നു: 'ആഗോള സമാധാനത്തിന് വളരെ നിർബന്ധമാണിത്.' പിന്നെ പ്രദർശനം വളരെ നന്നായിരുന്നു. ഇതിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രം വിവരിക്കപ്പെട്ടിരിക്കുന്നു. വീരമൃത്യുവരിച്ച അഹ്മദികളുടെ അനുഭവങ്ങൾ കേട്ട് എനിക്ക് വിഷമമുണ്ടായി. ഒരുപാട് കാര്യങ്ങൾ എനിക്കറിയാൻ കഴിഞ്ഞു.'

ഗാബോണി(Gabon)ലെ മുൻ പ്രധാനമന്ത്രിയും പാർലമെന്റ് അംഗവുമായ പാവൽ ബിയോഗേ സാഹിബ് ജൽസയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു: 'നൂറിലധികം രാജ്യങ്ങളിൽനിന്ന് ആയിരക്കണക്കിനാളുകൾ ജൽസയിൽ പങ്കെടുക്കുക എന്നത് എന്നെ സംബന്ധിച്ചിടത്തോളം ഒറ്റപ്പെട്ട അനുഭവമായിരുന്നു. അവരുടെ എല്ലാവരുടേയും ആവശ്യങ്ങൾ ശ്രദ്ധിക്കുന്നതിനുവേണ്ടി സന്നദ്ധസേവകരുടെ ഒരു വലിയ വിഭാഗം രാപ്പകൽ ജോലി ചെയ്തു. ചെറിയവരും വലിയവരും വൃദ്ധരും കുട്ടികളും സ്ത്രീകളും എല്ലാവരും സേവനം ചെയ്യാൻ എപ്പോഴും തയ്യാറായിരുന്നു. അപ്രിയങ്കരമായ ഒരു സംഭവവുമുണ്ടായില്ല. ജൽസയിൽ അവതരിപ്പിക്കപ്പെട്ട പ്രഭാഷണങ്ങളിൽനിന്ന് എനിക്ക് ഇസ്‌ലാമിനെയും പ്രത്യേകമായ നിലയിൽ അഹ്ദിയ്യത്തിനെയും കുറിച്ച് ഒരുപാടുകാര്യങ്ങൾ മനസ്സിലാക്കുവാൻ അവസരം ലഭിച്ചു. ഞങ്ങളുടെ രാജ്യത്ത് അഹ്മദിയ്യത്ത് ഇപ്പോൾ പുതിയതാണ്. ഞാൻ അഹ്മദിയ്യത്തിനേയും മറ്റു മുസ്‌ലിമീങ്ങളെപോലെയാണ് മനസ്സിലാക്കിയിരുന്നത്. പക്ഷേ, ജൽസയിൽ പങ്കെടുക്കുന്നതിന് ഞാൻ ക്ഷണിക്കപ്പെട്ടപ്പോൾ ഇവർ എത്തരക്കാരാണെന്ന് പോയിനോക്കാമെന്ന് കരുതി. ലോക സമാധാനം കെടുത്തുന്നതും ടി.വി.യിലൂടെ നാം കാണുന്നതുമായ ഇസ്‌ലാം തന്നെയാണോ അഹ്മദിയ്യത്തിന്റേതും? പക്ഷേ, ഇവിടെ വന്ന് നിങ്ങളുടെ പ്രവൃത്തികൾ കണ്ടപ്പോൾ അതെന്നെ വളരെയധികം സ്വാധീനിച്ചു. നിങ്ങൾ അധ്വാനിക്കുന്ന ആളുകളാണ്. നിങ്ങളുടെ ഇസ്‌ലാമാണ് യഥാർഥ ഇസ്‌ലാം. ഇന്ന് ലോകത്തിന് ഇതിന്റെ ആവശ്യമുണ്ട്. എന്റെ രാജ്യത്തിനും ഈ ഇസ്‌ലാമിന്റെ ആവശ്യമുണ്ട്.'

ഗാബോണിലെ വിദേശകാര്യ മന്ത്രാലയത്തിലെ ഡയറക്ടർ കാബിനറ്റായ പാസിദെ ഒലുബ ഓഡുൻഗാ സാഹിബ് (Pacide Olouba Odounga) പറയുന്നു: 'ജൽസയുടെ അന്തരീക്ഷം വളരെ നല്ലതായിരുന്നു. ഒരിക്കലും മറക്കാനാവാത്ത വലിയ ആത്മീയ അന്തരീക്ഷമായിരുന്നു അത്. ജൽസയുടെ ഒരുക്കങ്ങളിൽ വളരെ ആകർഷിതനാണ്. ഒരു ചൈൻ(chain)പോലെ ചെറിയവരും വലിയവരുമായ എല്ലാവരും ബന്ധിതരായി ജോലി ചെയ്യുകയായിരുന്നു.' വീണ്ടും പറയുന്നു: 'അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസയിൽ പങ്കെടുത്ത് എനിക്ക് ഖുർആനിലും ബൈബിളിലും വിവരിക്കപ്പെട്ടിരിക്കുന്ന അധ്യാപനങ്ങളുടെ കർമപരമായ മാതൃക കാണാൻ അവസരം ലഭിച്ചു. എല്ലാവരും ഒരു കുടുംബത്തിന്റെ രൂപത്തിൽ കഴിഞ്ഞിരുന്നു.' ഇപ്രകാരംതന്നെ അദ്ദേഹം പിന്നീട് എന്റെ പ്രസംഗത്തെ കുറിച്ച്, തന്നെ വളരെ സ്വാധീനിച്ചുവെന്നും പറഞ്ഞു. ജൽസയിൽ പങ്കെടുത്തതിലൂടെ ഒരുപാട്കാര്യങ്ങൾ പഠിക്കാനും ഇസ്‌ലാമിനെ കുറിച്ച് ഒരുപാട് അറിയുവാനും മനസിലാക്കുവാനും സൗഭാഗ്യമുണ്ടായി. ഞാൻ മുസ്‌ലിമല്ല. എന്നാലും ഞാൻ എന്നെ ഇപ്പോൾ മുസ്‌ലിമായി കണക്കാക്കുന്നു. ഇപ്രകാരംതന്നെ എനിക്ക് ജൽസയ്ക്കിടയിൽ വിവിധ എക്സിബിഷനുകൾ, സ്റ്റാളുകൾ തുടങ്ങിയവയും കാണാൻ അവസരം കിട്ടി. അതുമുഖേന എന്റെ അറിവുകൾ വർധിച്ചു.'

സെൻട്രൽ ആഫ്രിക്കൻ റിപ്പബ്ലിക് പ്രസിഡന്റിന്റെ നിയമോപദേഷ്ടാവായ ഹയ്രി അലീഗോനേസ സാഹിബ് പറയുന്നു: 'ജൽസയുടെ ഒരുക്കങ്ങളെല്ലാം ഉന്നതമായിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ സന്നദ്ധസേവകർ അവരിൽ കുട്ടികളും യുവാക്കളും വൃദ്ധരുമെല്ലാമുണ്ട്. ജീവിതത്തിന്റെ എല്ലാ തലങ്ങളുമായി ബന്ധം വെക്കുന്നവരുമുണ്ട്, അവർ കാലത്തിന്റെ ഖലീഫയെ അനുസരിച്ചുകൊണ്ട് തങ്ങളുടെ മെച്ചപ്പെട്ട ഒരുക്കങ്ങളുടെ തെളിവുകൾ നല്കി. അഹ്മദിയ്യാ ജമാഅത്തിന് ഒരു ഉദ്ദേശ്യലക്ഷ്യമുണ്ട്. അത് ലോകത്ത് സാഹോദര്യബന്ധം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. അതിനുവേണ്ടി അവർ രാവും പകലും അധ്വാനിക്കുന്നു. ലോകത്തിലെ മറ്റ് സംഘടനകളിൽ ഈ ഉദാത്തമായ ആത്മാർഥതയ്ക്കു കുറവ് സംഭവിച്ചിരിക്കുന്നു.' പിന്നീട് പറയുന്നു: 'ഉന്നതമായ ഇസ്‌ലാമികാധ്യാപനങ്ങളാണ് നിങ്ങൾ അവതരിപ്പിക്കുന്നത്. അതെല്ലാം മനസ്സിൽ മതിപ്പുളവാക്കുന്നതായിരുന്നു. ഈ അധ്യാപനങ്ങളും സ്നേഹവും ആളുകൾ അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ച് പ്രചരിപ്പിക്കുന്നതും തങ്ങളുടെ അറിവുകേടും അറിവു കുറവും കാരണത്താൽ അഹ്മദിയ്യാ ജമാഅത്തിനെ അപകീർത്തിപ്പെടുത്തുന്നതുമായ കാര്യങ്ങളിൽനിന്ന് തികച്ചും വ്യത്യസ്തമാണ്. ഈ അവസരത്തിൽ ഞാൻ എന്റെയും എന്റെ രാജ്യത്തിന്റെയും പേരിൽ ഈ വിജയപ്രദമായ ജൽസയുടെ ഒരുക്കങ്ങൾക്ക് ആശംസകൾ അറിയിക്കുന്നു. ഞാൻ അഹ്മദിയ്യാ ജമാഅത്തിന് ക്ഷണം നല്കുകയാണ്, നിങ്ങൾ എന്റെ രാജ്യത്തുംവന്ന് ഈ അധ്യാപനങ്ങളും സ്നേഹവും പ്രചരിപ്പിക്കുക. എന്റെ രാജ്യം നിരവധി വർഷങ്ങളായി ഉണ്ടായിരുന്ന ആഭ്യന്തര യുദ്ധങ്ങൾക്ക് ഒടുവിൽ ശാന്തിയിലേക്ക് ഇപ്പോൾവന്ന് കൊണ്ടിരിക്കുന്നു. ഈ അധ്യാപനങ്ങൾകൊണ്ട് രാജ്യത്ത് ദീർഘകാലം നിലനില്ക്കുന്ന സമാധാനം സ്ഥാപിതമാകാൻ സാധ്യതയുണ്ട്.' അദ്ദേഹം പറയുന്നു: 'ഈ അന്തരീക്ഷം എനിക്ക് മറക്കാനാവാത്ത ഒരു സംഭവമാണ്. ഞാൻ എല്ലാവർഷവും ജൽസയിൽ പങ്കെടുത്ത് ആത്മശാന്തി നേടിയെടുക്കാൻ ശ്രമിച്ച്കൊണ്ടേയിരിക്കുന്നതാണ്. അതിനുവേണ്ടി ഞാൻ ദുആയും ചെയ്യുന്നു.' വീണ്ടും പറയുന്നു: 'ഇനി ഞാൻ തിരിച്ച് ചെന്ന് അഹ്മദിയ്യാ ജമാഅത്തിന്റെ സന്ദേശം മറ്റുള്ളവർക്ക് എത്തിക്കുന്നതാണ്. ഇതാണ് യഥാർഥ ഇസ്‌ലാം.'പിന്നീട് ആഗോള ബയ്അത്തിനെ കുറിച്ച് പറയുന്നു: 'അതെന്നിൽ വല്ലാത്ത സ്വാധീനമാണ് ചെലുത്തിയത്. ഞാൻ അഹ്മദിയ്യല്ല. പക്ഷേ, അങ്ങ് ബയ്അത്ത് വാങ്ങുമ്പോൾ ഞാനെന്നോടു വാഗ്ദാനം ചെയ്യുകയായിരുന്നു; ഈ ജമാഅത്തിനെ കഴിവിന്റെ പരമാവധി എന്റെ നാട്ടിൽ സഹായിക്കുമെന്ന്. ഞാനുമായി അദ്ദേഹത്തിന്റെ കൂടിക്കാഴ്ചയും നടന്നു. എന്നോട് അദ്ദേഹം പറഞ്ഞു. ഇനി താങ്കൾ എന്നെ സെൻട്രൽ ആഫ്രിക്കൻ പബ്ലിക്കിൽ അങ്ങയുടെ അംബാസിഡറായി മനസ്സിലാക്കിക്കൊള്ളുക.'

പരാഗ്വേയിലെ വൈസ് മിനിസ്റ്റർ ഓഫ് റിലീജ്യൺ ഫെർണാണ്ടോ ഗ്രിഫിത് (Fernando Griffith)സാഹിബ് ജൽസയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു: 'അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ച് അറിഞ്ഞ് എനിക്ക് വളരെ സന്തോഷമായി. നിരവധിയാളുകൾ സന്നദ്ധസേവകർ എന്ന നിലയിൽ സേവനം ചെയ്യുന്നത് കണ്ട് വളരെ നല്ലതായി തോന്നി. ഒരു കൂട്ടായ ഉദ്ദേശ്യത്തിനുവേണ്ടി കൂടിച്ചേർന്ന് ജോലി ചെയ്തുകൊണ്ടിരിക്കുന്നു. പരാഗ്വേക്ക് ഒരു രാജ്യമെന്ന നിലയിൽ അങ്ങയുടെ ജമാഅത്തിൽനിന്ന് വളരെയധികം പഠിക്കാൻ കഴിയും.' പിന്നീട് എന്റെ പ്രസംഗത്തെ കുറിച്ച് പറയുന്നു: 'കുട്ടികളുടെ വിദ്യാഭ്യാസത്തിലും ശിക്ഷണത്തിലും വളരെയധികം സമ്മർദ്ദം ചെലുത്തി. അതുപോലെതന്നെ ബന്ധുമിത്രാദികളോടു നല്ല ബന്ധം നിലനിറുത്തുന്നതിനെ സംബന്ധിച്ചും ശക്തിചെലുത്തി.' സ്ത്രീകളേയും കുട്ടികളേയും കുറിച്ച് ഇസ്‌ലാമികാധ്യാപനങ്ങളുടെ വെളിച്ചത്തിൽ വിവരിച്ചത് അദ്ദേഹത്തിന് പ്രത്യേകമായ നിലയിൽ ഇഷ്ടപ്പെട്ടു. മറ്റു ഒരുക്കങ്ങളെ സംബന്ധിച്ച് അദ്ദേഹം പറയുന്നു: 'താൽക്കാലികമായിരുന്നിട്ടും എല്ലാം ഉദാത്തമായിരുന്നു.'

മോസ്കോയിൽനിന്ന് വന്ന ഇൽദാർ സഫാൻ (Ildan Safar) സാഹിബ് ജൽസയിൽ പങ്കെടുത്തതിനുശേഷം പറഞ്ഞു: 'നമ്മൾ ഒരു കുടുംബമാണ്. ഞാൻ ആദ്യമായാണ് മോസ്കോയിൽനിന്ന് ജൽസസാലാനയിൽ പങ്കെടുക്കാൻ വന്നത്. ഞങ്ങൾക്ക് ജൽസസാലാന വളരെ ഇഷ്ടപ്പെട്ടു. ഞങ്ങൾ ഭാവിയിൽ ദീർഘകാലംവരെ അത് ഓർമിച്ചുകൊണ്ടിരിക്കും. ഞങ്ങളുടെ സുഹൃത്തുക്കളോടും ആ ഓർമകളെക്കുറിച്ച് പറയും. എല്ലാ ഒരുക്കങ്ങളും വളരെ നല്ലതായിരുന്നു. സന്നദ്ധസേവകരുടെ ജോലി വളരെ മികച്ചതായിരുന്നു. അവർ സന്തോഷത്തോടുകൂടി പെരുമാറിയിരുന്നു. പുഞ്ചിരിക്കുന്ന മുഖവുമായി സദാ സേവനത്തിന് തയ്യാറായിരുന്നു. ചെറിയ കുട്ടികൾ സന്നദ്ധസേവകരായി പണിയെടുക്കുന്നതു കണ്ട് വളരെ സന്തോഷം തോന്നി.' അദ്ദേഹം പറയുന്നു: എല്ലായിടത്തും ഞങ്ങളെ നിങ്ങൾ നല്ലവണ്ണം നോക്കി; സ്വന്തമെന്നതിന്റെ പ്രകടനമായിരുന്നു അത്.'

ബ്രസീൽ(Brazil) ലിൽനിന്നുള്ള ഒരു അതിഥിയായിരുന്നു മോറോ ഹെൻറിക്(Mouro Henrique). ഇദ്ദേഹം പെട്രോ പോലിസ്(Petropolis) സിറ്റി കൗൺസിലിന്റെ അധ്യക്ഷനാണ്. അദ്ദേഹം പറയുന്നു: 'എന്റെ രാജ്യമായ ബ്രസീലിന്റെ പ്രതിനിധിയായി ഈ മഹത്തായ ഇസ്‌ലാമിക ജൽസസാലാനയിൽ പങ്കെടുക്കുവാൻ സാധിച്ചതിൽ എനിക്ക് അതിരറ്റ സന്തോഷമുണ്ട്. കാലത്തിന്റെ ഖലീഫയുടെഎല്ലാ പ്രഭാഷണങ്ങളും യാഥാർഥ ഇസ്‌ലാമിന്റെ തൊട്ടിലാണ്. അദ്ദേഹം പറഞ്ഞ

**ഹദീഥുന്നബ്‌വി (സ):**

***ആഇശ(റ)പറയുന്നു:'നബി(സ)തിരുമേനിക്ക് തുടക്കത്തിൽ ലഭിച്ച ദൈവികസന്ദേശങ്ങളുടെ ആരംഭം ഉറക്കത്തിൽ ദൃശ്യമാകുന്ന നല്ല സ്വപ്നങ്ങളായിരുന്നു. അവിടന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതോദയംപോലെ സ്പഷ്ടമായി പുലർന്നുകൊണ്ടണ്ടിരുന്നു.'***

***(ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 3)***

**ത്വാലിബെ ദുആ**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**

**ഹദീസുന്നബ്‌വി(സ)**

**നബി(സ)തിരുമേനി പറഞ്ഞു: 'പ്രവർത്തനങ്ങൾക്ക് പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക.'**

**(ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 1)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala.**

കാര്യങ്ങൾ സ്വയമേവ മനസ്സിൽ ഇറങ്ങിപ്പോകുന്നു. ഞാൻ ജൽസയുടെ മൂന്ന് ദിനങ്ങൾ ആത്മീയാന്തരീക്ഷത്തിൽ കഴിച്ചുകൂട്ടി. ഒരുതരത്തിലുള്ള ക്ഷീണമോ തളർച്ചയോ അനുഭവപ്പെട്ടിരുന്നില്ല. ജൽസയിലെ നമസ്കാരങ്ങളിൽ ഒരേ ശബ്ദത്തിൽ എല്ലാവരും എഴുന്നേൽക്കുകയും ഇരിക്കുകയും ചെയ്യുന്ന ദൃശ്യം എന്നിൽ അസാധാരണവും അത്ഭുതമുളവാക്കുന്നതുമായ ഒന്നായിരുന്നു.' ഇദ്ദേഹം മുസ്‌ലിമല്ല, പക്ഷേ, കണ്ണെടുക്കാതെ നോക്കിക്കൊണ്ടിരുന്നു. അദ്ദേഹം പറയുന്നു: 'ഇതുകൂടാതെ മറ്റൊരു കാര്യം എന്നിൽ വളരെയധികം സ്വാധീനമുണ്ടാക്കിയിരിക്കുന്നു. അത് വിവരണാതീതമാണ്. അതായത് ഖലീഫ എവിടെ വന്നാലും ആയിരക്കണക്കിന് വരുന്ന ജനസമൂഹം ഒറ്റയടിക്ക് നിശബ്ദരായിത്തീരുന്നു. ആരോടും അതിനെ കുറിച്ചു ഒന്നും പറയേണ്ട ആവശ്യമില്ല. ഇതിൽനിന്ന് മനസ്സിലാകുന്നത്, ഇതൊരു സംവിധാനമല്ല. മറിച്ച് എല്ലാവരുടെയും ഹൃദയങ്ങളിൽ ഖലീഫയോടുള്ള അവാച്യമായ ആദരവും ബഹുമാനവും കുടികൊള്ളുന്നു എന്നാണ്. ഈ ഓർമകളുമായാണ് ഞാൻ തിരിച്ച് പോകുന്നത്. എനിക്ക് അനുഭവപ്പെട്ടത് ഞാൻ എന്റെ സെൻട്രലിലും കൗൺസിലിലും പ്രചരിപ്പിക്കുന്നതാണ്. യാഥാർഥ ഇസ്‌ലാം ഇതാകുന്നു.'

ഇക്വഡോർ(Ecuador)റിൽ നിന്ന് വന്ന ഓർലി മെസിയാസ്(Orli Mesias)-അദ്ദേഹം തന്റെ പ്രദേ ശത്തെ ബിഷപ്പാണ്-പറയുന്നു: 'ജൽസയുടെ സംവിധാനങ്ങളെല്ലാം വളരെ ഉന്നതമായിരുന്നു. ഭക്ഷണം എന്നെ സംബന്ധിച്ചിടത്തോളം വിഭിന്നമായിരുന്നു. പക്ഷേ, എനിക്കിഷ്ടപ്പെട്ടു. ഒരു വലിയ കുടുംബത്തെ വിളിച്ചു വരുത്തിയതുപോലെയായിരുന്നു അന്തരീക്ഷം. അതിൽ ഒരു പരിചയക്കുറവും ഉണ്ടായിരുന്നില്ല. പരസ്പരം അറിയാത്തവർ ആയിരുന്നിട്ടും സ്വന്തക്കാരുടേയും സമാധാനത്തിന്റേയും തോന്നലായിരുന്നു. ഖലീഫയുടെ പ്രഭാഷണങ്ങളിൽ നമ്മുടെ വീക്ഷണഗതിയെ മാറ്റുന്നതിനുള്ള എല്ലാ നിർബന്ധകാര്യങ്ങളും അടങ്ങിയതായിരുന്നു. എനിക്ക് ആ പ്രഭാഷണങ്ങളിൽ ഏറ്റവും മനോഹരമായി തോന്നിയത് അദ്ദേഹം ഏതെങ്കിലും സമൂഹത്തിന്റേയോ മതത്തിന്റേയോ നെഗറ്റീവായിട്ടുള്ള കാര്യങ്ങളൊന്നും സ്പർശിക്കാതെ ഇസ്‌ലാമിന്റെ യഥാർഥവും പോസിറ്റീവുമായിട്ടുള്ള അധ്യാപനങ്ങൾ വിവരിക്കുന്നതിന് ഊന്നൽ നല്കി എന്നതായിരുന്നു.' അദ്ദേഹം പറയുന്നു:'അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം തന്റെ പ്രസംഗത്തിൽ ഒരു ഹദീഥ് വായിക്കുകയുണ്ടായി. അതിൽ പറഞ്ഞത് അല്ലാഹു ഖിയാമത്തുന്നാൾ ചോദിക്കുന്നതായിരിക്കും, ഞാൻ വിശന്നവനായിരുന്നു, നിങ്ങളെനിക്ക് ഭക്ഷണം തന്നില്ല, ഞാൻ ദാഹിച്ചവനായിരുന്നു, നിങ്ങളെനിക്ക് വെള്ളം തന്നില്ല. ഞാൻ നഗ്നനായിരുന്നു, നിങ്ങളെനിക്ക് വസ്ത്രം തന്നില്ല എന്നായിരുന്നു. ഇതേ കാര്യം ബൈബിളിലും രേഖപ്പെടുത്തിയിട്ടുണ്ട്. അതെന്റെ മനസ്സിനെ വല്ലാതെ ആകർഷിച്ചു. ഈ എല്ലാ അധ്യാപനങ്ങളും ദൈവത്തിൽനിന്നു തന്നെയുള്ളതാണെന്ന് പിന്നീട് എനിക്കു മനസ്സിലായി.' അല്ലാഹു അദ്ദേഹത്തിന് ഈ അധ്യാപനങ്ങൾ ഏതൊരു ദൈവത്തിൽനിന്നാണോ ഉള്ളത് ആ ദൈവമാണ് നബി(സ)തിരുമേനിയെ അയച്ചതെന്ന കാര്യവും മനസ്സിലാക്കാൻ സൗഭാഗ്യവും നല്കുമാറാകട്ടെ. ഇക്കൂട്ടർ ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ വിശ്വസിക്കുന്നവരുമാകട്ടെ.' ഇദ്ദേഹം പറയുന്നു: 'ഞാൻ ഈ ജൽസക്കുവേണ്ടി വീട്ടിൽ നിന്ന് പുറപ്പെടുമ്പോൾ എന്റെ മനസ്സിൽ ഇസ്‌ലാമിന് വെറും ഒരു മതമെന്ന നിലയെക്കാൾ ഒരു പ്രാധാന്യവും ഉണ്ടായിരുന്നില്ല. എന്നാൽ, ഇവിടെ വന്ന് ഞാൻ കണ്ടത് ഇസ്‌ലാം ഒരു മതം മാത്രമല്ലെന്നും അത് ഒരേവംശത്തിലുള്ളവരുടെ കൂട്ടായ്മയാണെന്നും ഒരു കുലവും ഒരു കുടുംബവും ഒരൊറ്റ ഫാമിലിയുമാണെന്നുമാണ്. ഇസ്‌ലാം സ്ഥാപിച്ച സാഹോദര്യബന്ധവും നിങ്ങൾ നിങ്ങളുടെ മതത്തിന് ചെയ്യുന്ന പരിശ്രമവും ത്യാഗങ്ങളും കണ്ട് ഞാൻ വളരെയധികം ആകർഷിതനായിരിക്കുന്നു.' പിന്നെ ആഗോള ബയ്അത്തിനെ കുറിച്ച് പറയുന്നു: 'എനിക്ക് ആദ്യം തോന്നിയത് ഈ പരിപാടി പങ്കെടുക്കുന്ന എല്ലാവർക്കുംവേണ്ടി ഒരു പ്രത്യേക പ്രാധാന്യം വഹിക്കുന്നുവെന്നാണ്. എന്നാൽ, ബയ്അത്ത് തുടങ്ങിയതോടെ ആരോ എന്റെ തോളിൽ കൈവച്ചു. ഞാനും എന്റെ മുന്നിൽ ഇരിക്കുന്ന വ്യക്തിയുടെ തോളിൽ കൈവച്ചു. ജൽസയിൽ പങ്കെടുക്കുന്ന എല്ലാവരിലൂടെയും ഒരു മിന്നൽ കടന്ന് പോയിക്കൊണ്ടിരിക്കുന്നതായി എനിക്ക് അനുഭവപ്പെട്ടു. അത് എനിക്ക് പ്രത്യേകമായി മനസ്സിലാക്കാൻ സാധിച്ചത്, അഹ്മദികൾ ബയ്അത്തിനുശേഷം ഒരു പുതുശ്വാസം അനുഭവിക്കുന്നുവെന്നാണ്. അപ്രകാരം അവർക്ക് ഒരു നവജീവിതം ലഭിച്ചിരിക്കുന്നു. എനിക്ക് ജൽസയിൽ പങ്കെടുക്കാൻ അവസരം നല്കിയതിൽ ഞാൻ എല്ലാവരോടും നന്ദി പറയുകയാണ്. ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനത്തെ കുറിച്ച് എനിക്കു പറഞ്ഞുതന്നു. എനിക്ക് ഇപ്പോൾ പ്രധാനമായും മനസ്സിലായ കാര്യം, കുറച്ച് ആളുകളുടെ തെറ്റായ പ്രവൃത്തികൾ കാരണത്താൽ മുഴുവൻ ഇസ്‌ലാമും തെറ്റാണെന്ന് മനസ്സിലാക്കരുതെന്നാണ്.' ഒരു കാര്യം തർജമ വകുപ്പിനെ കുറിച്ച് പറയട്ടെ. അദ്ദേഹം ഇത് എഴുതിയതാണ്. കുറവുകൾ നമ്മുടെ എം.ടി.എ യുടെ തർജമ വകുപ്പ് പരിഹരിക്കേണ്ടതാണ്. അദ്ദേഹം പറയുന്നു: ഇതിനുപുറമെ സ്പാനിഷ് തർജമ സംബന്ധമായാണ് ഞാൻ പറയുന്നത്. സ്പാനിഷ് തർജമ കസേരകളിൽമാത്രം പരിമിതമായിരുന്നു. ആരെങ്കിലും താഴെ ഇരുന്ന് കേൾക്കണമെന്ന് പറയുകയാണെങ്കിൽ അത് കവറേജിനു വെളിയിലാകുമായിരുന്നു. തർജമയുടെ ശബ്ദം അവിടെ എത്തിയിരുന്നില്ല. സ്പാനിഷ് തർജമയുടെ റേഞ്ച് വിപുലമാക്കേണ്ട ആവശ്യമുണ്ട്. സ്പാനിഷ് മാത്രമല്ല മറ്റുള്ളവയുടെ റേഞ്ചും ചെക്കു ചെയ്യേണ്ടതാണ്. ഈ അതിഥികൾ മുഖേന നമുക്ക് ചില കുറവുകളും അറിയാൻ കഴിയുന്നു.

സ്ലോവേനിയ(Slovenia)യിൽ നിന്നുള്ള ബാർബറാ ഹോസെവാർ(Barbara Hocevar)സാഹിബ ജൽസയിൽ വന്നിരുന്നു. ഇവർ ക്രിസ്തുമതത്തിന്റെ പ്രൊഫസറാണ്. അവർ പറയുന്നു: 'ഞാൻ ഒരിക്കലും തന്നെ അഹ്മദിയ്യാ ജമാഅത്ത് കാഴ്ചവയ്ക്കുന്ന തരത്തിലുള്ള ഒരു ഇസ്‌ലാമിനെ കണ്ടിട്ടില്ല. ജൽസ കണ്ടതിനുശേഷം എനിക്ക് തോന്നുന്നത് ഞാൻ ഒരുപുതിയ ഇസ്‌ലാമിനെ ദർശിച്ചുകൊണ്ടിരിക്കുന്നുവെന്നാണ്. നിങ്ങളുടെ ജൽസയുടെ ഒരുക്കങ്ങളെല്ലാം വളരെ നല്ലതും ഉദാത്തവുമായിരുന്നു. ഒരു പ്രശ്നവുമില്ല, ഒരു കലഹവുമില്ല, ഒരു അഴുക്കുമില്ല. ഞാനിക്കാര്യത്തിൽ വളരെ ആകർഷിതയാണ്.' വീണ്ടും പറയുന്നു: 'ഹദ്റത്ത് ഈസ(അ)ന്റെ കുരിശുസംഭവത്തെയും അതുപോലെ പലായനത്തെയും മരണത്തെയും സംബന്ധിക്കുന്ന അഹ്മദിയ്യാ ജമാഅത്തിന്റെ ഗവേഷണങ്ങൾ ഏറ്റവും കൂടുതൽ വിശ്വാസാർഹവും യാഥാർഥ്യങ്ങളനുസരിച്ചുള്ളതുമാണെന്ന് മനസ്സിലാകുന്നു.'

ബോസ്നിയായിൽനിന്ന് ഒരു കുടുംബം പങ്കെടുത്തിരുന്നു. ഇദ്ദേഹം സർക്കാരുദ്യോഗസ്ഥനാണ്. ഈ കുടുംബത്തിന്റെ നാഥൻ സീനയ്ഡ് ബേജിക് (Senaid Begic)സാഹിബ് പാർലമെന്റംഗമാണ്. ഇദ്ദേഹം പറയുന്നു: 'എനിക്കും എന്റെ കുടുംബത്തിനും ഒരു സമാധാനനിർഭരവും ശാന്തിഭരിതവുമായ സ്നേഹത്തിന്റെ അന്തരീക്ഷത്തിൽ കുറച്ചു ദിവസം കഴിയാൻ അവസരം തന്നതിന് ഞാനേറ്റവുമാദ്യം അഹ്മദിയ്യാ ജമാഅത്തിന് നന്ദി പറഞ്ഞുകൊള്ളുന്നു. യു.കെ ജൽസ സാലാനയുടെ അനുഭവം ഞങ്ങൾക്ക് തികച്ചും പുതിയതായിരുന്നു. ഈ ജൽസയുടെ മനോഹാരിതയും സംഘടനാപരമായ വശവും വിവരിക്കാൻ എന്റെ കൈയിൽ വാക്കുകളില്ല. സംഘാടകർ ചെറുതിൽ ചെറുതായ കാര്യംപോലും ശ്രദ്ധിച്ചു. എല്ലാ സന്നദ്ധസേവകരും പുഞ്ചിരിച്ചുകൊണ്ട് തങ്ങളുടെ ചുമതലകൾ നിറവേറ്റി. ഹ്യൂമാനിറ്റി ഫസ്റ്റിന്റെ പ്രദർശനത്തിൽ എന്നോടു പറയപ്പെട്ടത് ഈ സൽക്കർമം തുടങ്ങാനുള്ള കാരണം എന്റെ രാജ്യമാണെന്നാണ്. ഇവിടെ യുദ്ധത്തിന്നിടയിൽ അഹ്മദിയ്യാ ജമാഅത്ത് അതുല്യമായ സേവനം കാഴ്ചവച്ചു. ഇന്നുംചെയ്തുകൊണ്ടിരിക്കുന്നു. ഇക്കാര്യങ്ങൾക്കെല്ലാം പുറമെ ഒരു പ്രത്യേക കാര്യം എന്നെയും എന്റെ കുടുംബത്തേയും ഏറ്റവും കൂടുതൽ ആകർഷിച്ചത്- പിന്നീട് ഞാനുമായി നടത്തിയ കൂടിക്കാഴ്ചയെ കുറിച്ചാണ് പറയുന്നത്- 'വളരെ നല്ല കൂടിക്കാഴ്ചയായിരുന്നു.' പിന്നീട് പറയുന്നു: 'ഇന്ന് ഞാൻ ഒരു കാര്യം വിളംബരം ചെയ്യുകയാണ്. ഞാൻ എന്റെ ജീവിതം മുഴുവൻ ഈ സുഹൃത്ത്ബന്ധത്തെ, ആത്മാർഥമായ ബന്ധത്തെ നിറവേറ്റുന്നതായിരിക്കും. ബോസ്നിയായിലും ഈ രാജ്യത്തിനു പുറത്തും കഴിവനുസരിച്ച് ഞാൻ ഈ ജമാഅത്തിനോടു എല്ലാ തരത്തിലുള്ള സഹായവും സ്വയം സമർപിക്കുന്നതായിരിക്കും.'

സ്ലോവേനിയ(Slovenia)യിൽ നിന്നുള്ള മുആനിസ് സിനാനോവിക് (Muanis Sinanovic) സാഹിബ് എഴുത്തുകാരനാണ്. ജന്മനാ മുസ്‌ലിമാണ്. എന്നാൽ, ഇസ്‌ലാമിനോട് അദ്ദേഹത്തിന് താൽപര്യം ഉണ്ടായിരുന്നില്ല. നാമമാത്ര മുസ്‌ലിമായിരുന്നു. അദ്ദേഹം പറയുന്നു: 'കഴിഞ്ഞ രണ്ട് വർഷമായി ഞാൻ ഇസ്‌ലാമിനെ കുറിച്ച് പഠിക്കാൻ തുടങ്ങിയിട്ട്. പിന്നീട് നമസ്കരിക്കാനും തുടങ്ങി. എന്നാൽ, ഒരു ഇമാമിനേയും പിന്തുർന്ന് നമസ്കരിച്ചിരുന്നില്ല. പക്ഷേ, ഇവിടെ വന്ന് ജമാഅത്തിനോടൊപ്പം ചേർന്ന് നമസ്കരിക്കുന്നതിലൂടെ ലഭിച്ച ആനന്ദം അത് തീർത്തും വ്യത്യസ്തമായ ഒരു ആനന്ദമാകുന്നു. കഴിഞ്ഞ രണ്ടു വർഷമായി ഞാൻ ഇസ്‌ലാമിനോടു താൽപര്യം കാണിക്കാൻ തുടങ്ങിയപ്പോൾ ഞാൻ ഒരു ഇസ്‌ലാമിക കമ്മ്യൂണിറ്റിയേയും ഇസ്‌ലാമിക ഇന്റർപ്രിട്ടേഷ(Interpretation)നേയും പിന്തുടർന്നിരുന്നില്ല. പ്രത്യുത സ്വയം മനസ്സോടും ബുദ്ധിയോടുംകൂടി ഇസ്‌ലാമിനെ മനസ്സിലാക്കാൻ ശ്രമിച്ചു പോന്നു. എന്തായാലും അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ച് ഞാൻ അറിഞ്ഞപ്പോൾ ഞാൻ ഇസ്‌ലാമിനെക്കുറിച്ച് മനസ്സിലാക്കിയിരുന്ന അതേ ഇസ്‌ലാം തന്നെയാണെന്ന് തോന്നി. അതായത് എല്ലാ കാര്യങ്ങളും പ്രകൃതിയ്ക്കനുസരിച്ചാണ്. അദ്ദേഹത്തിന് ഇഷ്ടപ്പെട്ട മറ്റൊരു കാര്യം, അഹ്മദികൾ എന്താണോ പറയുന്നത് അതുതന്നെയാണ് ചെയ്യുന്നത് എന്നതാണ്.' ഇത് നമുക്കുള്ള വളരെ വലിയ വെല്ലുവിളികൂടിയാണ്. എപ്പോഴും ഓർക്കേണ്ട കാര്യം, നമ്മുടെ വാക്കും പ്രവൃത്തിയും ഒന്നായിരിക്കണം. നാം പറയുന്നത് തന്നെ ചെയ്യേണ്ടതുമാണ്.

ഇസ്സത്ത് സാഹിബ് ഒരു റഷ്യൻ അതിഥിയാണ്.

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും**
**മലക്കുകളുടെ വലയത്തിനുള്ളിൽ വരുന്നതിനും,**
**നമ്മളിൽ ഓരോരുത്തരും വിശുദ്ധഖുർആൻ പഠിക്കുകയും**
**അത് മനസ്സിലാക്കുകയും നമ്മുടെ മക്കളെ പഠിപ്പിക്കുകയും**
**നിത്യവും ഖുർആൻ പാരായണം ചെയ്യാൻ**
**അവരെ ഉപദേശിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്.'**
**(ഖുത്ബാത്തെ മസ്റൂർ, വാല്യം 3, പേജ് 565)**

**ത്വാലിബെ ദുആ:**
**M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)**

അദ്ദേഹം പറയുന്നു: 'ആദ്യമായാണ് ജൽസയിൽ പങ്കെടുക്കുന്നത്. എന്റെ പിതാമഹൻ എന്നോടു ജൽസയിൽ പങ്കെടുക്കാൻ പറഞ്ഞു. ഇപ്രാവശ്യം പങ്കെടുക്കാൻ അദ്ദേഹത്തിന്റെ പിതാമഹൻ പറഞ്ഞു. നിന്നെ അഹ്മദി വിളിക്കുകയാണെങ്കിൽ പോകുക. അദ്ദേഹം പറയുന്നു: അത്ഭുതകരമായ കാര്യമെന്താണെന്നാൽ, ഞാൻ ഈ ജമാഅത്തിലെ ആളുകളെ കണ്ട് അത്ഭുതകരമായ അവസ്ഥയിലാണ്. ജൽസയിൽ പങ്കെടുത്ത എല്ലാ അഹ്മദികളും നല്ലരീതിയിൽ പെരുമാറിയിരുന്നു. എപ്പോഴും സഹായിക്കാൻ തയ്യാറായിരുന്നു. എല്ലാ ദുർഘടഘട്ടങ്ങളിലും നല്ല അഭിപ്രായം നല്കുന്നു.

ഹോളണ്ടിൽനിന്ന് ഒരു സംഘമാളുകൾ വന്നിരുന്നു. അതിൽ മുൻപാർലമെന്റംഗമായ വാൻ ബൊമ്മൽ (Van Bommel)സാഹിബും ഒരു മനഃശാസ്ത്ര വിദഗ്ദ്ധയും പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു: 'ജമാഅത്തിനെ എനിക്ക് നല്ലവണ്ണം അറിയാം. മുമ്പേയും ജൽസയിൽ പങ്കെടുത്തുകഴിഞ്ഞിട്ടുണ്ട്. പക്ഷേ, ഇപ്രാവശ്യവും ആകർഷണീയമായ ഒരുക്കങ്ങളാണ് നടത്തിയിരുന്നത്. എങ്ങനെ സന്നദ്ധസേവകർ ഇത്രമാത്രം ഉഗ്രമായ രീതിയിൽ ഈ എല്ലാ ഒരുക്കങ്ങളും നടത്തുവെന്ന് മനസ്സിലാക്കുന്നതിൽ ഞാൻ അശക്തനാണ്.'

മിസ് നക്കീത്ത ഇറാനീ വംശജയാണ്. അവരും ജൽസയുടെ ഒരുക്കങ്ങൾ കണ്ട് അത്ഭുതപ്പെട്ടിരുന്നു; ജമാഅത്ത് എങ്ങനെയാണ് ഇത്ര വിശാലമായ സ്ഥലം കരസ്ഥമാക്കിയത്? എങ്ങനെയാണ് ഈ ഒരുക്കങ്ങളെല്ലാം നടന്നുകൊണ്ടിരിക്കുന്നത്?' ഹദ്റത്ത് സൽമാനുൽ ഫാരിസി(റ)യെ ഉദ്ധരിച്ച് അവരെ പരിചയപ്പെടുത്തുകയും ചെയ്തു; മസീഹ് മൗഊദിന്റെ ആഗമനത്തെ കുറിച്ച് തബ്ലീഗ് ചർച്ചയും അവരുമായി നടന്നു. എന്തായാലും അവരിൽ നല്ല സ്വാധീനമാണുണ്ടായത്. നല്ല അഭിപ്രായവുമായാണ് പോയത്.

ഇറ്റലിയിൽനിന്നുള്ള ദേഹമാണ് വാസ്കൊ (Vasco) സാഹിബ്. അദ്ദേഹം നേപ്പസ് (Neples) യൂണിവേഴ്സിറ്റിയിൽ ഇസ്ലാമിക കർമശാസ്ത്രത്തിന്റേയുംശരീഅത്തിന്റേയുംപ്രൊഫസറാണ്.അദ്ദേഹം പറയുന്നു: 'എനിക്ക് ജൽസസാലാന വിജയപ്രദമായിരുന്നു. ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ സമാപനപ്രഭാഷണം കേട്ടു. എനിക്ക് വളരെ ഇഷ്ടപ്പെട്ടു. പ്രത്യേകിച്ചും അത് കുടുംബത്തോടും കുട്ടികളോടുമുള്ള കടമകളെ സംബന്ധിച്ചും സ്ത്രീകളോടുള്ള കടമകളെ കുറിച്ചുമായിരുന്നു. അദ്ദേഹം പറഞ്ഞു: 'ഞാൻ ആഗോള ബയ്അത്തിലും പങ്കെടുത്തു. ഈ പരിപാടിയിൽ ഞാൻ വളരെയധികം വികാരാധീനനായിപ്പോയി.'

വത്തിക്കാ(Vatican)നിലെ ഇസ്ലാമി ആന്റ് അറബി യൂണിവേഴ്സിറ്റിയിൽ നിന്ന് പി.എച്ച്.ഡി ഡിഗ്രി കരസ്ഥമാക്കിയിട്ടുള്ള ഇറ്റലിയിൽ നിന്നുള്ള മെഡലിന(Madalena) സാഹിബ പറയുന്നു: 'ജൽസസാലാന വളരെ നല്ല ആകർഷണീയവും സമാധാനപരവും അതുപോലെ സ്നേഹനിർഭരവുമായിരുന്നു. സംവിധാനങ്ങളെല്ലാം മികച്ചതായിരുന്നു. പ്രഭാഷണങ്ങളും ഉന്നതമായിരുന്നു. അത് അഹ്മദികളുടേതു മാത്രമല്ല മറിച്ച് എല്ലാ അതിഥികളുടെയും അറിവ് വർധിപ്പിക്കുന്നതായിരുന്നു. ഇതുപോലെതന്നെ അഹ്മദിയ്യത്തിനെ പ്രത്യേകിച്ചും ഇസ്ലാമിനെ കൂടുതൽ പരിചയപ്പെടുത്തുന്ന കാര്യങ്ങൾ വളരെ നല്ലതായിരുന്നു.'

ഫ്രാൻസിലെ മിനിസ്റ്ററി ഒഫ് ജസ്റ്റിസിനുവേണ്ടി പ്രവർത്തിക്കുന്ന ജാവദ് ബൗലാമായി സാഹിബ് (Jawad Boulaamayi) പറയുന്നു: 'ആദ്യമായാണ് ജൽസയിൽ പങ്കെടുക്കുന്നത്. നിങ്ങളുടെ ജമാഅത്തിനെ ഇത്രമാത്രം അടുത്തുനിന്ന് വീക്ഷിക്കാൻ അവസരം കിട്ടിയത് വളരെ സന്തോഷകരമായ കാര്യമാണ്. ജൽസയിലെ ദിനങ്ങളിൽ IAAAE യുടെയും ഹ്യൂമാനിറ്റി ഫസ്റ്റിന്റെയും എക്സിബിഷനുകളിൽ ചെന്ന് നിങ്ങളുടെ വിജയകരമായ പ്രവർത്തനങ്ങളെ ദർശിച്ചതിൽ ഞാൻ വളരെയധികം പ്രഭാവിതനായിരിക്കുന്നു. യഥാർഥ ദീൻ ഇതാകുന്നു, അതായത് ഒരുവിധ വർഗവർണ വ്യത്യാസം കൂടാതെ മനുഷ്യരെ സേവിക്കുക. സെക്യൂരിറ്റി ഏർപ്പാടുകളും പൊതുവായ മറ്റു ഒരുക്കങ്ങളും കണ്ടു. വളരെ ആകർഷിതനായി. എല്ലാ ഏർപാടുകളിലും വലിയ പ്രൊഫഷണലിസമുണ്ട്.'

ജ്യൂറിസ്റ്റും(Jurist) വക്കീലുമായ സ്പെയിൻ (Spain)നിൽ നിന്ന് വന്ന സംഘത്തിലെ ഒരു അതിഥി സുസാന മൊറാലസ്(Susana Morales) 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്നതിനെ സ്മരിച്ചുകൊണ്ട് പറയുന്നു:'എന്റെ വീക്ഷണത്തിൽ ഈ വാക്യം പൂർണമായ നിലയിൽ ഈ ഗംഭീരമായ സമ്മേളനത്തെ പ്രതിബിംബിപ്പിച്ചുകൊണ്ടിരിക്കുന്നു. ഞാൻ വിവിധതരക്കാരായിട്ടുള്ളവർ പരസ്പരം കൂടിക്കാഴ്ച നടത്തുന്നതായി കണ്ടു. ലോകത്ത് സമാധാന സംസ്ഥാപനത്തിന്റെ ശ്രമത്തിനും അനീതിക്കെതിരെയുള്ള പോരാട്ടത്തിനും പോകേണ്ട മതമാണിത്. ഈ കുറച്ചു ദിനങ്ങൾ എന്റെ മനസ്സിൽ എപ്പോഴും കൊത്തിവച്ചിരിക്കുമെന്നതിൽ സംശയമില്ല. ഞാനൊരിക്കലും വിസ്മരിക്കുകയില്ല.'

ബ്രസീൽ(Brazil)ലിൽനിന്ന് ഒരു സുഹൃത്താണ് ഡോൺ ഫ്രാൻസിസ്കൊ(Don Francisco).അദ്ദേഹം ഒരു കത്തോലിക് ക്രിസ്ത്യാനിയാണ്. പത്രത്തിന്റേയും റേഡിയോയുടേയും ഉടമയുമാണ്. രാജകുടുംബവുമായി ബന്ധമുള്ളയാളുമാണ്. പറയുന്നു: 'എനിക്ക് മതപരമായ കാര്യങ്ങളെ സംബന്ധിച്ച് ബന്ധപ്പെടേണ്ടതായി വരുന്നുണ്ട്. പക്ഷേ, എത്ര മനോഹരമായ ഏർപാടാണോ ജൽസയിൽ കണ്ടത്, അത് വളരെ ആകർഷണീയമായിരുന്നു. ഒരുപാടു കാര്യങ്ങൾ പഠിക്കാൻ അവസരം കിട്ടി. ഞാനെന്റെ ഉള്ളിൽ ഒരു മാറ്റം കാണുന്നു.' അദ്ദേഹം പറയുന്നു: 'ഞാൻ ഇന്ത്യയിലെ ഒരു മസ്ജിദിൽ എന്റെ ഭാര്യയോടൊപ്പം പോയിരുന്നു. അവിടെ മുസ്ലിമീങ്ങളുടെ ഭാഗത്തുനിന്ന് അനുചിതമായ പെരുമാറ്റമാണ് കണ്ടത്. പക്ഷേ, ഇവിടെ ജൽസാ സാലാനയ്ക്കിടയിലും ശേഷവും അതിനെതിരിൽ എനിക്ക് വളരെ ആദരവും ബഹുമാനവും ലഭിച്ചു.'

സ്പെയിനിൽനിന്ന് സോഷ്യലിസ്റ്റ് പാർട്ടിയുടെ മുൻപാർലമെന്റംഗം ഇസ്താ ക്യൂയോ (Eustaquio) പറയുന്നു: 'ഞാൻ എന്നെ മതപരമായ വിശ്വാസങ്ങളിൽനിന്ന് ദൂരത്താണ് മനസ്സിലാക്കുന്നത്. പക്ഷേ, അഹ്മദിയ്യാ ജമാഅത്ത് കർമത്തിലൂടെയുള്ള സ്നേഹം പ്രബോധിക്കുന്നു. ഇക്കാരണത്താൽ ഞാൻ ജമാഅത്തിന്റെ അടുത്തെത്തിയിരിക്കുന്നു. ഇന്നലത്തെ ബയ്അത്ത് എന്റെ ഉള്ളിൽ ഉദാത്തമായ വികാരങ്ങൾക്ക് ജന്മം നല്കിയിരിക്കുന്നു. അതുകൊണ്ട് ഞാൻ ഈ അവിസ്മരണീയമായ അനുഭവം കാരണത്താൽ വളരെ സന്തോഷവാനാണ്. ഈ ദിനം എന്നെ സംബന്ധിച്ചിടത്തോളം അവിസ്മരണീയമാണ്. ഞാൻ അഹ്മദിയാണെന്ന് ഈ ദിനങ്ങളിൽ എനിക്കു തോന്നി, ലോകത്ത് ശാന്തിയും സ്നേഹവും ആഗ്രഹിക്കുകയും അതനുസരിച്ച് കർമങ്ങൾ ചെയ്യുകയും ചെയ്യുന്നു.'

ബംഗ്ലാദേശിൽനിന്ന് ഒരു ജസ്റ്റിസ് വന്നിരുന്നു. റിട്ടയേർഡ് ജസ്റ്റിസ് നിളാമുദ്ദീൻ സാഹിബ്. അദ്ദേഹം പറയുന്നു: 'ഞാൻ അഹ്മദിയല്ല. പക്ഷേ, അഹ്മദി മുസ്ലിമീങ്ങളാണ്. ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ അഹ്മദികളുടെമേൽ ദീർഘകാലമായി അക്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഹ്യൂമൻ റൈറ്റ്സിന്റെ ആക്റ്റിവിസ്റ്റായ കാരണത്താൽ ഞാൻ മാനുഷികമായ സഹതാപത്തിന്റെ അടിസ്ഥാനത്തിൽ അഹ്മദികളെ പിന്താങ്ങുന്നു. വിവിധ രാജ്യങ്ങളിൽ പര്യടനം നടത്തിക്കഴിഞ്ഞു. എല്ലാ മനുഷ്യർക്കും തങ്ങളുടെ വിശ്വാസങ്ങൾ പ്രചരിപ്പിക്കാൻ അവകാശമുണ്ട്. ജൽസയിൽ അച്ചടക്കം കണ്ടു. ജമാഅത്തംഗങ്ങളിൽ തങ്ങളുടെ ഖലീഫയോടുള്ള സ്നേഹത്തിന്റേയും ആദരവിന്റേയും അറിവിന്റേയും ദാഹം അങ്ങേയറ്റം സ്വാധീനപരമായ കാര്യമാണ്. ഞാൻ എല്ലാ പ്രസംഗങ്ങളും ശ്രദ്ധയോടെ കേട്ടു. അതുകൊണ്ട് എന്റെ ചില തെറ്റായ ധാരണകൾ നീങ്ങി. അഹ്മദികൾ അവരെക്കുറിച്ചുള്ള തെറ്റായ ധാരണകൾ അകന്നുപോകാൻ കൂടുതൽ കൂടുതൽ സംസാരിക്കേണ്ടതാണ്; അഹ്മദികൾ നബി(സ)തിരുമേനിയെ ഖാത്തമുന്നബിയ്യീനായി അംഗീകരിക്കുന്നില്ല എന്നാണ് ഞാനും മുമ്പേ മനസ്സിലാക്കിയിരുന്നത്. പക്ഷേ, ഇവിടെ വന്നിട്ട് അങ്ങനെയല്ലെന്ന് അറിയാൻ കഴിഞ്ഞു. ചുരുക്കിപ്പറഞ്ഞാൽ ഞാൻ ഈ ജൽസയിൽനിന്ന് ഒരുപാട് പഠിച്ചു. ഞാനെല്ലാവർക്കും പ്രത്യേകിച്ച് അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിനും നന്ദി പറഞ്ഞുകൊള്ളുന്നു.'

ക്രിസ്തുമതത്തിലെ കത്തോലിക് കക്ഷിയുമായി ബന്ധമുള്ള ഹുഗ് ഫാരെ (Hugh Farey) സാഹിബ്, അദ്ദേഹം ശാസ്ത്രജ്ഞനാണ്, ബ്രിട്ടീഷ് സോസൈറ്റി ഓഫ് ട്യൂറിൻ ഷ്രൗഡിന്റെ എഡിറ്ററാണ്, പറയുന്നു: 'ഞാൻ അഞ്ചു വർഷമായി ജൽസയിൽ പതിവായി വന്നു കൊണ്ടിരിക്കുന്നു. എന്നെ ആദ്യമായി ക്ഷണിച്ചപ്പോൾ ഈ അന്തരീക്ഷത്തിൽനിന്ന് എനിക്ക് അനുഭവിക്കാൻ സാധിച്ച ആകർഷണീയമായ ദുആകളാൽ നിറഞ്ഞ ആത്മീയതയ്ക്ക് ഇന്നും ഒരു കോട്ടവും വന്നിട്ടില്ലെന്ന് എനിക്ക് പറയേണ്ടതായി വരുന്നു. എനിക്ക് ഷ്രൗഡ് ഓഫോ ട്യൂറിനെ(ട്യൂറിനിലെ തിരുശീലയുടെ)കുറിച്ച് പ്രാഗത്ഭ്യമുണ്ട്. ഈ തിരുശീല അഹ്മദിയ്യാ ജമാഅത്തിനെ സംബന്ധിച്ചിടത്തോളം അങ്ങേയറ്റം താൽപര്യത്തിന് വകയായിട്ടുള്ളതാണ്. കാരണം അവരെ സംബന്ധിച്ചിടത്തോളം ഇത് മസീഹ് കുരിശിൽ മരിച്ചിട്ടില്ല എന്നതിനുള്ള ഒരു തെളിവാകുന്നു. ഇതുണ്ടായിട്ടും ഇക്കാര്യത്തിൽ പ്രഗത്ഭരായ ആളുകളെ വിളിച്ചുവരുത്തി ഇക്കാര്യം കൂടുതൽ ചർച്ചയ്ക്കു വിധേയമാക്കുന്നത് അവരെ തടയുന്നില്ല. ഇവരിൽ അധികമാളുകളും ഈ ചിത്രം മരിച്ചുപോയ ഒരാളിലേക്കുള്ള തെളിവാണെന്ന കാര്യത്തിൽ യോജിക്കുന്നു. എന്നിട്ടും ഏതുമതവുമായി ബന്ധപ്പെട്ടയാളാണെങ്കിലും അദ്ദേഹത്തെ ഇതിൽ പങ്കെടുപ്പിക്കുന്നു. ഇത് മധ്യനൂറ്റാണ്ടിൽ ഉണ്ടാക്കപ്പെട്ടതാണെന്നാണ് ഞാൻ കരുതുന്നത്. മസീഹ് രക്ഷപ്പെട്ടുവെന്നും പിന്നീട് കശ്മീരിലേക്ക് പലായനം ചെയ്തുവെന്നുമുള്ള കാര്യത്തിൽ അഹ്മദികളിൽ രണ്ട് അഭിപ്രായമില്ല. എന്റേയും വീക്ഷണം അഹ്മദികളുടേതുതന്നെയാണ്.'

**അല്ലാഹുവിന്റെ കലാം**

***"അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.'(2:22)***

**കലാമുൽ ഇമാം:-**

**'ഈ ലോകത്ത് ദൈവത്തെ കാണാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തവൻ അന്ത്യനാളിലും അന്ധകാരത്തിലായിരിക്കും. അല്ലാഹു പറയുന്നു: 'ഈ ലോകത്ത് കുരുടനായവൻ പരലോകത്തും കുരുടനായിരിക്കും.' (കിതാബുൽ ബരിയ്യ പേജ് 47)**

**ത്വാലിബെ ദുആ**
**M.P.Haneef Ahmad**
**Ahmadiyya Jama-ath Koodali, Kerala.**

**ത്വാലിബെ ദുആ:**
**C. Shameem Ahmad**
**Ahmadiyya Jama-ath Calicut, Kerala.**

'റിവ്യൂ ഓഫ് റിലീജ്യൻസിന്റെ പ്രദർശനം അഹ്മദികളുടെ വിശാലമനസ്കതയും ശാന്തിനിർഭരവും സത്യസന്ധമായ പ്രകൃതിയിലും അധിഷ്ഠിതമാണ്.' പിന്നീട് പറയുന്നു: 'ഇവിടെ വിവിധ ചർച്ചകളും നടന്നു. പാനൽ ചർച്ചകളും നടന്നു. അമേരിക്കയിൽനിന്നുവന്ന ഡോക്ടർ സാഹിബ് ഒരു പാനലിൽ പങ്കെടുത്തിരുന്നു. അദ്ദേഹം ട്രൗമാ (Trauma)യുടെ സർജൻ എന്ന നിലയിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്നു. ഇപ്രാവശ്യം ആദ്യമായാണ് അഹ്മദിപ്രഗത്ഭരിൽ പങ്കെടുത്തത്. അദ്ദേഹം ഈ പാനലിൽ പങ്കെടുത്തു. അദ്ദേഹത്തിന്റെ വ്യക്തിപരമായ അനുഭവങ്ങൾ തുടങ്ങിയ അറിവ് അദ്ദേഹത്തിന്റെ തെളിവുകളെയും കൂടുതൽ ശക്തമാക്കി. ഈസാ രക്ഷപ്പെടുന്നതിനെ സംബന്ധിച്ച് അദ്ദേഹം പറയുകയായിരുന്നു. അത് തിരുശീലയിൽ ഉണ്ടായിരുന്നു. ഇതും നല്ലവണ്ണം ആകർഷണീയമായിരുന്നു.'

കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിലെ പ്രൊഫസറാണ് ചെസ്റ്റർ വില്യംസ്(Chester Williams). ടൂറിനിലെ തിരുശീല കമ്മിറ്റിയുടെ സർക്കാർ അംഗമാണ്. അദ്ദേഹം പറയുന്നു: 'എന്റെ ആദ്യത്തെ ജൽസയാണിത്. ഇതിനുമുമ്പേ പങ്കെടുക്കാൻ സാധിക്കാതിരുന്നതിൽ എനിക്ക് വിഷമമുണ്ട്. ഇതുപോലുള്ള മറ്റു ജൽസകളിലും പങ്കെടുക്കാൻ വരണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അടുത്ത് സംഘടിപ്പിക്കുന്ന പരിപാടിയിൽ തീർച്ചയായും പങ്കെടുക്കുമെന്ന് എനിക്ക് വിശ്വാസമുണ്ട്. പക്ഷേ, ഈ മീറ്റിംഗ് എന്നെ വല്ലാതെ ആകർഷിച്ചു. ഇത്രയധികം എണ്ണത്തിൽ ജനങ്ങൾ സംഘടിക്കുക, പിന്നെ ഇത്രയധികം പണം ചെലവഴിക്കുക, ഇത്രമാത്രം അധ്വാനത്തോടെ ഇതെല്ലാം ഉണ്ടാകുക. ടൂറിനിലെ തിരുശീലയ്ക്കുവേണ്ടി ഇത്രമാത്രം അധ്വാനിക്കുകയും ഇത്രയധികം ഗൗരവത്തോടെ അഹ്മദിയ്യാ ജമാഅത്ത് ഈ പ്രദർശനം സംഘടിപ്പിക്കുക, ഈയാളുകൾ ഇതുസംബന്ധമായി കൂടുതൽ അറിയാൻ ആഗ്രഹിക്കുന്നുവെന്നാണ് തെളിയിക്കുന്നത്. വാസ്തവത്തിൽ എനിക്കിതുവരെ ഇതിനെ സമ്പൂർണമായ നിലയിൽ മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല.

പിന്നീട് കനഡയിലെ അബോർജിനൽ (Aborginal)കമ്മ്യൂണിറ്റിയുടെ പ്രാതിനിധ്യമുണ്ടായി. അബോർജിനസി(Aborgines)ന്റെ പ്രതിനിധി ചീഫ് മെയിംഗം ഹെൻ റി(Chief Myeengun Henry) പറയുന്നു: 'ജൽസ സാലാനയിലെ പങ്കാളിത്തം എന്നെ സംബന്ധിച്ചിടത്തോളം വലിയ പ്രാധാന്യം അർഹിക്കുന്നു. കാരണം അതിലൂടെ എന്റെ ജീവിതം മാറിപ്പോയിരിക്കുന്നു. ഇപ്പോൾ ഞാൻ ഇസ്ലാമിനെ കുറിച്ച് മുമ്പത്തേതിനെക്കാൾ കൂടുതൽ മനസ്സിലാക്കിയിരിക്കുന്നു. ഇസ്ലാമും കനഡയിലെ പുരാതന മതവും തമ്മിൽ ഒരുപാട് കൂട്ടായ കാര്യങ്ങളുണ്ടെന്ന് എനിക്ക് ബോധ്യപ്പെട്ടിരിക്കുന്നു. ഇസ്ലാം സ്ത്രീകൾക്ക് സമത്വാവകാശം നല്കുന്നുവെന്നത് എന്നെ അത്ഭുതപ്പെടുത്തുന്ന കാര്യമായിരുന്നു. ആദ്യം എനിക്ക് പുരുഷന്മാരെ മാത്രമാണ് എല്ലായിടത്തും കാണാൻ കഴിഞ്ഞത്. പക്ഷേ, പിന്നീട് അറിയാൻ കഴിഞ്ഞു, സ്ത്രീകളുടെ സംവിധാനവും പുരുഷന്മാരെപോലെ തന്നെയാണെന്ന്. അമുസ്ലിംകളിൽ ഭൂരിഭാഗവും ഇതിനെ കുറിച്ച് അറിയാത്തവരാണ്. അതുകൊണ്ട് ഇസ്ലാം സ്ത്രീകളുടെയും പുരുഷന്മാരുടെയും അവകാശങ്ങളിൽ വ്യത്യാസം കല്പിക്കുന്നില്ലെന്ന് ഞാനവരോട് പറയുന്നു. അദ്ദേഹം ഞാനുമായി കൂടിക്കാഴ്ചയും നടത്തി. അതിനെക്കുറിച്ചും പറഞ്ഞത് കൂടിക്കാഴ്ചയും തന്നെ വല്ലാതെ സ്വാധീനിച്ചുവെന്നാണ്.

ഇപ്രകാരംതന്നെ ചീഫ് റെനെ വാറൻ ചബോയർ(Chief Rene Warren Chaboyer)ജൽസാസാലാനയിൽ പങ്കെടുത്ത കാര്യം വിവരിക്കുന്നു: 'ഇത്ര വലിയ സമ്മേളനത്തിൽ പങ്കെടുത്ത് സംസാരിക്കാൻ അവസരം നല്കപ്പെട്ടതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു. ഇസ്ലാം ഇത്രമാത്രം സമാധാനനിർഭരവും ദൈവസൃഷ്ടികളെ സ്നേഹിക്കാൻ പഠിപ്പിക്കുന്നതുമായ മതമാണെന്ന് എനിക്കൊരിക്കലും ചിന്തിക്കാൻ കഴിഞ്ഞിരുന്നില്ല.' അദ്ദേഹം പറയുന്നു: 'അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന് അബ്വാ റീജ്യണൽ കമ്മ്യൂണിറ്റിയുടെ ഏറ്റവും വലിയ ബഹുമതി നല്കാൻ ഞാൻ ആഗ്രഹിച്ചു. അല്ലെങ്കിൽ കൊടുക്കാനാഗ്രഹിക്കുന്നുവെന്ന് എന്റെ ആതിഥേയരോടു പറഞ്ഞു. അത് നിറവേറ്റാൻ ഞാൻ തീരുമാനിച്ചു. പരുന്തിന്റെ തൂവലുകൾ കൊണ്ടുണ്ടാക്കിയ ഹെഡ്സ് ഡ്രസ് അഥവാ കിരീടമാണ് ഞാൻ അണിയുന്നത്. അതിൽ തൂവലുകൾ പിടിപ്പിച്ചിരിക്കുന്നു. അതിൽനിന്ന് പരുന്തിന്റെ ഒരു തൂവൽ–അത് വലിയ വിലപിടിച്ചതാണ്– എടുത്ത് അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ തിരുസന്നിധിയിൽ സമർപ്പിക്കാൻ ആഗ്രഹിക്കുന്നു. ഞാൻ ഇന്നുവരെ ഒരു നേതാവിനും കൊടുത്തിട്ടില്ലാത്ത ബഹുമതിയാണിത്. ഞാൻ അഹ്മദിയ്യാ ജമാഅത്തിനേയും അവരുടെ വിശ്വാസാദർശങ്ങളേയും ആദരിക്കുന്നു.' ഞാനുമായി സമയം ചെലവിട്ടതും അദ്ദേഹത്തിന് സന്തോഷമായെന്ന് അദ്ദേഹം പറയുന്നു. പിന്നീട് ഒരു കൂടിക്കാഴ്ചയ്ക്കിടയിൽ അദ്ദേഹം എനിക്ക് ആ തൂവലും നല്കി.

ബെലീസ്(Belize)ൽ നിന്നുള്ള ഒരു അതിഥിയാണ് റീനീ ട്രുജില്ലൊ (Renee Trujillo). ഇദ്ദേഹം ലൗ എഫ്. എം ചാനലിന്റെ ഡയറക്ടർ ഓഫ് ന്യൂസാണ്. ഇദ്ദേഹം പറയുന്നു: 'ഞാൻ അഹ്മദികളിൽ ദർശിച്ച ഐക്യം, മനുഷ്യനിൽ ഒരു പുതിയ ആത്മാവിനെ ഊതുന്നതാണ്. അതുകണ്ട് ഹൃദയത്തിൽ സമാധാന ലബ്ധിക്കുള്ള ആഗ്രഹം തല ഉയർത്തുന്നു. നമുക്ക് വലിയ സൗകര്യങ്ങളാണ് ചെയ്തു തന്നത്. ഏർപാടുകളെല്ലാം ഉയർന്ന നിലവാരത്തിലുള്ളതായിരുന്നു. ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണങ്ങൾ ഈ കാലഘട്ടത്തിലെ ആവശ്യങ്ങൾക്ക് അനുസൃതമായിരുന്നു. അത് സ്ത്രീകളോട് ചെയ്ത പ്രസംഗമാണ്. എന്നെ ഏറ്റവുമധികം സ്വാധീനിച്ചതും ഇസ്ലാംമതത്തെ കൂടുതൽ നല്ല നിലയിൽ മനസ്സിലാക്കാൻ പ്രാപ്തനാക്കിയതും ഈ അനുഭവമാണ്. ജൽസയിൽ പങ്കെടുത്ത കാരണത്താൽ എനിക്ക് അഹ്മദിയ്യത്തിനേയും അതിന്റെ വിശ്വാസാദർശങ്ങളേയും സംബന്ധിച്ച് ചോദ്യങ്ങൾ ചോദിക്കാൻ അവസരം കിട്ടി. അതുകൊണ്ടെനിക്ക് ഫലമുണ്ടായി.

ബെലീസ്(Belize)രാജ്യത്തെ പോലീസ് കമ്മീഷണറാണ് ചേസ്റ്റർ വില്യം (Chester Williams) സാഹിബ്. ഇദ്ദേഹം പറയുന്നു: 'ഇസ്ലാമിനെ കുറിച്ചുള്ള എന്റെ അറിവ് ഏറെ വർധിച്ചു. മുസ്ലിമീങ്ങൾ എല്ലാവരും ഒരുപോലെയെന്നായിരുന്നു ഞാൻ ജൽസയിൽ പങ്കെടുക്കുന്നതിന് മുമ്പേ കരുതിയിരുന്നത്. എന്നാൽ, ഇപ്പോൾ പലകക്ഷികളുണ്ടെന്ന് മനസ്സിലായി. അഹ്മദികൾ സമാധാനം പ്രചരിപ്പിക്കുന്നവരാണെന്നതും യുവാക്കളുടെ സംസ്കരണത്തിന് ഒരുപാട് സമയം ചെലവഴിക്കുന്നുവെന്നതുമാണ് പ്രശംസാർഹമായ കാര്യം.

അമേരിക്കയിൽനിന്ന് സർക്കാർ നിലയിൽ കോൺഗ്രസ് സ്റ്റാഫുകളും അവർക്കു പുറമെ യു.എസിലെ മതകാര്യ കമ്മീഷന്റെ പ്രതിനിധിയും വന്നിട്ടുണ്ടായിരുന്നു. ഇതുപോലെതന്നെ ചൈനയിലെ Uyghur Muslims ന്റെ പ്രതിനിധിയുമുണ്ടായിരുന്നു. അദ്ദേഹം പറയുന്നു: 'ഞാൻ യു.കെ. ജൽസസാലാനയിലും യു.എസ്. ജൽസാസാലാനയിലും പങ്കെടുത്തു. ജമാഅത്ത് കൂട്ടായിച്ചേർന്ന് ജോലി ചെയ്യുന്നതു കാണുക എന്നത് അങ്ങേയറ്റം അത്ഭുതകരമാണ്. എല്ലാ ജമാഅത്ത് സന്നദ്ധസേവകരുടേയും അതുല്യമായ സേവനം വളരെ ആകർഷണീയമായിരുന്നു. ഈ ജൽസ യുവാക്കളെ ഐക്യത്തിലേക്ക് ചായിച്ചു. ഒത്തൊരുമയുടെ അന്തരീക്ഷമുണ്ടായി.' ഇതായിരുന്നു അവരുടെ പൊതുവെയുള്ള പ്രതികരണങ്ങൾ.

ഇനി ബാക്കിയുള്ളത് ഞാൻ വിടുകയാണ്. അർജന്റീനയിലെ ഒരു അതിഥിയുണ്ടായിരുന്നു. അദ്ദേഹം പത്രപ്രവർത്തകനാണ്. അദ്ദേഹത്തെക്കുറിച്ച് പറയാം. അദ്ദേഹം പറയുന്നു: 'ഈ വിനീതന് പത്രപ്രവർത്തകൻ എന്ന നിലയിൽ വിവിധ സംഭവങ്ങളിൽ പങ്കെടുക്കാൻ അവസരം കിട്ടിക്കൊണ്ടിരിക്കുന്നു. പക്ഷേ, നിങ്ങളുടെ ജൽസയിൽ അസാധാരണമായൊരു കാര്യം കണ്ടത് പങ്കെടുത്ത എല്ലാ അംഗങ്ങളും ഒരേസമയം ആതിഥേയ ഓർഗനൈസേഷന്റെ അംഗങ്ങളാണെന്ന് തോന്നുന്നു. പങ്കെടുക്കുന്ന ഇരുകൂട്ടരും ഓർഗനൈസറുമാണ്.' അദ്ദേഹം പറയുന്നു: 'മറ്റുള്ളവരുടെ പരിപാടികളിൽ വ്യക്തമായ നിലയിൽ ആതിഥേയരും അതിഥികളും തമ്മിലുള്ള വ്യത്യാസം കാണാം. എന്നല്ല ഈ അളവിലുള്ള ഇവന്റ് ചെയ്യുന്നതിനുവേണ്ടി ആളുകൾ ഒശഴവലൃ ചെയ്യപ്പെടുന്നു. പക്ഷേ, നിങ്ങളുടെ ജൽസയിൽ പങ്കെടുക്കുന്ന എല്ലാവരും ഒരേസമയം അതിഥിയുമാണ് ആതിഥേയനുമാണ്. എപ്പോൾ ആവശ്യം നേരിട്ടാലും അതിഥി ആതിഥേയനായി മാറുന്നു.' ഈ ഒരു മനോഹാരിതയാണ് നമ്മുടെ ജൽസയിൽ എപ്പോഴും ഉണ്ടാകേണ്ടത്.

കൊളമ്പിയയുമായി ബന്ധംവെക്കുന്ന ഒരു പത്രന്യൂസിന്റെ വക്കീൽ ജീസസ് ഗബലം(Jesus Gabalam) വന്നിരുന്നു. അദ്ദേഹം പറയുന്നു: 'മനുഷ്യാവകാശത്തെ കുറിച്ചുള്ള ജമാഅത്തിന്റെ ഇമാമിന്റെ പ്രസംഗം എനിക്ക് വളരെ ഇഷ്ടപ്പെട്ടു. പത്രപ്രവർത്തകൻ എന്ന നിലയിൽ ലോകത്തിലെ സുപ്രധാന രാഷ്ട്രീയ, സാമാജിക, മതപരമായ വ്യക്തിത്വങ്ങളെ കാണാൻ എനിക്ക് അവസരം ലഭിക്കാറുണ്ട്. ജമാഅത്തിന്റെ ഇമാമിനേയും കണ്ടു. അദ്ദേഹത്തെ കണ്ടത് എനിക്ക് സന്തോഷമാണ്. ഇസ്ലാമിന്റെ മനോഹരമായ അധ്യാപനങ്ങൾ കൊളംമ്പിയായിൽ പ്രചരിപ്പിക്കുന്നതിന് അഹ്മദി മിഷണറിമാരെ അവിടെ അയക്കണമെന്നാണ് എന്റെ ആഗ്രഹം. എന്റെ രാജ്യത്തിന് ഇപ്പോൾ അതിന്റെ വളരെ ആവശ്യമുണ്ട്.'

ബി.ബി.എസ്. ടി.വി യുഗാണ്ടയുടെ സി.ഐ.ഒ. പറയുന്നു: 'ഞാൻ അച്ചടക്കത്തോടെയുള്ള ഇത്ര വലിയ സമ്മേളനം കാണുകയും അത്ഭുതപ്പെടുകയും ചെയ്തു. ഒരു പട്ടാളമോ പോലീസോ ഒന്നുമുണ്ടായിരുന്നില്ല. ഞാൻ ക്രിസ്ത്യാനിയാണ്.

**അല്ലാഹുവിന്റെ കലാം:**

**'നിങ്ങൾ മനഃപൂർവം സത്യത്തെ അസത്യവുമായി കലർത്തുകയും സത്യം മറച്ചു വെക്കുകയും ചെയ്യരുത്.'**
**(2:43)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef & Family**
**Ahmadiyya Jama-ath Vaniyambalam, Kerala.**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'ഭൗതികശക്തികൾ ഇസ്ലാം-അഹ്മദിയ്യത്തിനെ തെല്ലും ഭയപ്പെടേണ്ട ആവശ്യമില്ല. എല്ലാ രൂപത്തിലും ഞങ്ങൾ ഒരു ആത്മീയ ജമാഅത്താണ്.'**
**(ഡന്മാർക്ക് പര്യടനം, ചോദ്യോത്തരം 2016 മെയ് 18)**

**ത്വാലിബെ ദുആ:**
**P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.**

ജീസസ് ഇൻ ഇന്ത്യ എന്ന ശീർഷകത്തിലുള്ള എക്സിബിഷൻ കണ്ടു. അവിടെ ഒരു ഓർഗനൈസറുമായി ഈസാ(അ)യെ സംബന്ധിച്ച് ചർച്ച നടന്നു. അദ്ദേഹം ബൈബിൾ ഉദ്ധരിച്ചുകൊണ്ട് ഞാൻ ഒരിക്കലും കേട്ടിട്ടില്ലാത്ത കാര്യങ്ങളാണ് പറഞ്ഞത്. ക്രിസ്ത്യാനികളെക്കാൾ ബൈബിളിനെ സംബന്ധിച്ച് കൂടുതൽ അറിവുകൾ അഹ്മദികളുടെ കൈയിലുണ്ടെന്നതിൽ ഞാൻ വിസ്മയപ്പെട്ടുപോയി.'

ബൊളീവിയ(Bolivia)യിൽനിന്ന് ടി.വി. ചാനലിന്റെ പ്രതിനിധി വന്നിരുന്നു. അദ്ദേഹം വലിയ ടി.വി. ഷോ ചെയ്യുന്നയാളാണ്. അറാന്റിയ (Arandia) എന്നാണ് അദ്ദേഹത്തിന്റെ പേര്. അദ്ദേഹം പറയുന്നു: 'വിജയകരമായ അനുഭവമായിരുന്നു. ഇതിനുമുമ്പേ എനിക്ക് കനഡ ജൽസാ സാലാനയിലും പങ്കെടുക്കാൻ അവസരം കിട്ടിയിരുന്നു. ഈ ജൽസകളിൽ പങ്കെടുത്ത് എനിക്ക് ഇസ്ലാമിന്റെ യഥാർഥ അധ്യാപനത്തെക്കുറിച്ച് അറിയാൻ കഴിഞ്ഞു. ജൽസയുടെ അന്തരീക്ഷവും അതിൽ നടന്ന പ്രസംഗങ്ങളും ഇസ്ലാമിനെ കുറിച്ചുള്ള എന്റെ എല്ലാ സംശയങ്ങളും തെറ്റുധാരണകളും അകറ്റി.'

ഉക്രൈനിൽനിന്ന് ഒരു സുഹൃത്ത് ഏഗർ സാഹിബ് ജൽസയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം മതപരമായ ജ്ഞാനങ്ങളിൽ വിദഗ്ദ്ധനാണ്. അദ്ദേഹം പി.എച്ച്.ഡി ചെയ്തിട്ടുണ്ട്. ഡോക്ടറാണ്. ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്. അദ്ദേഹം അഹ്മദിയ്യാ ജമാഅത്തിന്റെ സാഹിത്യങ്ങൾ വിശദമായി പഠിച്ചിട്ടുണ്ട്. ജൽസയിൽ പങ്കെടുത്തു. പിന്നീട് അദ്ദേഹം ബയ്അത്ത് ചെയ്തു. ഇദ്ദേഹം ഉക്രൈൻ ജനതയിൽനിന്നുള്ള ആദ്യത്തെ അഹ്മദിയാണ്. അദ്ദേഹം പറയുന്നു: 'എനിക്ക് എന്റെ ജീവിതത്തിൽ വിവിധ വിഷയങ്ങളിൽ നടക്കുന്ന ധാരാളം അന്താരാഷ്ട്ര കോൺഫ്രൻസുകളിലും സമ്മേളനങ്ങളിലും പരിപാടികളിലും പങ്കെടുക്കാൻ അവസരം കിട്ടിയിട്ടുണ്ട്. പക്ഷേ, ജൽസാസാലാനയിൽ പങ്കെടുത്തത് എന്റെ മനസ്സിനേയും ആത്മാവിനേയും എങ്ങനെയാണ് സ്വാധീനിച്ചതെന്നാൽ അത് ഈ ജീവിതം മുതൽ അടുത്ത ലോകത്ത് പോകുന്നതുവരെ അവശേഷിക്കുന്നതായിരിക്കും.' വീണ്ടും പറയുന്നു: 'അറബിഭാഷയിൽ ഒരു വളരെ പ്രിയപ്പെട്ട പദമുണ്ട്. 'നൂർ.' അതിന്റെ അർഥം വെളിച്ചം എന്നാണ്. ജൽസാസാലാന ഈമാനിനേയും സ്നേഹത്തിനേയും മുഴുവൻ മനുഷ്യകുലത്തേയും തന്റെ അസ്തിത്വംകൊണ്ട് പ്രശോഭിപ്പിക്കുന്ന ആ വെളിച്ചമാണ്.' പിന്നീട് പറഞ്ഞു: 'ഈ ലോകത്ത് എന്റെ സാന്നിധ്യത്തിന്റെ യഥാർഥ ഉദ്ദേശ്യമെന്താണെന്ന് മനസ്സിലാക്കാൻ ഖലീഫത്തുൽ മസീഹിന്റെ പ്രസംഗങ്ങളിൽനിന്ന് സഹായം ലഭിച്ചു. പിന്നീട് സംഘാടകരുടെ പ്രവൃത്തികളേയും അദ്ദേഹം അനുമോദിച്ചു; എല്ലാവരും കഠിനാധ്വാനത്തോടെ തങ്ങളുടെ ജോലിയിൽ വ്യാപൃതരായിരുന്നു.'

ഇപ്രകാരംതന്നെ മെക്സിക്കോ(Mexico)യിലെ പ്രതികരണങ്ങളുണ്ട്. ഒന്നു വിവരിക്കുകയാണ്. മാരിയ സാഹിബ പറയുന്നു: 'ഞാൻ ഇസ്ലാം സ്വീകരിച്ചിട്ട് രണ്ട് മാസം മാത്രമെ ആയിട്ടുള്ളൂ. എനിക്ക് ഇസ്ലാമിനെ കുറിച്ച് ഒരുപാട് ചോദ്യങ്ങളുണ്ടായിരുന്നു. എന്നാൽ, ഈ ജൽസയിൽ പങ്കെടുത്ത കാരണത്താൽ എന്റെ അറിവിൽ ധാരാളം വർധന ഉണ്ടായിരിക്കുന്നു. എന്റെ എല്ലാ സംശയങ്ങളും സന്ദേഹങ്ങളും അവസാനിച്ചിരിക്കുന്നു. ഈ ജൽസയിൽ പങ്കെടുത്തത് വിസ്മരിക്കാൻപറ്റാത്ത ഒരു അനുഭവമാണ്. ജൽസയിൽ പങ്കെടുത്ത കാരണത്താൽ ഞാനൊരു മുസ്ലിമാണെന്നതിൽ എനിക്ക് അഭിമാനമുണ്ട്. ഇന്നുമുതൽ എന്റെ പർദ ഞാൻ അന്തസോടെ ധരിക്കുമെന്നും എപ്പോഴും ധരിക്കുമെന്നും ഞാൻ പ്രതിജ്ഞ ചെയ്തിരിക്കുന്നു.

പരാഗ്വയിലെ ഒരു നവഅഹ്മദി വനിതയുണ്ട്. അവർ പറയുന്നു: 'ജൽസ വളരെ മനോഹരമായിരുന്നു. ഞാൻ അങ്ങയുടെ പ്രസംഗങ്ങൾ കേട്ടു. അത് കർമാർഹമാണ്.' എന്റെ പ്രസംഗങ്ങളെ കുറിച്ച് പറയുന്നു: 'എന്റെ ചോദ്യത്തിനുള്ള മറുപടി എനിക്ക് ലഭിച്ചു. എന്റെ ചോദ്യം മുന്നിൽവച്ചുകൊണ്ട് അങ്ങ് അങ്ങയുടെ പ്രസംഗം തയ്യാറാക്കിയതുപോലെ അനുഭവപ്പെട്ടു. ആത്മീയമായനിലയിൽ ഒരുപാട് അറിവുമായിട്ടാണ് ഞാൻ തിരിച്ചുപോകുന്നത്.' ഇതും അല്ലാഹുവിന്റെ നിയന്ത്രണമാണ്. അവൻ ഇത്തരം പ്രസംഗങ്ങൾ തയ്യാറാക്കിക്കുകയും പിന്നീട് ആളുകളിൽ അതിന്റെ സ്വാധീനമുണ്ടാക്കുകയും ചെയ്യുന്നു.

ഇനിയുള്ളത് പ്രസ്സ് ആന്റ് മീഡിയായുടെ റിപ്പോർട്ടാണ്. മറ്റുള്ളതെല്ലാം ഇപ്പോൾ ഞാൻ വിടുകയാണ്. നമ്മുടെ കേന്ദ്ര പ്രസ് ആന്റ് മീഡിയാ ഓഫീസിന്റെ റിപ്പോർട്ടനുസരിച്ച് ഇതുവരെ മൊത്തം 183 മീഡിയ റിപ്പോർട്ടുകൾ സംപ്രേഷണം ചെയ്യപ്പെട്ടുകഴിഞ്ഞു. മീഡിയാ കവറേജ് ഇപ്പോഴും തുടർന്നുവരികയാണ്. ഈ റിപ്പോർട്ട് മുഖേന 173 മില്യണിൽ അധികമാളുകൾ വരെ സന്ദേശമെത്തി. കവറേജ് നല്കിയ മാധ്യമങ്ങൾ ഇവയാണ്. ബി.ബി.സി റേഡിയോ 4, ബിബിസി വേൾഡ് സർവ്വീസ്, ബി.ബി.സി ഏഷ്യൻ നെറ്റുവർക്ക്, ടെലിഗ്രാഫ് (ഡച്ച് നാഷണൽ ന്യൂസ് പേപ്പർ), സ്കൈ ന്യൂസ്, ഐ.ടിവി, എക്സ്പ്രസ്സ്, ഹഫ്ഫിൻഗം പോസ്റ്റ്, പ്രസ് അസോസിയേഷൻ (ന്യൂസ് ഏജൻസി), ഐ.എഫ്.ഇ (സ്പാനിഷ് ന്യൂസ് ഏജൻസി), യഹോ ന്യൂസ്, യു.കെ. ബ്രസീൽ, ഹോളണ്ട്, സ്പെയിൻ, അർജന്റീന, പനാമ, കൊളംബിയ, ചിലി, പെറോ, വെനസ്വല, കാമറോൺ, നൈജീരിയ, ബൽജിയം, ഘാന, ഇറ്റലി തുടങ്ങിയ ഒരുപാട് രാജ്യങ്ങളിൽ ഈ എല്ലാ കവറേജുകളുമുണ്ടായി.

എം.ടി.എ, ആഫ്രിക്ക മുഖേന 19 ചാനലുകളിൽ അൽഹംദുലില്ലാഹ് ഈ കവറേജുണ്ടായി. ദൈവകൃപയാൽ ജമാഅത്തിലെ ഒരുപാട് അംഗങ്ങൾക്കും മറ്റുള്ളവർക്കും പുറമെ ഈ ജൽസാദിനങ്ങളിൽ പ്രോഗ്രാം കാണുകയും ആകർഷിതരാവുകയും ചെയ്ത ഒരുപാട് അഭിപ്രായങ്ങളുമുണ്ട്.

അല്ലാഹു ജൽസയിൽ പങ്കെടുത്ത എല്ലാ അഹ്മദികളുടേയും ഈമാൻ വർധിക്കുന്നതിന് ഈ ജൽസ നിമിത്തമാക്കട്ടെ. അവർ കേട്ടതും കണ്ടതുമായ കാര്യങ്ങൾ എപ്പോഴും തങ്ങളിൽ നടപ്പിലാക്കുന്നവരാകട്ടെ. അതനുസരിച്ച് പ്രവർത്തിക്കുന്നവരാകട്ടെ. പ്രസ്സും മാധ്യമങ്ങളും മുഖേന ഏതേതെല്ലാം വാർത്തകളാണോ ലോകത്തിന് എത്തിയത് അതും ആളുകളുടെ മനസ്സിൽ ആകർഷിക്കുന്നവയാകട്ടെ. അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്ലാം സ്വീകരിക്കുന്നതിന് അത് അവർക്ക് നിമിത്തമാകട്ടെ.

നമസ്കാരങ്ങൾക്കുശേഷം ഞാൻ ഒരു ജനാസ ഗാഇബും നമസ്കരിപ്പിക്കുന്നതാണ്. ആദരണീയ മുജീബുർറഹ്മാൻ സാഹിബ് അഡ്വക്കേറ്റിന്റേതാണത്. 2019 ജൂലായ് 30 ന് ത്വാഹിർ ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ടിൽ 85-ാം വയസിൽ അദ്ദേഹം റബ്ബിൽ നിര്യാതനായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. മുജീബുർറഹ്മാൻ സാഹിബ് ദൈവകൃപയാൽ മൂസിയായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് ആദരണീയ ഖ്ലില്ലുർറഹ്മാൻ സാഹിബ് ജമാഅത്തിന്റെ മുറബ്ബിയായിരുന്നു. അദ്ദേഹം മുജീബുർറഹ്മാൻ സാഹിബിന്റെ കുട്ടിക്കാലത്ത് അദ്ദേഹത്തെ മറ്റു കുട്ടികളോടൊപ്പം മാതാവിന്റെകൂടെ ഖാദിയാനിലേക്കയച്ചു. മുജീബുർറഹ്മാൻ സാഹിബിന്റെ മാതാവിനേയും മറ്റു സഹോദരിസഹോദരന്മാരേയും ശിക്ഷണത്തിനായി ബംഗാളിൽനിന്ന് ഖാദിയാനിൽ അയച്ചു. അദ്ദേഹത്തിന്റെ പിതാവ് ഹദ്റത്ത് രോശൻ അലി സാഹിബിന്റെ ഒന്നാമത്തെ മുരീദുമാരിൽപ്പെട്ടയാളായിരുന്നു. മൗലാനാ ജലാലുദ്ദീൻ സാഹിബ് ശംസ്, ഗുലാം അഹ്മദ് സാഹിബ് ബദോംലബി തുടങ്ങിയ പുണ്യാത്മാക്കൾ അദ്ദേഹത്തിന്റെ സഹപാഠികളായിരുന്നു. അദ്ദേഹം ഏകദേശം 36 വർഷം ബംഗാളിൽ സേവനം ചെയ്തു.

തൊഴിലുപരമായി നോക്കുമ്പോൾ മുജീബുർറഹ്മാൻ സാഹിബ് വക്കീലായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ വിജയിയായ വക്കീലായിരുന്നു. ജമാഅത്തിന്റെ സേവനങ്ങളും അദ്ദേഹത്തിന്റേതായി ഒരുപാടുണ്ട്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ് അദ്ദേഹത്തെ 1980-ൽ റാവൽപിണ്ടി ജമാഅത്തിന്റെ അമീറായി നിശ്ചയിച്ചു. 1998 വരെ ഇദ്ദേഹം അമീറായി തുടർന്നു. 1974-ൽ നടന്ന റാവൽപിണ്ടിയിലെ, മെരി റോഡിലെ 'ബയ്ത്തുൽഹംദ്' മസ്ജിദിന്റെ കേസുമായി ബന്ധപ്പെട്ട് അദ്ദേഹം ഒത്തിരി ജോലികൾ നിർവഹിക്കുകയുണ്ടായി. 1978-ൽ ഡേറ ഗാസിഘാനിലെ മസ്ജിദുമായി ബന്ധപ്പെട്ട കേസ് ഹൈക്കോടതിയിൽ വാദിച്ചു. നിരവധി ജമാഅത്തിന്റെ കേസുകളിൽ പങ്കെടുക്കുകയും ജമാഅത്തിനുവേണ്ടി വാദിക്കുകയും കേസിനോടുള്ള കടമ നിറവേറ്റുകയും ചെയ്തു. 1978 ൽ മജ്ലിസെ ശൂറായുടെ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അംഗമായി. പിന്നീട് സ്വദർ അഞ്ചുമൻ അഹ്മദിയ്യായുടെ നിയമങ്ങളുടേയും ചട്ടങ്ങളുടേയും രചനയിലും സേവനം ചെയ്യാൻ അദ്ദേഹത്തിന് അവസരം കിട്ടി. ഫിഖ(കർമശാസ്ത്രം)കമ്മിറ്റിയുടെ അംഗമെന്ന നിലയിൽ ഫിഖ്ഹെ അഹ്മദിയ്യായുടെ ഭാഗം ഒന്നിന്റെ രചനയിലും പങ്കെടുക്കാൻ അവസരം ലഭിച്ചു. പിന്നീട് 1977-78 ലെ ജൽസസാലാനകളിലും അദ്ദേഹത്തിന് പ്രസംഗിക്കാൻ അവസരം കിട്ടി. ഇസ്ലാമും മതസ്വാതന്ത്ര്യവും, ഇസ്ലാമിൽ ഭിന്നിപ്പിന്റെ തുടക്കം, അഹ്മദി അംഗങ്ങൾ അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരുടെ ദൃഷ്ടിയിൽ, സൗഖ്യത്തിന്റെ കോട്ട, അഹ്മദിയ്യാ വൃക്ഷത്തിന്റെ മധുരഫലങ്ങൾ എന്നീ വിഷയങ്ങളിൽ 79 മുതൽ 83 വരെയുള്ള ജൽസാസാലാനകളിൽ പ്രസംഗിക്കാൻ സൗഭാഗ്യമുണ്ടായി. എം.ടി.എ യുടെ വിവിധ പരിപാടികളിൽ പങ്കെടുക്കാൻ ഭാഗ്യം കിട്ടി. അന്യരുടെ ആക്ഷേപങ്ങൾക്ക് മറുപടി നല്കി. അദ്ദേഹത്തിന്റെ മതപരമായ അറിവും വളരെയേറെയായിരുന്നു. ദൈവകൃപയാൽ ഭൗതിക അറിവും വളരെ അധികമായിരുന്നു. വളരെ നല്ല നിലയിൽ സംസാരിക്കുകയും ചെയ്യുമായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അല്ലാഹു അദ്ദേഹത്തിന് ഒരു പ്രത്യേക കഴിവ് നല്കിയിരുന്നു. അതിൽനിന്ന് അദ്ദേഹം നല്ലവണ്ണം പ്രയോജനമെടുത്തു. അല്ലാഹു ജമാഅത്തിന് സേവനം ചെയ്യാൻ അദ്ദേഹത്തിന് അവസരം നല്കി. 1974 ൽ പാക്കിസ്താനിലെ ദേശീയ അസംബ്ലിയിലെ വിധിയെതുടർന്നുണ്ടായ ചർച്ചകൾ, ലോകപ്രശ്സ്ത ചരിത്രകാരന്മാരുടെ അഭിമുഖങ്ങൾ, ബറാഹീനെ അഹ്മദിയ്യായുടെ മഹാസിൻ തുടങ്ങിയവയിൽ പങ്കെടുത്തു. 1984 ലെ 'ഖാദിയാനി നിരോധന ഓർഡിനൻസി'നെതിരിൽ ശരീഅത്ത് കോടതിയിൽ നല്കപ്പെട്ട കേസ് വാദിക്കാൻ തൗഫീഖ് കിട്ടി. അവിടേയും അദ്ദേഹം വളരെ നല്ല നിലയിൽ കടമ നിറവേറ്റി. സൈനിക കോടതികളിലും കേസ് വാദിക്കാൻ അവസരം കിട്ടി. ജമാഅത്തിനെതിരിലുള്ള കേസുകളിൽ 'അസീറാനെ രാഹെ മൗലാ'യെ(അല്ലാഹുവിന്റെ മാർഗത്തിൽ തടവിൽ കഴിയുന്ന അഹ്മദികൾ) സേവിക്കാനും തൗഫീഖ് കിട്ടി. 1993 ലെ സുപ്രീം കോടതിയിലെ മനുഷ്യാവകാശ കേസ് വാദിക്കാനുള്ള ടീമിലെ അംഗവുമായിരുന്നു. അതിനും അദ്ദേഹത്തിന് അവിടെ അവസരം കിട്ടി. 1976-ൽ കറാച്ചിയിൽ സംഘടിപ്പിച്ച ജൂയറിസ്റ്റുകളുടെ സമ്മേളനത്തിൽ പ്രബന്ധം അവതരിപ്പിക്കാൻ അവസരം കിട്ടി. ഇംഗ്ലണ്ട്, ജർമനി, സ്വിറ്റ്സർലാന്റ്, അമേരിക്ക, കനഡ, ജപ്പാൻ, തുടങ്ങിയ രാജ്യങ്ങളിൽ മനുഷ്യാവകാശ കാര്യങ്ങളുമായി ബന്ധപ്പെട്ട് ബുദ്ധിമതികളും നിയമവിദഗ്ദ്ധരുമായി അഭിപ്രായങ്ങൾ പങ്കുവെക്കാനും ചർച്ചകളിലേർപെടാനും സെമിനാറുകളിൽ പങ്കെടുക്കാനും അവസരം കിട്ടി. America Minnesota State Universty യിലെ നിയ

(ശേഷം പേജ് 19ൽ)

# ഖുത്ബ ജുമുഅ

## ജുമുഅയുടെ ബർക്കത്തുകൾ കരസ്ഥമാക്കുന്നതിന് കഠിനാധ്വാനത്തിന്റെ ആവശ്യമുണ്ട്.

'അല്ലാഹുവേ! ഖത്താദ സ്വന്തം മുഖം കൊണ്ട് നിന്റെ നബിയുടെ മുഖത്തെ സംരക്ഷിച്ചിരിക്കുന്നു.
അതിനാൽ നീ അദ്ദേഹത്തിന്റെ രണ്ട് കണ്ണുകളിലുംവച്ച് ഈ കണ്ണിനെ,
കൂടുതൽ ഭംഗിയുള്ളതും കാഴ്ചശക്തിയുള്ളതുമാക്കി തീർക്കേണമേ.'

'എന്റെ ജീവൻ ആരുടെ കൈകയിലാണോ അവനാണ്! സൂറ ഇഖ്ലാസ്,
വിശുദ്ധ ഖുർആനിന്റെ പകുതിയ്ക്ക് അല്ലെങ്കിൽ മൂന്നിലൊന്നിന് തുല്യമാണ്.'

'നബി(സ)തിരുമേനി പറഞ്ഞു: ജുമുഅ ദിവസം ഒരു നിമിഷമുണ്ട്. ഏതെങ്കിലും ഒരു മുസ്‌ലിമിന്
അവൻ നമസ്കരിക്കുകയും അല്ലാഹുവിനോട് നന്മ തേടുകയും ചെയ്യുന്ന നേരത്ത് ആ നിമിഷം ലഭ്യമായാൽ
അല്ലാഹു അവന് തീർച്ചയായും അതു നൽകുന്നതാണ്. അത് അസ്റിനുശേഷമുള്ള നിമിഷമാണ്.'

ആത്മാർഥതയുടേയും കൂറിന്റേയും ആൾരൂപമായ നബി(സ)തിരുമേനിയുടെ ബദ്റിൽ പങ്കെടുത്ത സ്വഹാബിമാരായ
ഹദ്റത്ത് ഖത്താദ ബിൻ നുഅ്മാൻ അൻസ്വാരിയുടേയും ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മള്ഊന്റേയും
(റളിയല്ലാഹു അൻഹും വർളൂ അൻഹു) അനുഗൃഹീത ജീവചരിത്ര വിവരണം
**അല്ലാഹു ഇവരുടെ ദർജകൾ ഉയർത്തിക്കൊണ്ടിരിക്കുമാറാകട്ടെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

**ഖുത്‌ബ ജുമുഅ 2019 ആഗസ്റ്റ് 16/1398 ളുഹൂർ 16**
**മസ്ജിദ് ബയ്തുൽ ഫുത്തൂഹ് മോർഡൺ സിററി(യു.കെ)**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ
غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

കഴിഞ്ഞ കുറച്ചു നാളുകളായി ഞാൻ വിവരിച്ച് കൊണ്ടിരിക്കുന്ന ബദ്‌രീ സ്വഹാബാക്കളെ സംബന്ധിച്ചാണ് ഇന്നും ഞാൻ വിവരിക്കുന്നത്.

**ഹദ്റത്ത് ഖത്താദ ബിൻ നുഅ്മാൻ അൻസ്വാരി:** ആദ്യമായി ഹദ്റത്ത് ഖത്താദ ബിൻ നുഅ്മാൻ അൻസ്വാരിയെ കുറിച്ചാണ് പറയുന്നത്. ഹദ്റത്ത് ഖത്താദയുടെ ബന്ധം അൻസ്വാർ ഗോത്രമായ ഖദ്റജിലെ ബനൂ സഫ്ർ കുടുംബവുമായാണ്. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് ഹദ്റത്ത് നുഅ്മാൻ ബിൻ സയ്ദ് എന്നും മാതാവിന്റെ പേര് ഉനയ്സ ബിൻത് ഖയ്സ് എന്നുമായിരുന്നു. ഹദ്റത്ത് ഖതാദയുടെ സംജ്ഞാനാമം അബൂ ഉമർ എന്നതിനു പുറമെ അബൂ അംറ്, അബൂ അബ്ദുല്ലാഹ് എന്നും പറയപ്പെടുന്നുണ്ട്. ഹദ്റത്ത് ഖത്താദ ഹദ്റത്ത് അബൂ സഈദ് ഖുദ്‌രിയുടെ മാതാവ് വഴിയുള്ള സഹോദരനായിരുന്നു. ഹദ്റത്ത് ഖത്താദയ്ക്ക് 70 അൻസ്വാർ സ്വഹാബത്തിനോടൊപ്പം അഖബ ബയ്അത്തിൽ പങ്കെടുക്കാൻ തൗഫീഖ് ലഭിച്ചിരുന്നു. അല്ലാമ ഇബ്നു ഇസ്ഹാഖിന്റെ നിവേദനത്തിൽ എഴുതിയിട്ടുള്ളത് അഖബയിൽ പങ്കെടുത്ത അൻസ്വാരി സ്വഹാബത്തിൽപ്പെട്ടയാളല്ല ഇദ്ദേഹം എന്നാണ്. അല്ലെങ്കിൽ അദ്ദേഹം ഇദ്ദേഹത്തെ കുറിച്ച് പരാമർശിച്ചിട്ടില്ല.

നബി(സ)തിരുമേനി നിശ്ചയിച്ച അമ്പെയ്ത്തുകാരിൽ പെട്ടയാളായിരുന്നു ഹദ്റത്ത് ഖത്താദ(റ). ബദ്ർ, ഉഹുദ്, ഖൻദഖ്, തുടങ്ങി എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുക്കുവാനുള്ള തൗഫീഖും അദ്ദേഹത്തിന് ലഭിച്ചിരുന്നു. ഉഹുദു യുദ്ധ ദിവസം ഖത്താദയുടെ കണ്ണിൽ അമ്പ് ഏല്ക്കുകയുണ്ടായി. അതുമൂലം നേത്രഗോളം പുറത്തേക്ക് തള്ളിവന്നു. നബി(സ)തിരുമേനിയുടെ അടുത്ത് അദ്ദേഹം വന്ന് പറഞ്ഞു: 'യാ റസൂലല്ലാഹ്! അമ്പ് ഏറ്റതിനാൽ എന്റെ നേത്രഗോളം ഇതാ പുറത്ത് വന്നിരിക്കുന്നു. കാര്യമെന്താണെന്നാൽ എന്റെ ഭാര്യയെ ഞാൻ ഒരുപാട് സ്നേഹിക്കുന്നുണ്ട്. അവൾ എന്റെ കണ്ണ് ഈ അവസ്ഥയിൽ കണ്ടാൽ എന്നെ വെറുക്കുമോ എന്ന് എനിക്ക് ഭയമുണ്ട്.' അദ്ദേഹം പറയുന്നു: നബി(സ)തിരുമേനി നേത്രഗോളം കൈകൊണ്ട് തിരിച്ചുവച്ചു. ശരിയായ സ്ഥലത്ത് അത് നിലകൊണ്ടു. അങ്ങനെ അദ്ദേഹത്തിന് കാഴ്ച്ച തിരിച്ചുകിട്ടി. വാർദ്ധക്യാവസ്ഥയിലും രണ്ട് കണ്ണുകളിൽവച്ച് ഈ കണ്ണ്, കൂടുതൽ ശക്തിയും ഭംഗിയുള്ളതുമായിരുന്നു. നബി(സ)തിരുമേനി ഏതു കണ്ണിലാണോ തന്റെ ഉമിനീര് പുരട്ടിയത് ആ കണ്ണ് മറ്റേതിനെക്കാൾ കൂടുതൽ ഭംഗിയുള്ളതായിത്തീർന്നുവെന്ന് ഒരു നിവേദനത്തിൽ വന്നിട്ടുണ്ട്.(അത്ത്വബക്കാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 239, ഖത്താദ ബിൻ നുഅ്മാൻ, ദാറു അഹ്‌യാഉത്തുറാഥ് അൽ അറബി ബേറൂത്ത് 1996). (ഉസുദുൽ ഗാബ, ഫീ മഅ്രിഫത്തിസ്സ്വഹാബ ലി ഇബ്നി അഥീർ ഭാഗം 4, പേജ് 370–371, ഖത്താദ ബിൻ നുഅ്മാൻ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2008).

ഹദ്റത്ത് ഖത്താദ(റ) സ്വയം ഈ സംഭവം ഇങ്ങനെ വിശദീകരിക്കുന്നു: 'നബി(സ)തിരുമേനിക്ക് ഒരു വില്ല് ഹദിയയായി നല്കപ്പെട്ടു. അത് ഉഹുദു യുദ്ധദിവസം നബി(സ)തിരുമേനി എനിക്കു നല്കി. ഞാൻ അതുകൊണ്ട് നബി(സ)തിരുമേനിയുടെ മുമ്പിൽ അമ്പെയ്തുകൊണ്ടിരുന്നു. അങ്ങനെ അതിന്റെ വില്ല് ഒടിഞ്ഞുപോയി. എന്നിട്ടും ഞാൻ നബി(സ)തിരുമേനിയുടെ മുഖകമലത്തിനു മുമ്പിൽതന്നെ നിന്നു. പൊതുവെ ഹദ്റത്ത് ത്വൽഹായുടെ സംഭവമാണ് പറയാറുള്ളത്. അദ്ദേഹത്തെ കുറിച്ചും പറയുന്നുണ്ട്. ഹദ്റത്ത് ഖത്താദ(റ) പറയുന്നു: ഞാൻ മുന്നിൽനിന്നു. നബി(സ)തിരുമേനിയുടെ നേരെ അമ്പുകൾ വരുമ്പോൾ, പരിചയായിനിന്ന് നബി(സ)തിരുമേനിയുടെ അനുഗൃഹീത മുഖത്ത് അത് തറയ്ക്കാതിരിക്കാൻ എന്റെ തലകൊണ്ട് ഞാൻ തടുക്കുമായിരുന്നു. ആ നേരത്ത് എന്റെ കൈയിൽ അമ്പൊന്നുമുണ്ടായിരുന്നില്ല. അതിന്നിടയിൽ ഒരു അമ്പ് എന്റെ കണ്ണിൽ തറച്ചു. അപ്പോൾ എന്റെ നേത്രഗോളം താഴോട്ടിറങ്ങി എന്റെ കവിൾത്തടത്തിലെത്തി. ഞാൻ കൈകൊണ്ട് ആ നേത്രഗോളം അമർത്തി പിടിച്ചു. അത് കൈയിൽ വെച്ച് കൊണ്ട് നബി(സ)തിരുമേനിയുടെ അടുത്തെത്തി. നബി(സ)തിരുമേനി അടുത്തുതന്നെയായിരുന്നു, അതിനാൽ അവിടെ കൊണ്ടുപോയി. നബി(സ)തിരുമേനി അതെന്റെ കൈയിൽ കണ്ടപ്പോൾ വിഷമംകൊണ്ട് അവിടത്തെ കണ്ണീർ ഒഴുകാൻ തുടങ്ങി. എന്നിട്ട് പറഞ്ഞു: 'അല്ലാഹുവേ! ഖത്താദ സ്വന്തം മുഖം കൊണ്ട് നിന്റെ നബിയുടെ മുഖത്തെ സംരക്ഷിച്ചിരിക്കുന്നു. അതിനാൽ നീ അദ്ദേഹത്തിന്റെ രണ്ട് കണ്ണുകളിലും വച്ച് ഈ കണ്ണിനെ, കൂടുതൽ ഭംഗിയുള്ളതും കാഴ്ചശക്തിയുള്ളതുമാക്കി തീർക്കേണമേ. അങ്ങനെ ആ കണ്ണ്, രണ്ടിലുംവച്ച് കൂടുതൽ ഭംഗിയുള്ളതും കാഴ്ചയുള്ളതുമായി മാറി. (അൽമുഅ്ജമുൽ കബീർ ലിത്ത്വബ്റാനീ , വാല്യം 19, പേജ് 8, ഉമർ ബിൻ ഖത്താദ ബിൻ അന്നുഅ്മാൻ അൻ അബീഹി, ദാറു അഹ്‌യാഉത്തുറാഥ് അൽ അറബി 2002).

അദ്ദേഹം സ്വയം വിശദീകരിച്ചിട്ടുള്ളതിൽ ഭാര്യയോടുള്ള സ്നേഹത്തെ പറ്റി, 'ഇതുകൊണ്ട് അവൾ എന്നെ വെറുക്കും' എന്നുള്ള കാര്യം എഴുതിയിട്ടില്ല. ഞാൻ ആദ്യം വിവരിച്ചത് ചരിത്രകാരന്മാരാണ് എഴുതിയിട്ടുള്ളത്. സംഭവത്തിൽ താൽപര്യമുണ്ടാക്കുന്നതിനോ അല്ലെങ്കിൽ വെറുതെയോ! എന്തായാലും നിവേദനങ്ങളിൽ ഭാര്യയെ സംബന്ധിച്ച് പറഞ്ഞത് കാണുന്നില്ല. യുദ്ധത്തിന്നിടയിൽ കണ്ണ് വെളിയിലേക്ക് തുറിച്ചുവന്നിരുന്നു. നബി(സ)തിരുമേനി അതെടുത്ത് യഥാർഥ സ്ഥാനത്ത് വെക്കുകയും അദ്ദേഹത്തിന് കാഴ്ച തിരിച്ചു ലഭിക്കുകയും ചെയ്തു. ഇക്കാരണത്താൽ പിന്നീട് ഹദ്റത്ത് ഖത്താദ(റ) 'ദുൽഅയ്ൻ' അതായത് 'കണ്ണുകാരൻ' എന്ന ഉപനാമത്തിൽ പ്രസിദ്ധനായി.(അൽ ഇസ്വാബ ഫീ തമീസി സ്സ്വഹാബ ലിഇബ്നി ഹജർ അസ്ഖലാനീ വാല്യം 2, പേജ് 345, ദുൽഅയ്ൻ(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്, ലബ്നാൻ, 2005).

ഹദ്റത്ത് ഖത്താദ(റ), ഖൻദഖിലും മറ്റെല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തിരുന്നു. മക്കാവിജയ സമയത്ത് ബനൂ ളഫ്ർ ഗോത്രത്തിന്റെ പതാക ഹദ്റത്ത് ഖത്താദയുടെ കൈയിലായിരുന്നു ഉണ്ടായിരുന്നത്. ഹദ്റത്ത ഖത്താദ(റ) 65-ാമത്തെ വയസ്സിൽ ഹിജറ 23 ന്

വഫാത്തായി. ഹദ്റത്ത് ഉമർ(റ) മദീനയിൽ അദ്ദേഹത്തിന്റെ ജനാസ സമസ്കരിപ്പിച്ചു. ഖബ്റിൽ, അദ്ദേഹത്തിന്റെ മാതാവ് വഴിയുള്ള സഹോദരൻ അബൂസഈദ് ഖുദ്രിയും, മുഹമ്മദ് ബിൻ മസ്ലമയും ഹാരിഥ് ബിൻ ഖുസ്മയും ഇറങ്ങി. ഒരു നിവേദനമനുസരിച്ച് ഹദ്റത്ത് ഉമർ(റ)ഉം ഖബ്റിൽ ഇറങ്ങിയവരിലുണ്ടായിരുന്നു. ഹദ്റത്ത് ഖത്താദ(റ)യുടെ ഒരു പവിത്രന്റെ പേര് ആസ്വിം ബിൻ ഉമർ എന്നായിരുന്നു. അദ്ദേഹം 'ഇൽമുൽഅൻസാബി'ന്റെ പണ്ഡിതനായിരുന്നു. അതായത് ഗോത്രങ്ങളുടെ കുടുംബങ്ങളുടേയും തലമുറകളുടേയും അറിവുള്ള ആളായിരുന്നു. അദ്ദേഹത്തിൽനിന്ന് അല്ലാമ ഇബ്നുഇസ്ഹാഖ് ധാരാളം നിവേദനങ്ങൾ വിവരിച്ചിട്ടുണ്ട്.(അത്ത്വബക്കാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 239 വമിൻ ബനീ ളഫ്ർ, ഖത്താദ ബിൻ നുഅ്മാൻ, ദാറു അഹ്യാഉത്തുറാഥ് അൽ അറബി 1996).(ഉസുദുൽ ഗാബ, ഫീ മഅ്രിഫത്തിസ്സ്വഹാബ ലിഇബ്നിഅഥീർ വാള്യം 4, പേജ് 373, ഖത്താദ ബിൻ നുഅ്മാൻ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2008).(സയ്റുസ്സ്വഹാബ അസ് സഈദ് അൻസ്വാരി, വാള്യം 3, പേജ് 474, ദാറുൽഇശാഅത്ത് കറാച്ചി, 2004)

ഒരു നിവേദനമുണ്ട്. നബി(സ)തിരുമേനിയുടെ കൈയിൽ ഒരു വില്ലുണ്ടായിരുന്നു. അതിന്റെ പേര് 'കുതൂം' എന്നായിരുന്നു. 'നബഅ്' എന്ന മരത്തിൽ നിന്ന് അമ്പുണ്ടാക്കാറുണ്ടായിരുന്നു. അതുകൊണ്ടുണ്ടാക്കിയതായിരുന്നു ഈ അമ്പ്. ഈ വില്ലാണ് ഉഹുദു യുദ്ധത്തിന്റെ ദിവസം ഹദ്റത്ത് ഖ ത്താദായുടെ കൈയിൽ നിന്ന് അധികമായി ഉപയോഗിച്ച കാരണത്താൽ ഒടിഞ്ഞുപോയത്.(താരീഖ് ദിമശ്ഖ് ലിഇബ്നി അസാക്കിർ, വാള്യം 4, പേജ് 148, ദാറു അഹ്യാഉത്തുറാഥ് അൽ അറബി 2001) (ലുഗാത്തുൽ ഹദീഥ് വാള്യം 4, പേജ് 293, പ്രസാധകർ അലി ആസിഫ് പ്രിന്റേഴ്സ് ലാഹോർ 2005)

ഹദ്റത്ത് ഖത്താദ ബിൻ നുഅ്മാൻ(റ) പറയുന്നു: 'അൻസ്വാറിലെ ഒരു കുടുംബം ബനൂ ഉബയ്റഖ് എന്ന് പറയപ്പെടുന്നു. അതിൽ മൂന്ന് സഹോദരന്മാരുണ്ടായിരുന്നു. ബിശ്ർ, ബശീർ, മുബശ്ശിർ. ബശീർ കപടവിശ്വാസിയായിരുന്നു. കവിത രചിക്കുമായിരുന്നു. കവിതകളിലൂടെ നബി(സ)തിരുമേനിയുടെ സ്വഹാബത്തിനെ പരിഹസിക്കുമായിരുന്നു. ബാഹ്യത്തിൽ ഇയാൾ മുസ്ലിമുമായിരുന്നു. പക്ഷേ, അയാളുടെ ചില കർമങ്ങൾ അതിനനുശ്രതമായിരുന്നില്ല. പിന്നെ ചില അറബികളുമായി ബന്ധപ്പെടുത്തി ഇന്നയാൾ ഇങ്ങനെ ഇങ്ങനെ പറഞ്ഞുവെന്ന് അയാളോടു പറഞ്ഞിരുന്നു. നബി(സ)തിരുമേനിയുടെ സ്വഹാബത്ത് ഈ കവിതകൾ കേട്ടപ്പോൾ അവർ പറഞ്ഞു: 'അല്ലാഹുവാണ! ഈ കവിത ആ ദുഷ്ടൻ പറഞ്ഞതാണ്.' അതായത് സ്വഹാബത്ത് പറഞ്ഞു, ഈ കവിതകൾ ഇബ്നുഉബയ്റഖ് പറഞ്ഞതാണ്. ആ ആളുകൾ ജാഹിലിയാ കാലഘട്ടത്തിലും അതുപോലെ ഇസ്ലാമിലും രണ്ട് കാലത്തും പട്ടിണിയും പരാധീനതയും ഉള്ളവരായിരുന്നു. അവരിൽ ഒരു മാറ്റവും ഉണ്ടായിരുന്നില്ല. ജോലി ഒന്നും ചെയ്യുമായിരുന്നില്ല, അധ്വാനിക്കുമായിരുന്നില്ല. അതുകാരണം വളരെയധികം ദാരിദ്ര്യത്തിലായിരുന്നു.' പിന്നീട് പറയുന്നു: 'മദീനയിലെ ജനങ്ങളുടെ ഭക്ഷണം ഈത്തപ്പഴവും യവവും തന്നെയായിരുന്നു. ധാന്യങ്ങൾ വില്ക്കുന്ന ഏതെങ്കിലും വ്യക്തി ശാമിൽനിന്ന് നല്ല മൃദുവായ പൊടി(മൈദ) കൊണ്ടുവന്നാൽ സമ്പന്നർ അതിൽനിന്ന് കുറച്ചുവാങ്ങുമായിരുന്നു. അത് തനിക്കു മാത്രമുള്ളതാക്കി വെക്കുമായിരുന്നു. എന്നാൽ, തങ്ങളുടെ ഭാര്യയും മക്കളും ഈത്തപ്പഴവും യവവുംതന്നെയാണ് കഴിച്ചിരുന്നത്.' അദ്ദേഹം പറയുന്നു: 'ഒരിക്കൽ ധാന്യങ്ങൾ വിൽക്കുന്ന കച്ചവടക്കാരൻ ശാമിൽനിന്ന് വന്നപ്പോൾ എന്റെ പിതൃവ്യൻ രിഫാഅ് ബിൻ സയ്ദ് ഒരു ചാക്ക് മൈദ വാങ്ങി. അത് തന്റെ ഗോഡൗണിൽവച്ചു. അതിൽ ആയുധങ്ങളും വാളുകളും പരിചകളും വെച്ചിട്ടുണ്ടായിരുന്നു.'

ഖത്താദ(റ) പറയുന്നു: 'ഒരിക്കൽ എന്റെ പിതൃവ്യൻ രിഫാഅ ബിൻ സയ്ദിന്റെ ഗോഡൗൺ കൊള്ളയടിക്കപ്പെട്ടു. മതിലുകൾ പൊളിച്ച് അകത്ത് പ്രവേശിച്ച കള്ളന്മാർ, റേഷനും ആയുധങ്ങളുമെല്ലാം മോഷ്ടിച്ചു. രാവിലെ എന്റെ പിതൃവ്യൻ രിഫാഅ എന്റെയടുക്കൽ വന്നു പറഞ്ഞു: എന്റെ സഹോദരപുത്രാ! ഇന്നലെ രാത്രി വലിയ അക്രമം നടന്നു. നമ്മുടെ സംഭരണശാല കൊള്ളയടിക്കപ്പെട്ടു. ഭക്ഷ്യവസ്തുക്കളും ആയുധങ്ങളും എല്ലാം മോഷ്ടിക്കപ്പെട്ടു.' ഞങ്ങൾ മഹല്ലുകാരോട് വിവരങ്ങൾ അന്വേഷിച്ചറിയാൻ ശ്രമിച്ചു. ആളുകളോട് ചോദിച്ചു. തങ്ങൾ ബനൂ ഉബയ്റഖിനെ ആ രാത്രിയിൽ കണ്ടിരുന്നുവെന്ന് അവർ ഞങ്ങളോട് പറഞ്ഞു; അവർ തീ കത്തിച്ച് വച്ചിരുന്നു. നിങ്ങളുടെ ഭക്ഷണം കൊണ്ട് അവർ ആഘോഷിക്കുകയായിരുന്നുവെന്ന് ഞങ്ങൾ വിചാരിക്കുന്നു.'ഞങ്ങൾ മഹല്ലിൽ ചോദിച്ചന്വേഷിച്ച് വരുമ്പോൾ ബനൂ ഉബയ്റഖ് പറഞ്ഞു: 'അല്ലാഹുവാണ! നിങ്ങളുടെ സാധനങ്ങൾ മോഷ്ടിച്ചത് ലബീദ് ബിൻ സഹ്ലാണെന്നാണ് ഞങ്ങൾക്കു തോന്നുന്നത്.' അതായത് വേറെ ആരുടേയോ പേരു പറഞ്ഞുകൊടുത്തു. അദ്ദേഹം പറയുന്നു: 'ലബീദ് ബിൻ സഹ്ൽ ഞങ്ങളിൽപ്പെട്ട സാത്വികനും മുസ്ലിമുമായിരുന്നു.' ലബീദ് ഇതു കേട്ടപ്പോൾ-ബനൂ ഉബയ്റഖ് തന്റെമേൽ മോഷണക്കുറ്റം ആരോപിക്കുന്നുവെന്ന് കേട്ടപ്പോൾ തന്റെ വാൾ ഉറയിൽനിന്നെടുത്തു. ഞാൻ കള്ളനാണോ എന്ന് ചോദിച്ചു. അല്ലാഹുവാണ! എന്റെ ഈ വാൾ നിങ്ങളുടെ ഇടയിൽ ഇങ്ങനെതന്നെയുണ്ടാകും. ഇല്ലെങ്കിൽ ഈ മോഷണത്തെ കുറിച്ച് വിവരം അന്വേഷിച്ചു നല്കുക. വളരെ ദേഷത്തോടെ അദ്ദേഹം പറഞ്ഞു. ഇനി ഇതായിരിക്കും തീരുമാനമുണ്ടാക്കുക. താങ്കൾ താങ്കളുടെ വാൾ ഉറയിലിടുക എന്ന് ആളുകൾ പറഞ്ഞു. താങ്കൾ കള്ളനല്ലെന്നും താങ്കൾ നല്ല മനുഷ്യനാണെന്ന് തങ്ങൾക്ക് ദൃഢവിശ്വാസമുണ്ടെന്നും പറഞ്ഞു. ഞങ്ങൾ അങ്ങനെ മഹല്ലിൽ അന്വേഷിച്ചപ്പോൾ ബനൂ ഉബയ്റഖ് തന്നെയാണ് മോഷ്ടാവ് എന്നതിൽ സംശയമൊന്നും അവശേഷിച്ചില്ല.

എന്റെ പിതൃവ്യൻ പറഞ്ഞു: 'എന്റെ സഹോദരപുത്രാ! നീ നബി(സ)തിരുമേനിയുടെ അടുക്കൽ പോകുകയും ഈ അപകടത്തെ കുറിച്ച് പറയുകയും ചെയ്തിരുന്നെങ്കിൽ എനിക്ക് എന്റെ ധനം തിരിച്ച് ലഭിക്കുമായിരുന്നേനെ.' ഹദ്റത്ത് ഖത്താദ ബിൻ നുഅ്മാൻ(റ) പറയുന്നു: 'ഞാൻ ഈ കാര്യം കേട്ട് നബി(സ)തിരുമേനിയുടെ അരികിലെത്തി. എന്നിട്ട് പറഞ്ഞു: 'നമ്മുടെ ആളുകളിൽപെട്ട ഒരു കുടുംബം അക്രമവും അനീതിയും കാണിച്ചിരിക്കുന്നു. അവർ എന്റെ പിതൃവ്യൻ, രിഫാഅയുടെ വീട്ടിലേക്ക് തിരിയുകയും അദ്ദേഹത്തിന്റെ സംഭരണശാല തകർത്ത് അദ്ദേഹത്തിന്റെ ആയുധങ്ങളും ഭക്ഷ്യവസ്തുകളും മോഷ്ടിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ ആയുധങ്ങൾ ഞങ്ങൾക്കു തിരിച്ചുകിട്ടണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. ഞങ്ങളുടെ റേഷനും ധാന്യവും തിരിച്ചുകിട്ടിയിട്ടില്ലെങ്കിലും കുഴപ്പമില്ല.' നബി (സ) തിരുമേനി പറഞ്ഞു: 'ഞാനിതിനെ സംബന്ധിച്ച് കൂടിയാലോചിച്ച ശേഷം എന്തെങ്കിലും തീരുമാനം എടുക്കുന്നതാണ്.' ഈ കാര്യം ബനൂ ഉബയ്റഖ് കേട്ടപ്പോൾ തങ്ങളുടെ ജനതയിലെ ഒരാളുടെ അടുത്തുവന്നു. അയാൾ അസീർ ബിൻ ഉറവ എന്നാണ് പറയപ്പെടുന്നത്. അവർ അയാളുമായി ഇക്കാര്യത്തെ കുറിച്ച് സംസാരിച്ചു. മഹല്ലിലെ കുറച്ചാളുകളും ഇക്കാര്യത്തിൽ അവരോടൊപ്പം ഒരേ അഭിപ്രായക്കാരായി. അവരെല്ലാവരും നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജറായി. അവർ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! ഖത്താദ ബിൻ നുഅ്മാനും അദ്ദേഹത്തിന്റെ പിതൃവ്യനും ഞങ്ങളിൽപ്പെട്ട മുസ്ലിമീങ്ങളും നല്ലവ്യക്തികളുമായ ഒരു കുടുംബത്തിന്റെമേൽ സാക്ഷിയോ തെളിവോ കൂടാതെ മോഷണകുറ്റം ആരോപിക്കുകയാണ്.' ഖത്താദ(റ) പറയുന്നു: ഞാൻ നബി(സ)തിരുമേനിയുടെ അടുത്തുവന്നു. അങ്ങയുമായി സംസാരിച്ചു. നബി(സ)തിരുമേനി പറഞ്ഞു: 'മുസ്ലിമീങ്ങളെന്നു പറയപ്പെടുന്ന ഒരു വീട്ടുകാരുടെമേൽ താങ്കൾ മോഷണകുറ്റം ആരോപിക്കുകയാണ്. അവർ നല്ലവരാണെന്ന് പറയുന്നു. താങ്കളുടെ പക്കൽ സാക്ഷിയോ തെളിവോ ഒന്നുമില്ലതാനും.' ഖത്താദ(റ) പറയുന്നു: 'ഞാൻ തിരിച്ചുപോയി. ഞാൻ വിചാരിച്ചു, ഒരു പക്ഷേ ഈ കാര്യം നബി(സ)തിരുമേനിയോട് പറയാതിരുന്നെങ്കിൽ, എന്റെ ധനം നഷ്ടമായതിൽ ഞാൻ സങ്കടപ്പെടുമായിരുന്നില്ല. നബി(സ)തിരുമേനിയുടെ വാക്കുകൾ കേട്ടപ്പോൾ, ഞാൻ നബി(സ) തിരുമേനിയെ പ്രയാസപ്പെടുത്തിയെന്ന ചിന്ത എന്നെ അലട്ടി.' പിന്നീട് എന്റെ പിതൃവ്യൻ എന്റെയടുത്ത് വന്നു പറഞ്ഞു:'സഹോദരാ പുത്രാ! നീ ഇക്കാര്യത്തിൽ ഇതുവരെ എന്താണ് ചെയ്തത്?' നബി(സ)തിരുമേനി എനിക്കു നല്കിയ മറുപടി ഞാൻ അദ്ദേഹത്തോടു പറഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു: 'അല്ലാഹുതന്നെയാണ് നമ്മുടെ സഹായി.' ഞങ്ങളുടെ ഈ സംസാരം കഴിഞ്ഞ് കുറച്ചു കാലമെ ആയുള്ളു വിശുദ്ധ ഖുർആനിലെ ഈ വചനം ഇറങ്ങി: *ഇന്നാ അൻസൽനാ ഇലയ്ക്കൽ കിതാബ ബിൽഹഖ്ഖി ലി തഹ്കുമ ബയ്നന്നാസി ബിമാ അറാക്കല്ലാഹു വലാ തകുൻ ലിൽഖാഇനീന ഖസ്വീമാ*(4:106).'തീർച്ചയായും നിനക്ക് സത്യം ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നത് അല്ലാഹു നിനക്കു കാണിച്ചുതന്നതനുസരിച്ച് നീ ജനങ്ങൾക്കിടയിൽ തീരുമാനം കല്പിക്കുന്നതിനുവേണ്ടിയാണ്. അതിനാൽ നീ വഞ്ചകന്മാർക്കുവേണ്ടി വാദിക്കുന്നവനാകരുത്.' വഞ്ചകർ എന്നതുകൊണ്ട് ഇവിടെ എഴുതിയിരിക്കുന്നത് ബനൂ ഉബയ്റഖാണ്. പിന്നീട് ഇങ്ങനേയുമുണ്ട്; വസ്തഗ്ഫിരില്ലാഹ് അല്ലാഹുവിനോ ടു നീ പൊറുത്തുതരുന്നതിന് അപേക്ഷിക്കുക. *ഇന്നല്ലാഹ കാന ഗഫൂർറഹീമാ* നിശ്ചയമായും അല്ലാഹു അങ്ങേയറ്റം പൊറുത്തുകൊടുക്കുന്നവനും കരുണാമയനുമാകുന്നു.(4:107) പിന്നീട് അല്ലാഹു തുടർന്നുകൊണ്ടു പറഞ്ഞു: *വലാ തുജാദിൽ അനില്ലദീന യഖ്ത്താനൂന അൻഫുസഹും ഇന്നല്ലാഹ ലാ യുഹിബ്ബു മൻ കാന ഖവ്വാനൻ അഥീമാ യസ്തഖ്ഫൂന മിന്നനാസി വലാ യസ്തഖ്ഫൂന മിനല്ലാഹി വഹുവ മഅഹും ഇദ് യുബയ്യിത്തൂന മാലാ യർളാ മിനൽഖൗലി വകാനല്ലാഹു ബിമാ യ്മലൂന മുഹീത്വാ ഹാ അൻതും ഹാ ഉലാഇ ജാദൽത്തും അൻഹു ഫിൽ ഹയാത്തിദ്ദുൻയാ ഫമൻ യുജാദിലുല്ലാഹ അൻഹും യൗമൽ ഖിയാമത്തി അമ്മൻയ്യകൂനു അലയ്ഹിം വക്കീലാ വമൻയ്യഅ്മൽ സൂഅൻ ഔ യള്ലിം നഫ്സഹൂ ഥുമ്മ യസ്തഗ്ഫിരില്ലാഹ് യജിദില്ലാഹ ഗഫൂർറഹീമാ*

ആത്മവഞ്ചന ചെയ്യുന്നവർക്കുവേണ്ടി നീ തർക്കിക്കരുത്. കടുത്ത വഞ്ചകനും മഹാപാപിയുമായവനെ അല്ലാഹു ഇഷ്ടപ്പെടുകയില്ലതന്നെ. ജനങ്ങളിൽനിന്ന് അവർ ഒളിക്കാൻ ഉദ്ദേശിക്കുന്നു. എന്നാൽ, അല്ലാഹുവിൽനിന്ന് അവർക്ക് ഒളിക്കാൻ സാധ്യമല്ല. വാസ്തവത്തിൽ അവൻ ഇഷ്ടപ്പെടാത്ത കാര്യങ്ങൾ അവർ രാത്രിയിൽ കൂടിയാലോചിക്കുമ്പോൾ അവൻ അവരോടൊപ്പമുണ്ട്. അവർ പ്രവർത്തിക്കുന്നതെന്തും അല്ലാഹു വലയം ചെയ്യുന്നവനാണ്. നോക്കൂ! അവർക്കുവേണ്ടി ഇഹലോകജീവിതത്തിൽ വാദിച്ചിരുന്ന കൂട്ടരാണ് നിങ്ങൾ. എന്നാൽ, പുനരുഥാന നാളിൽ അവർക്കുവേണ്ടി അല്ലാഹുവിനോടു വാദിക്കുന്നവർ ആരാണ്? അല്ലെങ്കിൽ അന്ന് അവരുടെ രക്ഷാ കർത്താവായി ആരാണുണ്ടായിരിക്കുക? വല്ലവനും ഒരു തിന്മ പ്രവർത്തിക്കുകയോ തന്റെ ആത്മാവിനോടു ദ്രോഹം ചെയ്യുകയോ ചെയ്തിട്ട് അല്ലാഹുവിനോടു പാപപൊറുതിക്കായി പ്രാർഥിക്കുന്നതായാൽ അവൻ അല്ലാഹുവിനെ സർവഥാ പൊറുക്കുന്നവനും കരുണാമയനുമായി കണ്ടെത്തുന്നതാണ്.(4:108-111) വീണ്ടും അല്ലാഹു പറയുന്നു:

*വമൻയ്യക്സിബ് ഇഥ്മൻ ഫഇന്നമാ യക്സിബുഹു അലാ നഫ്സിഹീ വകാനല്ലാഹു അലീമൻ ഹക്കീമാ. വമൻയ്യക്സിബ് ഖത്വീഅത്തൻ ഔ ഇഥ്മൻ ഥുമ്മ യർമി ബിഹീ ബരീഅൻ ഫഖദിഹ്തമല ബുഹ്ത്താനൻ വ്വ ഇഥ്മൻ മ്മുബീനാ*(4:112–113)

ഏതൊരാൾ ഒരു തിന്മ പ്രവർത്തിക്കുന്നുവോ, അയാൾ തന്റെ ആത്മാവിന് ദോഷകരമായിട്ടുതന്നെയായിരിക്കും അത് പ്രവർത്തിക്കുന്നത്. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിജ്ഞനുമാകുന്നു. വല്ലവനും ഒരു തെറ്റോ കുറ്റമോ ചെയ്യുകയും പിന്നെ അത് ഒരു നിരാപരാധിയുടെമേൽ ആരോപിക്കുകയും ചെയ്യുന്നതായാൽ അയാൾ നിശ്ചമായും ഒരു കള്ളവും വ്യക്തമായ പാപഭാരവുമാണ് വഹിക്കുന്നത്.

പറയുന്നു: ഇതിലുള്ള സൂചന ബനൂഉബയ്റഖിനെ സംബന്ധിച്ചാണ്. ലബീദ് ബിൻ സഹ്ലാണ് ഈ മോഷണം നടത്തിയതെന്ന് തോന്നുന്നുവെന്ന് അയാൾ പറഞ്ഞിരുന്നു. പിന്നീട് അല്ലാഹു പറയുന്നു:

*വലൗ ലാ ഫള്ലുല്ലാഹി അലയ്ക്ക വ റഹ്മത്തുഹൂ ലഹമ്മത്ത്ത്വാഇഫത്തുൻ മ്മിൻഹും അൻ യ്യുളില്ലൂക്ക വമാ യുളില്ലൂന ഇല്ലാ അൻഫുസഹും വമാ യളുർറൂനക്ക മിൻ ശയ്ഇൻ വ അൻസലല്ലാഹു അലയ്ക്കൽ കിതാബ വൽഹിക്മത്ത വ അല്ലമക്ക മാലം തകുൻ തഅ്ലം വകാന ഫള്ലുല്ലാഹി അലയ്ക്ക അളീമൻ ലാ ഖയ്റ ഫീ കഥീരിൻ മ്മിന്നജ്വാഹും ഇല്ലാ മൻ അമറ ബിസ്വദഖത്തിൻ ഔ മഅ്റൂഫിൻ ഔ ഇസ്ലാഹിൻ ബയ്നന്നാസി വമൻയ്യഫ്അൽ ദാലിക്കബ്ത്തിഗാഅ മർളാത്തില്ലാഹി ഫസൗഫ നുഅ്ത്തീഹി അജ്റൻ അളീമാ*(4:114–115)

നിന്റെമേൽ അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവുമില്ലായിരുന്നെങ്കിൽ (ശത്രുക്കൾ അവരുടെ ദുരുദ്ദേശ്യത്തിൽ വിജയിച്ചുപോകുമായിരുന്നു. കാരണം) അവരിൽ ഒരു വിഭാഗം നിന്നെ നശിപ്പിക്കാൻ ദൃഢനിശ്ചയം ചെയ്തിട്ടുണ്ടായിരുന്നു. യഥാർഥത്തിൽ തങ്ങളെത്തന്നെയല്ലാതെ മറ്റാരേയും അവർ നശിപ്പിക്കുന്നില്ല. നിനക്ക് ഒരു ഉപദ്രവവും ഏല്പിക്കാൻ അവർക്കു സാധ്യവുമല്ല. അല്ലാഹു നിനക്ക് ഗ്രന്ഥവും യുക്തിജ്ഞാനവും ഇറക്കിത്തന്നിരിക്കുന്നു. നീ അറിയാതിരുന്നത് നിനക്കു പഠിപ്പിച്ചു തരികയും ചെയ്തിരിക്കുന്നു. നിന്റെമേലുള്ള അല്ലാഹുവിന്റെ അനുഗ്രഹം മഹത്തരമാണ്. അവരുടെ കൂടിയാലോചനകളിൽ മിക്കതിലും ഒരു നന്മയുമില്ല. ദാനധർമം ചെയ്യുന്നതിനോ നല്ല കാര്യങ്ങൾക്കായോ ജനങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കുന്നതിനോ കൂടിയാലോചന ചെയ്യുന്നവരുടേതൊഴിച്ച്. അല്ലാഹുവിന്റെ തൃപ്തി അന്വേഷിച്ച് ആരെങ്കിലും അങ്ങനെയുള്ള കൂടിയാലോചന ചെയ്യുന്നതായാൽ നാം അവന് മഹത്തായ പ്രതിഫലം നല്കുന്നതാണ്.

എന്തായാലും ഈ വചനങ്ങക്കു വേറേയും ഒരുപാട് ഉദ്ദേശ്യങ്ങളുണ്ട്. പക്ഷേ, ഇതിനെ സംബന്ധിച്ചും പറയുകയാണെങ്കിൽ കുറച്ചു നാളുകൾക്കുശേഷം തങ്ങളെ കുറിച്ചാണ് ഈ വചനങ്ങളെല്ലാം ഇറങ്ങിയതെന്ന് അവർക്ക് മനസ്സിലായി. നബി(സ)തിരുമേനിയ്ക്ക് വഹ്യ് മുഖേന അല്ലാഹു നിജസ്ഥിതി വ്യക്തമാക്കി കൊടുത്തു. ഇതിന്റെ ഫലം പിന്നീടുണ്ടായത് ഈ ആയത്തുകൾ ഇറങ്ങിയപ്പോൾ മോഷണം നടത്തി എന്ന് സംശയിച്ച ബനൂഉബയ്റഖ് തങ്ങളെ കുറിച്ചാണ് ഇതെന്ന് മനസ്സിലാക്കി. അവർ മോഷണകുറ്റം അംഗീകരിച്ച് കൊണ്ട് ആയുധങ്ങൾ നബി(സ)തിരുമേനിയുടെ അടുക്കൽ കൊണ്ട് വന്നു നല്കുകയും ചെയ്തു. അങ്ങനെ നബി(സ)തിരുമേനി ആ ആയുധങ്ങൾ ഉടമസ്ഥനായ രിഫാഅയെ തിരിച്ചേല്പിച്ചു. ഹദ്റത്ത് ഖത്താദ(റ) പറയുന്നു: എന്റെ പിതൃവ്യൻ വയസ്സായിരുന്നു. ഇസ്ലാം സ്വീകരിക്കുന്നതിനുമുമ്പേ ജാഹിലിയ്യ കാലഘട്ടത്തിൽ അദ്ദേഹത്തിന് കാഴ്ച കുറവായിരുന്നു. അദ്ദേഹത്തിന്റെ ഈമാനിൽ കുറച്ചു പോരലുകളുണ്ടെന്ന് ഞാൻ കരുതി. വിശ്വാസംകൊണ്ട് മുസ്ലിമാണെങ്കിലും ഈമാൻ ദൃഢമല്ലെന്ന് എനിക്കുതോന്നി. പക്ഷേ, ബനൂഉബയ്റഖിൽനിന്ന് ആയുധങ്ങൾ മടക്കിക്കിട്ടിയപ്പോൾ ആയുധങ്ങളുമായി ഞാൻ പിതൃവ്യന്റെ അടുക്കൽ ചെന്നു. അദ്ദേഹം പറഞ്ഞു: 'എന്റെ സഹോദരപുത്രാ! ഇത് ഞാൻ അല്ലാഹുവിന്റെ മാർഗത്തിൽ സ്വദഖ ചെയ്യുകയാണ്. അപ്പോഴാണ് എനിക്കു മനസ്സിലായത് പിതൃവ്യന്റെ വിശ്വാസം ശക്തവും ശരിയുമായിരുന്നുവെന്ന്. അദ്ദേഹത്തെ ഞാൻ അങ്ങനെ വെറുതെ ധരിച്ചുവെന്നുമാത്രം.

വിശുദ്ധഖുർആനിലെ ഈ വചനം ഇറങ്ങിയപ്പോൾ അവരുടെ ഒരു സഹോദരനായ ബശീറിനെ കുറിച്ച് കപടവിശ്വാസിയാണോ എന്ന് സംശയമുണ്ടായിരുന്നു. അങ്ങനെ അയാൾപോയി അന്യാരാധകരിൽ ചേർന്നു. സുലാഫ ബിൻത് സഅ്ദിന്റെ അടുക്കൽപോയി താമസിച്ചു. ഈ അവസരത്തിൽ അല്ലാഹു ഈ ആയത്ത് ഇറക്കി.*വമൻയ്യുശാഖിഖിർറസൂല മിൻ ബഅ്ദി മാ തബയ്യന ലഹുൽഹുദാ വയത്തബിഅ് ഗയ്റ സബീലിൽമുഅ്മിനീന നുവല്ലിഹീ മാ തവല്ലാ വ നുസ്ലിഹീ ജഹന്നമ വ സാഅത്ത് മസ്വീറാ. ഇന്നല്ലാഹ ലാ യഗ്ഫിറു അൻയ്യുശ്റക്ക ബിഹീ വ യഗ്ഫിറു മാ ദൂന ദാലിക്ക ലിമൻയ്യശാഉ വമൻയ്യുശ്രിക് ബില്ലാഹി ഫഖദ് ള്ളല്ല ളലാലൻ ബ്ബഈദാ*(4:116–117)

ഏതൊരാൾ തനിക്ക് സന്മാർഗം വെളിപ്പെട്ടു കഴിഞ്ഞതിനുശേഷം ഈ ദൈവദൂതനോടു എതിർത്തു നില്ക്കുകയും സത്യവിശ്വാസികളുടേതല്ലാത്ത മാർഗം പിൻപറ്റുകയും ചെയ്യുന്നുവോ അവൻ പിന്തുടർന്നുവവന്ന ഒന്നിന്റെ പിന്നാലെ നാം അവനെ നടത്തിവിടുകയും നാം അവനെ നരകത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യും. അത് എത്രയും ചീത്തയായ സങ്കേതമാണ്. തീർച്ചയായും തന്നോടു കൂട്ടുകാരെ നിശ്ചയിക്കുന്നത് അല്ലാഹു പൊറുക്കുകയില്ല. അതൊഴിച്ചുള്ള മറ്റു പാപങ്ങൾ അവനുദ്ദേശിക്കുന്നവർക്ക് പൊറുത്തുകൊടുക്കുന്നതാണ്. ആര് അല്ലാഹുവിന് കൂട്ടുകാരെ നിശ്ചയിക്കുന്നുവോ തീർച്ചയായും അവൻ വഴികേടിൽ ബഹുദൂരം അകന്നുപോയിരിക്കുന്നു.

ഇയാൾ അന്യാരാധകനായ സുലാഫിന്റെ അടുത്തുപോയി താമസിക്കുകയും ഇസ്ലാമിൽനിന്ന് അകലുകയും ചെയ്തപ്പോൾ ഹദ്റത്ത് ഹസ്സാൻ ബിൻ ഥാബിത്ത്(റ) തന്റെ ചില കവിതകളിലൂടെ അയാളെ നിന്ദിച്ചു. ഇതു കേട്ട് സുലാഫ ബിൻത് സഅ്ദ് അയാളുടെ സാധനങ്ങൾ തന്റെ തലയിലേറ്റി വീട്ടിൽനിന്നിറങ്ങി മൈതാനത്തിൽകൊണ്ടുപോയി എറിഞ്ഞു, തിരിച്ചു വന്നു. പിന്നീട് അവർ പറഞ്ഞു, താങ്കൾ ഞങ്ങൾക്ക് ഹസ്സാന്റെ കവിത സമ്മാനമായി നല്കിയിരിക്കുന്നു. അതായത് ഹസ്സാൻ ഞങ്ങളെ പരിഹസിച്ചെഴുതിയിരിക്കുന്നു. താങ്കൾ കാരണമാണ് അതെഴുതപ്പെട്ടിരിക്കുന്നത്. അതിൽ ഞങ്ങളും പെട്ടുപോയിരിക്കുന്നു. താങ്കളിൽനിന്ന് എനിക്ക് ഒരു ഫലമുണ്ടാകുകയില്ല. (സുനനുത്തുർമുദി, അബ്വാബുത്തഫ്സീറുൽഖുർആൻ, ഹദീഥ് നമ്പർ 3036). അതുകൊണ്ട് ഞാൻ താങ്കളുടെ സാധനങ്ങൾ ഇവിടെ വെക്കുകയില്ല. പിന്നീട് കപടവിശ്വാസിയോ അന്യാരാധകനോ ആയിട്ട് അയാൾ മരിച്ചു.

ഹദ്റത്ത് അബൂ സഈദ് ഖുദ്രി(റ) നിവേദനം: ഹദ്റത്ത് ഖത്താദ ബിൻ നുഅ്മാൻ(റ) ഒരിക്കൽ സൂറ ഇഖ്ലാസ് പാരായണം ചെയ്ത് ഒരു രാത്രിമുഴവൻ കഴിച്ചു കൂട്ടി. നബി(സ)തിരുമേനിയുടെ മുന്നിൽ ആ സംഭവം പറയപ്പെട്ടപ്പോൾ, അവിടന്ന് പറഞ്ഞു: 'എന്റെ ജീവൻ ആരുടെ കൈകയിലാണോ അവനാണ! സൂറ ഇഖ്ലാസ്, വിശുദ്ധ ഖുർആനിന്റെ പകുതിയ്ക്ക് അല്ലെങ്കിൽ മൂന്നിലൊന്നിന് തുല്യമാണ്.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം 4, പേജ് 42, മുസനദ് അബൂ സഈദ് ഖുദ്രി, ഹദീഥ് 11131, മക്തബ ആലമുൽകുതുബ്, ബേറൂത്ത് 1998).

പിന്നീട് ഇദ്ദേഹം പറയുന്നത് ഇതേ കാര്യംതന്നെയാണ്. അതായത് അല്ലാഹുവിന്റെ ഏകത്വം തന്നെയാണ് യഥാർഥത്തിൽ വിശുദ്ധ ഖുർആൻ. വിശുദ്ധ ഖുർആനിൽ അതിന്റെ അധ്യാപനങ്ങളാണ് ലഭിക്കുന്നത്.

അബൂസലമയിൽ നിന്ന് നിവേദനം, ഹദ്റത്ത് അബൂഹുറയ്റ(റ)ഞങ്ങളോട് നബി(സ)തിരുമേനിയുടെ ഹദീഥ് വിവരിക്കാറുണ്ടായിരുന്നു. അദ്ദേഹം ഒരിക്കൽ പറഞ്ഞു: 'ജുമുഅ ദിവസം ഒരു നിമിഷമുണ്ട്. ഏതെങ്കിലും ഒരു മുസ്ലിമിന് അവൻ നമസ്കരിക്കുകയും അല്ലാഹുവിനോട് നന്മ തേടുകയും ചെയ്യുന്ന നേരത്ത് ആ നിമിഷം ലഭ്യമായാൽ അല്ലാഹു അവന് തീർച്ചയായും അതു നൽകുന്നതാണ്. ഹദ്റത്ത് അബൂഹുറയ്റ(റ)തന്റെ കൈകൊണ്ട് ആംഗ്യം കാണിച്ച് ആ സമയം വളരെ ചുരുങ്ങിയതാണെന്ന് പറഞ്ഞു. പിന്നെ അബൂ ഹുറയ്റ(റ) വഫാത്തായപ്പോൾ (നിവേദകൻ) പറയുന്നു: ഞാൻ എന്റെ മനസ്സിൽ ചിന്തിച്ചു, ഇനി അബൂ സഈദിന്റെ അടുക്കൽ പോവുകയാണെങ്കിൽ അദ്ദേഹത്തോട് ആ നിമിഷത്തെ സംബന്ധിച്ച് തീർച്ചയായും ചോദിക്കുന്നതാണ്. ഒരു പക്ഷേ അദ്ദേഹത്തിന് അതിനെക്കുറിച്ച് അറിയുമായിരിക്കും. അങ്ങനെ ഒരിക്കൽ അദ്ദേഹത്തിന്റെ അടുത്ത് പോയപ്പോൾ അദ്ദേഹം ചെറിയ വടികൾ നേരെയാക്കുകയായിരുന്നു. താങ്കൾ നേരെയാക്കിക്കൊണ്ടിരിക്കുന്ന ഈ ചെറിയ വടികൾ എന്തിനുള്ളതാണെന്ന് ഞാൻ അദ്ദേഹത്തോടു ചോദിച്ചു. അദ്ദേഹം മറുപടി പറഞ്ഞു: അല്ലാഹു നമുക്കുവേണ്ടി ബർക്കത്തുവച്ചിട്ടുള്ള വടികളാണിവ. നബി(സ)തിരുമേനി ഇത് ഇഷ്ടപ്പെട്ടിരുന്നു. ഇത് കൈയിൽ പിടിച്ചാണ് നടന്നിരുന്നത്. ഞങ്ങൾ അത് നേരെയാക്കി നബി(സ)തിരുമേനിയുടെ അടുത്ത് കൊണ്ടുവരുമായിരുന്നു. പറയുന്നു, ഒരിക്കൽ നബി(സ)തിരുമേനി മസ്ജിദിൽ ഖിബ്ലയുടെ ഭാഗത്ത് അൽപം കഫം പറ്റിയിരിക്കുന്നത് കണ്ടു. ആ നേരത്ത് നബി(സ) തിരുമേനിയുടെ കൈയിൽ ഒരു ചെറിയ വടിയുണ്ടായിരുന്നു. അവിടന്ന് ആ വടികൊണ്ട് അത് വൃത്തിയാക്കിക്കൊണ്ടു പറഞ്ഞു: നിങ്ങളിലാരെങ്കിലും നമസ്കരക്കാൻ നിന്നാൽ ഖിബ്ലയുടെ നേരെ തുപ്പരുത്. കാരണം മുമ്പിൽ അവന്റെ റബ്ബുണ്ട്. അല്ലാഹുവിന്റെ മുമ്പിൽ ഹാജരാകുകയാണെങ്കിൽ മുമ്പിൽ തുപ്പാതിരിക്കുക.' ഞാൻകരുതുന്നത് ആ സമയത്ത് കല്പനകൾ പൂർണമായും ഇറങ്ങി കഴിഞ്ഞിരുന്നില്ല എന്നാണ്. അതുകൊണ്ട് ഈ നിവേദനത്തിലുള്ളത് ഇടതു ഭാഗത്ത് അല്ലെങ്കിൽ കാലിന്റെ താഴ്ഭാഗത്ത് തുപ്പുക എന്നാണ്. ഈ നിവേദനം ബുഖാരിയിലുമുണ്ട്. ആ കാലത്ത് വെറും പൂഴിസ്ഥലമായിരുന്നു. പിന്നീട് മണ്ണിട്ട് അല്ലെങ്കിൽ മണ്ണുകൊണ്ട് വെടിപ്പുള്ളതാക്കിയിട്ടുണ്ടാകും. അതുകൊണ്ടാണ് താഴെ തുപ്പാൻ പറഞ്ഞത്. എന്നാൽ, മറ്റൊരു യഥാർഥ ഹദീഥുണ്ട്. ശരിയായ ശിക്ഷണം ലഭിക്കുകയും കല്പനകൾ വരികയും ചെയ്തപ്പോൾ നിങ്ങളുടെപുതപ്പിന്റെ അറ്റംകൊണ്ട് വൃത്തിയാക്കാൻ പറഞ്ഞു. തുപ്പലോ മൂക്കോ വൃത്തിയാക്കേണ്ടിവന്നാൽ ഇപ്പോൾ റൂമാലുണ്ട്, ടിഷ്യൂ ഉണ്ട്, മസ്ജിദിൽ അല്ലെങ്കിലും ഖാലീനുണ്ടാകും. അതുകൊണ്ട് അതിന്റെ ഉദ്ദേശ്യം താഴെ തുപ്പുന്നത് അനുവദനീയമാണെന്നല്ല. മറിച്ച് അക്കാലത്ത് ആ പരിതഃസ്ഥിതിയിൽ ഒരു താൽക്കാലിക അനുവാദമായിരുന്നു. അതിനുശേഷം അവിടന്ന് വ്യക്തമായും കാര്യങ്ങൾ വിവരിച്ചു. നിങ്ങൾക്ക് അങ്ങനെ എന്തെങ്കിലും ആവശ്യമുണ്ടായാൽ നിങ്ങൾ പുതപ്പിന്റെ ഒരറ്റംകൊണ്ട് വൃത്തിയാക്കുക. അത് പൊതിഞ്ഞെടുത്ത് വെളിയിൽകൊണ്ടുപോയി വൃത്തിയാക്കുക.

നിവേദകൻ പറയുന്നു: പിന്നീട് ആ രാത്രിയിൽ പെരുമഴ പെയ്തു. ഇശാ നമസ്കാരത്തിന് നബി(സ)തിരുമേനി അവിടെ വന്നപ്പോൾ പെട്ടന്ന് മിന്നലെറിഞ്ഞു. അവിടത്തെ ദൃഷ്ടി ഹദ്റത്ത് ഖത്താദ ബിൻ നുഅ്മാനിൽ പതിഞ്ഞു. രാത്രി ഈ നേരത്ത് താങ്കൾ എന്താണ് ചെയ്യുന്നതെന്ന് നബി(സ) തിരുമേനി അദ്ദേഹത്തോടു ചോദിച്ചു. അദ്ദേഹം

പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! ഇന്ന് നമസ്കരിക്കാൻ വളരെ കുറച്ചുപേരെ വരികയുള്ളുവെന്ന് എനിക്കറിയാമായിരുന്നു. പെരുമഴയാണ് പെയ്യുന്നത്. മിന്നലെറിഞ്ഞുകൊണ്ടിരിക്കുന്നു. നമസ്കാരത്തിൽ വന്ന് പങ്കുചേരാമെന്ന് ഞാൻ കരുതി. അതുകൊണ്ട് ഞാൻ ആദ്യമെ വന്നു.' നബി(സ)തിരുമേനി പറഞ്ഞു: 'നീ നമസ്കരിച്ചു കഴിഞ്ഞാൽ ഞാൻ നിന്റെ അടുത്തൂടെ കടന്നുപോകുന്നതുവരെ നില്ക്കണം.' അങ്ങനെ നമസ്കാരം കഴിഞ്ഞ് നബി(സ)തിരുമേനി ഹദ്റത്ത് ഖത്താദയ്ക്ക് ഒരു വടി നല്കി. ഇത് എടുത്തുകൊള്ളാൻ പറഞ്ഞു. ഇത് താങ്കളുടെ 10 അടി മുന്നിലും 10 അടി പിന്നിലും വെളിച്ചം തരും. പിന്നീട് താങ്കൾ താങ്കളുടെ വീട്ടിൽ കടക്കുമ്പോൾ അവിടെ ഏതെങ്കിലും കോണിൽ ഏതെങ്കിലും മനുഷ്യന്റെ നിഴൽ കണ്ടാൽ അവനോടു സംസാരിക്കുന്നതിനു മുമ്പേ അവനെ ഈ വടികൊണ്ട് അടിക്കണം. കാരണം അവൻ ശയ്ത്വാനാണ്. അദ്ദേഹം അങ്ങനെ തന്നെ ചെയ്തു. അബൂസഈദ്(റ) പറയുന്നു: ഇക്കാരണത്താലാണ് ഞങ്ങൾ ആ വടികൾ ഇഷ്ടപ്പെടുന്നത്. ഈ വടികൾ ഞങ്ങൾക്ക് നബി(സ)തിരുമേനി തന്നിട്ടുള്ളതാണ്. ഞങ്ങൾ പ്രത്യേകമായും ഉണ്ടാക്കി കൊടുക്കാറുണ്ടായിരുന്നു. അവിടന്ന് അത് ഉപയോഗിക്കുമായിരുന്നു. പിന്നീട് മടക്കിത്തരികയും ചെയ്തിരുന്നു. അല്ലെങ്കിൽ സമ്മാനം എന്ന നിലയിൽ നല്കാറുണ്ടായിരുന്നു. ആ വടികളിൽ ഇങ്ങനെ ധാരാളം അനുഗ്രഹങ്ങളുണ്ട്. അതുകൊണ്ട് ഞാൻ അത് ചേർത്തുവെക്കുകയാണ്.

അബൂസലമ പറയുന്നു. ഞാൻ ചോദിച്ചു: അബൂ സഈദേ! ജുമുഅ ദിവസം വരുന്ന ഒരു നിമിഷത്തെ കുറിച്ച് ഹദ്റത്ത് അബൂഹുറയ്റ(റ) ഒരു ഹദീഥ് ഞങ്ങളെ കേൾപ്പിച്ചിരുന്നു. ദുആ സ്വീകരിക്കപ്പെടുന്ന ആ നിമിഷത്തെക്കുറിച്ച് താങ്കൾക്ക് അറിവുണ്ടോ? അദ്ദേഹം ചോദ്യംചോദിക്കാനാണ് പോയത്. പിന്നീട് അവിടെ അദ്ദേഹം വടികൾ അടുക്കിവെക്കുന്നതാണ് കണ്ടത്. arrange ചെയ്തുകൊണ്ടിരുന്നു. ഇത് അതിന്നിടയിൽ അനുബന്ധമായി വന്ന കാര്യമാണ്. അതിന്റെ വിശദീകരണം നടന്നു കഴിഞ്ഞു. ഇപ്പോൾ വീണ്ടും തന്റെ ചോദ്യത്തിലേക്ക് തിരിച്ചുവരുന്നു. അദ്ദേഹം പറയുന്നു: അബൂഹുറയ്റയിൽനിന്ന് ഇങ്ങനെ നിവേദനമുണ്ട്; ജുമുഅ ദിവസം ദുആ സ്വീകരിക്കപ്പെടുന്ന ഒരു നിമിഷമുണ്ട്. താങ്കൾക്ക് ആ നിമിഷത്തെ കുറിച്ചറിയുമോ? അദ്ദേഹം പറഞ്ഞു: 'ഞാൻ നബി(സ)തിരുമേനിയോടും ഈ സമയത്തെ കുറിച്ച് ചോദിച്ചിരുന്നു. അപ്പോൾ നബി(സ) തിരുമേനി പറഞ്ഞു: എനിക്ക് ആദ്യം അതിനെ കുറിച്ച് അറിവു നല്കിയിരുന്നതാണ്. എന്നാൽ, പിന്നീട് (ലയ്ലത്തുൽ)ഖദ്റിന്റെ രാത്രി പോലെ അതും മറപ്പിച്ചുകളഞ്ഞു.' ഹദ്റത്ത് അബൂ സലമ പറയുന്നു: പിന്നീട് ഞാൻ അവിടെനിന്നിറങ്ങി ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സലാമിന്റെ അടുത്ത് പോയി.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാല്യം 4, പേജ് 165, മുസ്നദ് അബൂസഈദ് ഖുദ്രി(റ), ഹദീഥ് 11647, മക്തബ ആലമുൽകുതുബ്, ബേറൂത്ത് 1998)(സ്വഹീഹുൽ ബുഖാരി കിതാബുസ്സ്വലാത്ത് ഹദീഥ് 408-409)

മുസ്നദ് അഹ്മദ് ബിൻ ഹമ്പലിന്റെ നിവേദനത്തിൽ ജുമുഅ ദിവസത്തെ ആ നിമിഷത്തെ കുറിച്ച് പറയുന്നുണ്ട്. ഈ നിമിഷത്തെ കുറിച്ച് വിവിധ നിവേദനങ്ങളാണുള്ളത്. ആ നിവേദനങ്ങളെല്ലാം വ്യത്യസ്തമായ മൂന്നു നിമിഷത്തെ സംബന്ധിച്ചുള്ളതാണ്. അതിൽ ഒന്നാമതായി ആ നിമിഷം ജുമുഅയുടെ ഇടയിൽ വരുന്നുവെന്ന് പറയുന്നു. രണ്ടാമതായി ദിവസത്തിന്റെ അവസാനഭാഗത്തും മൂന്നാമതായി അസ്ർ നമസ്കാരത്തിന് ശേഷവും വരുന്നുവെന്ന് പറയുന്നു. ഈ നിവേദനം ഞാൻ ഇവിടെ വിവരിച്ചു തരാം. ഹദ്റത്ത് അബൂഹുറയ്റയിൽ നിന്ന് നിവേദനം, നബി(സ)തിരുമേനി പറഞ്ഞു: 'വെള്ളിയാഴ്ച ദിവസം ഒരു നിമിഷമുണ്ട്. അല്ലാഹുവിനോടു അനുസരണയുള്ള ഒരു ദാസന്റെ നമസ്കാരം ആ നിമിഷത്തിൽ നടന്നു. അന്നേരം അവൻ അല്ലാഹുവിനോടു എന്തെങ്കിലും ഒരു കാര്യത്തിനുവേണ്ടി അപേക്ഷിച്ചുകൊണ്ടിരുന്നു. എന്നാൽ, അല്ലാഹു അവന് അക്കാര്യം സാധിച്ചുകൊടുക്കാതിരിക്കുകയില്ല. ആ നിമിഷത്തെ കുറിച്ച് സംസാരിച്ചപ്പോൾ അത് അല്പം നിമിഷം മാത്രമാണെന്ന് ഉണർത്തുവാൻ നബി(സ) തിരുമേനി കൈകൊണ്ട് ആംഗ്യം കാണിച്ചു. (സ്വഹീഹ് ബുഖാരി കിതാബുൽജുമുഅ, ഹദീഥ് 935)

പിന്നെ സ്വഹീഹ് മുസ്ലിമിൽ നിന്നുള്ള നിവേദനമാണ്. അബൂ ബുർദ ബിൻ അബൂ മൂസാ അശ്അരിയിൽനിന്ന് നിവേദനം: അദ്ദേഹം പറയുന്നു: ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ) എന്നോടു പറഞ്ഞു: താങ്കൾ താങ്കളുടെ പിതാവിൽനിന്ന് ജുമുഅ ദിവസത്തെ നിമിഷത്തിന്റെ അവസ്ഥയെ കുറിച്ച് നബി(സ)തിരുമേനിയിൽനിന്ന് ഹദീഥ് വിവരണം കേട്ടിട്ടുണ്ടോ? അദ്ദേഹം പറയുന്നു: ഞാൻ കേട്ടിട്ടുണ്ടെന്ന് പറഞ്ഞു. അദ്ദേഹം പറയുന്നു: ഞാൻ നബി(സ)തിരുമേനി പറയുന്നത് കേട്ടു. ആ നിമിഷം ഇമാം ഇരിക്കുന്നതുമുതൽ നമസ്കാരം അവസാനിക്കുന്നതിന് ഇടയിലാണുള്ളത്.(സ്വഹീഹ് മുസ്ലിം, കിതാബുൽജുമുഅ, യൗമുൽജുമുഅ ഹദീഥ് 853)

പിന്നെ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സലാം(റ) നിവേദനം: ഞാനൊരിക്കൽ നബി(സ)തിരുമേനി ഇരിക്കുകയായിരുന്നപ്പോൾ ചോദിച്ചു: ഞങ്ങൾ അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ ജുമുഅ ദിവസം അല്ലാഹുവിനോടു അനുസരണയുള്ള ഒരു ദാസൻ നമസ്കരിച്ചുകൊണ്ടിരിക്കുന്ന നേരത്ത് അവൻ അല്ലാഹുവിനോടു എന്തെങ്കിലും ഒരു കാര്യത്തിനു വേണ്ടി അപേക്ഷിച്ചുകൊണ്ടിരുന്നാൽ, അല്ലാഹു അവന് അക്കാര്യം സാധിച്ചുകൊടുക്കാതിരിക്കുകയില്ല എന്ന കാര്യം കാണുന്നു. ഹദ്റത്ത് അബ്ദുല്ലാഹ്(റ)പറയുന്നു: നബി(സ)തിരുമേനി എന്നിലേക്ക് ആംഗ്യം കാണിച്ചുകൊണ്ട് നിമിഷത്തിന്റെ കുറച്ചുഭാഗം അല്ലെങ്കിൽ കുറച്ചുനേരം എന്നു പറഞ്ഞു.' ഞാൻ ചോദിച്ചു: നിമിഷത്തിന്റെ കുറച്ചുഭാഗം? പിന്നീട് ഞാൻ ചോദിച്ചു: അത് ഏതു നിമിഷമാണ്?അവിടന്ന്(സ)പറഞ്ഞു: അത് ദിവസത്തിന്റെ അവസാന നിമിഷങ്ങളിൽനിന്നുള്ളതാണ്. അതായത് പകൽ അസ്തമിക്കുന്നതിന് തൊട്ടടുത്ത്. അത് നമസ്കാരത്തിലെ നിമിഷമല്ലേ? എന്ന് ഞാൻ ചോദിച്ചു: അവിടന്ന് പറഞ്ഞു: എന്തു കൊണ്ടല്ല? സത്യവിശ്വാസിയായ ഒരു ദാസൻ നമസ്കാരം കഴിഞ്ഞ ശേഷം അതേ ചിന്തയിൽത്തന്നെ ഇരിക്കുകയാണെങ്കിൽ അവൻ അപ്പോഴും നമസ്കാരത്തിൽ തന്നെയായിരിക്കും.' (സുനൻ ഇബ്നുമാജ, കിതാബു ഇഖാമത്തുസ്സ്വലാത്ത്, ഹദീഥ് 1139)

നമസ്കാരത്തിനുശേഷം വീണ്ടും ദൈവസ്മരണയിൽ മുഴുകുകയാണെങ്കിൽ അത് നമസ്കാരത്തിന്റെ അവസ്ഥതന്നെയാണ്. ദുആയുടെ അവസ്ഥതന്നെയാണ് അതിലുണ്ടാകുന്നത്.

ഇനി ഹദ്റത്ത് അബൂഹുറയ്റയിൽ നിന്നുള്ള മറ്റൊരു നിവേദനമാണ്. നബി(സ)തിരുമേനി പറഞ്ഞു: ജുമുഅ ദിവസം ഒരു നിമിഷം വരുന്നുണ്ട്, ഏതെങ്കിലും മുസ്ലിം അല്ലാഹുവിനോടു നന്മ തേടുന്ന അവസ്ഥയിൽ ആ നിമിഷം ലഭ്യമായാൽ അല്ലാഹു അവന് അക്കാര്യം തീർച്ചയായും നല്കുന്നതായിരിക്കും. അത് അസറിന് ശേഷമുള്ള നിമിഷമാകുന്നു. (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാല്യം 13, പേജ് 117,ഹദീഥ് 7688, മക്തബ മുഅസ്സിസത്തുർരിസാല 2008)

ഇവിടെ ജുമുഅ ദിവസമാണ്. പക്ഷേ, അസ്റിനു ശേഷമുള്ള നിവേദനം മുസ്നദ് അഹ്മദ് ബിൻ ഹമ്പിലിന്റേതാണ്. പിന്നീട് ഒരു നിവേദനത്തിൽ പറഞ്ഞിരിക്കുന്നു, ഹദ്റത്ത് അബു സലമ(റ) ഈ നിമിഷത്തെ സംബന്ധിച്ച് നബി(സ) തിരുമേനിയോട് ചോദിച്ചപ്പോൾ അവിടന്ന് പറഞ്ഞു: *ആഖിറു സാഅത്തി അന്നഹാരി* അതായത് ആ നിമിഷം ദിവസത്തിന്റെ അവസാന നിമിഷങ്ങളിൽപെട്ടതാണ്.(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാല്യം 07, പേജ് 847-848, മുസ് നദ് അബ്ദുല്ലാഹ് ബിൻ സലാം, ഹദീഥ് 24189, മക്തബ ആലമുൽകുതുബ് ബേറൂത്ത് 1998)

ഇതിനെ വിശദീകരിച്ചു കൊണ്ട് തഫ്സീറിൽ ഒരു സ്ഥലത്ത് ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) പറയുന്നു: 'ജുമുഅയും റമളാനും തമ്മിൽ പരസ്പരം സാമ്യത പുലർത്തുന്നുണ്ട്. ജുമുഅ ദുആ സ്വീകരിക്കുന്ന ദിവസമാണ്. റമളാൻ ദുആ സ്വീകരിക്കുന്ന മാസമാണ്. ജുമുഅയെ സംബന്ധിച്ച് നബി(സ)തിരുമേനി പറയുന്നു: ഒരു വ്യക്തി നമസ്കാരത്തിന് മസ്ജിദിൽ വരികയും നിശബ്ദനായി ഇരുന്ന് ദൈവസ്മരണയിൽ മുഴുകയും ഇമാമിനെ കാത്തിരിക്കുകയും പിന്നീട് സമാധാനത്തോടുകൂടി ജമാഅത്തായ നമസ്കാരത്തിൽ പങ്കെടുക്കുകയും ചെയ്താൽ പ്രത്യേകമായി അവന്റെമേൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ വർഷിക്കുന്നതാണ്. പിന്നെ ഒരു(പ്രത്യേക)നിമിഷം ജുമുഅയിൽ വരുന്നതാണ്, അതിൽ മനുഷ്യൻ ദുആ ചെയ്താൽ അത് സ്വീകരിക്കപ്പെടുന്നതാണ്.

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം: നബി(സ) ജുമുഅ ദിവസത്തെ കുറിച്ച് പറഞ്ഞു: ജുമുഅ ദിവസം ഒരു നിമിഷം വരുന്നുണ്ട്, ഏതെങ്കിലും മുസ്ലിമിന് അല്ലാഹുവിനോടു നന്മ തേടുന്ന അവസ്ഥയിൽ ആ നിമിഷം ലഭ്യമായാൽ അല്ലാഹു അവന് അക്കാര്യം തീർച്ചയായും നല്കുന്നതായിരിക്കും. ആ നിമിഷം വളരെ കുറച്ചാണെന്ന് അവിടന്ന് ആംഗ്യം കാണിച്ചു. ഇതു ബുഖാരിയിലെ ഹദീഥാണ്.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) എഴുതുന്നു: ദൈവിക നിയമത്തിന്റെ അടിസ്ഥാനത്തിൽ ഈ ഹദീഥിനെ വ്യാഖ്യാനിക്കേണ്ടതുണ്ട്. അല്ലാഹുവിന്റെ നിയമത്തിനും ചര്യയ്ക്കും അനുസൃതമായ ദുആയാണ് യഥാർഥത്തിൽ സ്വീകരിക്കപ്പെടുന്നത്. എവിടെയാണോ ഇത് വളരെ വലിയ അനുഗ്രഹമാകുന്നത് അവിടെ ഇത് എളുപ്പമായ കാര്യവുമല്ല.

ഇനി ജുമുഅയുടെ സമയം ഏകദേശം രണ്ടാമത്തെ ബാങ്ക് അല്ലെങ്കിൽ അതിനു തൊട്ടു മുമ്പേ മുതൽ ആരംഭിച്ച് സലാം വീട്ടുന്നതുവരെ ആകുന്നു എന്ന് കരുതുകയാണെങ്കിൽ, ഈ രണ്ട് സമയങ്ങളും കൂട്ടി ചേർക്കുമ്പോൾ, അത് ഒരു മണിക്കൂർ അല്ലെങ്കിൽ ഒന്നര മണിക്കൂറിനുള്ളിൽവരെ ആയിരിക്കും. ഈ ഒരു മണിക്കൂർ അല്ലെങ്കിൽ ഒന്നര മണിക്കൂറിനുള്ളിലാണ് മനുഷ്യൻ ചെയ്യുന്ന ദുആ സ്വീകരിക്കപ്പെടുന്നത്. എന്നാൽ, ഈ 90 മിനിറ്റ് കാലയളവിൽ ദുആ സ്വീകരിക്കപ്പെടുന്നത് ആദ്യസമയത്താണോ, രണ്ടാമത്തെ സമയത്താണോ അതോ മൂന്നാമത്തെ സമയത്താണോ എന്നാർക്കുമറിയില്ല. ഈ 90 മിനിറ്റിന്റെ അവസാന ത്തിൽപോലും ഏത് സമയത്താണ് ദുആ സ്വീകാര്യത എന്ന് മനുഷ്യർക്കറിയില്ല. അതുകൊണ്ട് തുടർച്ചയായി 90 മിനിറ്റും ദുആ ചെയ്തുകൊണ്ടിരിക്കുന്ന വ്യക്തിയാണ് അവസാനം ഈ ദുആ സ്വീകാര്യതയുടെ അവസരം നേടുന്നതിൽ വിജയം പ്രാപിക്കുക. അതിനാൽ ഈ 90 മിനിറ്റും തുടർച്ചയായി ദുആ ചെയ്യേണ്ടതാണ്. അതിൽ ശ്രദ്ധ നിലനിറുത്തുക എന്നത് പ്രയാസകരമായ കാര്യമാകുന്നു. അതുകൊണ്ട് തന്നെ ആ പ്രവൃത്തി വളരെയധികം ശ്രമം ആവശ്യപ്പെടുന്നു. അതിനു കഠിനാധ്വാനം വേണ്ടി വരുന്നു. തുടർച്ചയായി ശ്രദ്ധ നഷ്ടപ്പെടാതെ മനുഷ്യൻ ദുആയിൽ മുഴുകേണ്ടതാണ്. അതിന് ഇത്തരത്തിൽ പണിയെടുക്കേണ്ടത് നിർബന്ധമാകുന്നു. ജുമുഅ യുടെ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നതിന് വലിയ പരിശ്രമം ആവശ്യമായിട്ടുണ്ട്.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) എഴുതിയിരിക്കുന്നു: ചിലയാളുകൾക്ക് അഞ്ചുമിനിറ്റുപോലും തങ്ങളുടെ ശ്രദ്ധ നിലനിറുത്താൻ കഴിയുന്നില്ല. താൻ ഈ നേരത്ത് ഉദാഹരണത്തിന് നമസ്കാരത്തിന് വന്നതാണെന്ന് പറയുന്നു. മനുഷ്യൻ അവിടേയും ഇവിടേയും എന്തായാലും ദൃഷ്ടി പാ

യിക്കാറുണ്ട്. ഞാൻ ഖുത്ബയ്ക്കുമുമ്പേ ചിലയാളുകളെ കണ്ടിട്ടുണ്ട്. അവർ സുന്നത്തു നമസ്കരിക്കുകയാണ്. ക്ഷണത്തിലാണ് അവരുടെ ദൃഷ്ടി അങ്ങോട്ടും ഇങ്ങോട്ടും പതിയുന്നത്. സുന്നത്തുകൾക്ക് ഒന്നര രണ്ടു മിനിറ്റെടുക്കും. എന്നാൽ, ആ ചുരുങ്ങിയ സമയത്തും അവർ ചിലപ്പോൾ ഇടത്തോട്ടു നോക്കുന്നു, ചിലപ്പോൾ വലത്തോട്ടു നോക്കുന്നു. ചിലപ്പോൾ തറയിലേക്ക് നോക്കുന്നു. ചിലപ്പോൾ മുകളിലേക്ക് നോക്കുന്നു. ഒന്നു രണ്ടു മിനിറ്റ് ശ്രദ്ധ നിലനിറുത്തുന്നത് പ്രയാസമാകുമ്പോൾ 90 മിനിറ്റുവരെ ദുആ ചെയ്തുകൊണ്ടിരിക്കുകയും ദൈവസ്മരണയിൽ മുഴുകുകയും ശ്രദ്ധ കേന്ദ്രീകരിച്ചു നിലനിറുത്തുകയും ചെയ്യുക എന്നത് എളുപ്പമുള്ള കാര്യമല്ല.(ഖുത്ബാത്തെ മഹ്മൂദ് വാള്യം 33പേജ് 161–162, ജുമുഅ ഖുത്ബ 30–05–1952)(സ്വഹീഹ് ബുഖാരി കിതാബുൽ ജുമുഅ, ബാബു അസ്സാഅത്തുല്ലത്തീ ഫീ യൗമിൽ ജുമുഅ, ഹദീഥ് 935)

അതിനാൽ ഈ 'നിമിഷം' പറഞ്ഞതിലും നിരന്തരമായ ശ്രദ്ധയുടെ ആവശ്യമുണ്ട്. അത്യധ്വാനം ആവശ്യമുള്ള കാര്യമാണിത്. അതിനുവേണ്ടി വലിയ മുജാഹദ ചെയ്യേണ്ടിവരുന്നു. ഇത് എളുപ്പമുള്ള കാര്യമല്ല. നമ്മൾ ദുആ ചെയ്തു, ഒരു മിനിറ്റുകൊണ്ട് സ്വീകരിക്കപ്പെട്ടു എന്നതല്ല. ഏതു നിമിഷമാണെന്ന് മനുഷ്യർക്കറിയില്ല. ഈ കാലയളവിൽ മനുഷ്യൻ ശ്രദ്ധമാറ്റാതെ തുടർച്ചയായി ദുആയിൽ മുഴുകിക്കൊണ്ടിരിക്കേണ്ടതാണ്. മുഴുകിയിരിക്കേണ്ടത് നിർബന്ധമാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറഞ്ഞതുപോലെ, ഇതു എളുപ്പമുള്ള കാര്യമല്ല. ജുമുആയിലെ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നതിന് വലിയ അധ്വാനത്തിന്റെ ആവശ്യമുണ്ട്.

**ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മള്ഊൻ(റ):** അടുത്ത സ്വഹാബി ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മള്ഊൻ(റ) ആണ്. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മള്ഊൻ(റ)ന്റെ ബന്ധം ഖുറയ്ശി ഗോത്രമായ ബനു ജുമുഹുമായിട്ടാണ്. അദ്ദേഹത്തിന്റെ മാതാവിന്റെ പേര് സുഖയ്ല ബിൻത് അൻബസ് എന്നായിരുന്നു. ഇദ്ദേഹം ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊൻ(റ)ന്റേയും ഹദ്റത്ത് ഖുദാമ ബിൻ മള്ഊൻ(റ)ന്റേയും ഹദ്റത്ത് സാഇബ് ബിൻ മള്ഊൻ(റ)ന്റേയും സഹോദരനായിരുന്നു. ഇവരെല്ലാം ബന്ധത്തിൽ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമറിന്റെ മാതുലന്മാരായിരുന്നു. കാരണം ഹദ്റത്ത് ഉമർ(റ) അവരുടെ സഹോദരി സയ്നബ് ബിൻത് മള്ഊനെ(റ) വിവാഹം കഴിച്ചിരുന്നു.

യസീദ് ബിൻ റൂമാനിൽനിന്ന് നിവേദനം: ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മള്ഊനും, ഹദ്റത്ത് ഖുദാമ ബിൻ മള്ഊനും നബി(സ)തിരുമേനി ദാറുൽ അർകമിലേക്ക് പോകുന്നതിന് മുമ്പേ അതായത് അവിടെ കേന്ദ്രീകരിച്ച് തബ്‌ലീഗ് ചെയ്യുന്നതിന് മുമ്പേ ഇസ്‌ലാം സ്വീകരിച്ചിരുന്നു. (അസ്സീറത്തുന്നബ്‌വിയ്യ ലി ഇബ്നി ഹിശാം, പേജ് 463, ദാറുൽ കുതുബുൽ ഇൽമിയ്യ 2001)(അത്ത്വബക്കാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 214, അബ്ദുല്ലാ ബിൻ മള്ഊൻ(റ),ദാറു അഹ്‌യാഉത്തുറാഥ് അൽ അറബി ബേറൂത്ത്, ലബ്നാൻ 1996).(അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ് വാള്യം 3, പേജ് 201, ഉമർ ബിൻ അൽഖത്ത്വാബ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2012).(ഉസുദുൽ ഗാബ, ഫീ മഅ്‌രിഫത്തിസ്സ്വഹാബ വാള്യം 3, പേജ് 391, അബ്ദുല്ലാഹ് ബിൻ മള്ഊൻ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2008). (ഉസുദുൽ ഗാബ, ഫീ മഅ്‌രിഫത്തിസ്സ്വഹാബ വാള്യം 2, പേജ് 399, സാഇബ് ബിൻ മള്ഊൻ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1996).

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മള്ഊനും അദ്ദേഹത്തിന്റെ മൂന്നു സഹോദരന്മാരും ഹദ്റത്ത് ഖുദാമ ബിൻ മള്ഊൻ, ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊൻ, ഹദ്റത്ത് സാഇബ് ബിൻ മള്ഊൻ ഹബ്ശയിലേക്കു ഹിജ്റത്ത് ചെയ്യുന്നവരിൽ ഉണ്ടായിരുന്നു. അദ്ദേഹം തന്റെ സഹോദരങ്ങളോടൊപ്പം ഹബ്ശയിൽ താമസിച്ച് കൊണ്ടിരുന്ന വേളയിൽ ഖുറയ്ശികൾ ഇസ്‌ലാം മതം സ്വീകരിച്ചെന്ന വാർത്ത ലഭിച്ചപ്പോൾ അവർ തിരിച്ചു വന്നു. (അസ്സീറത്തുന്നബ്‌വിയ്യ ലി ഇബ്നി ഹിശാം, പേജ് 241.267, ദാറുൽ കുതുബുൽ ഇൽമിയ്യ 2001) (ഉസുദുൽ ഗാബ, ഫീ മഅ്‌രിഫത്തിസ്സ്വഹാബ വാള്യം 2, പേജ് 399, സാഇബ് ബിൻ മള്ഊൻ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1996).

ഹബ്ശയിലേക്ക് ഹിജ്റത്ത് ചെയ്ത ഈ സംഭവം മുമ്പേയും ഞാൻ മറ്റ് സ്വഹാബാക്കളെ കുറിച്ച് പറഞ്ഞപ്പോൾ വിവരിച്ചിരുന്നു. മുസ്‌ലിമീങ്ങളുടെ മേൽ ഉണ്ടായിരുന്ന അക്രമം അതിര് കടന്നപ്പോൾ നബി(സ)തിരുമേനി മുസ്‌ലിമീങ്ങളോട് നിങ്ങൾ ഹബ്ശയിലേക്ക് ഹിജറത്ത് ചെയ്ത് കൊള്ളുക എന്നു പറഞ്ഞു. പറഞ്ഞു: ഹബ്ശയിലെ രാജാവ് നീതിയും ന്യായവും ഇഷ്ടപ്പെടുന്നു. അദ്ദേഹത്തിന്റെ ഭരണത്തിൻകീഴിൽ ആരുടെമേലും അക്രമം ഉണ്ടാകുകയില്ല. അക്കാലഘട്ടത്തിൽ ഹബ്ശയിൽ–അബീസീനിയായിൽ ശക്തമായൊരു ക്രൈസ്തവ ഭരണം നിലനിന്നിരുന്നു. അവിടുത്തെ രാജാവ് നജ്ജാശി എന്നാണ് അറിയപ്പെട്ടിരുന്നത്. അങ്ങനെ നബി(സ)തിരുമേനിയുടെ നിർദ്ദേശ പ്രകാരം നുബുവ്വത്തിന്റെ അഞ്ചാം കൊല്ലം, റജബ് മാസം 11 പുരുഷൻമാരും 4 സ്ത്രീകളും ഹബ്ശയിലേക്ക് ഹിജ്റത്ത് ചെയ്തു. അവർ മക്കയിൽനിന്ന് പുറപ്പെട്ട് തെക്കോട്ട് യാത്ര ചെയ്ത് അറബികളുടെ അക്കാലത്തെ തുറമുഖമായിരുന്ന ശഅ്‌യഃ എന്ന സ്ഥലത്തെത്തുകയും ചെയ്തപ്പോൾ ദൈവകൃപയാൽ അവർക്ക് ഒരു വാണിജ്യകപ്പൽ കിട്ടി. അത് ഹബ്ശയിലേക്ക് പുറപ്പെടാൻ തികച്ചും തയ്യാറായി നില്ക്കുകയായിരുന്നു. അങ്ങനെ ഇവർ എല്ലാവരും സമാധനത്തോടെ അതിൽ യാത്ര തുടർന്നു. ഹബ്ശയിൽ ച്ചെന്ന് അവർ വലിയ സമാധാനത്തോടെ കഴിയാൻ തുടങ്ങി. അല്ലാഹുവിന്റെ സഹായത്താൽ ഖുറയ്ശികളുടെ അക്രമത്തിൽനിന്ന് അവർക്ക് മോചനം ലഭിച്ചു. എന്നാൽ, ചില ചരിത്രകാരന്മാർ വിവരിക്കുന്നു, മുഹാജിറുകൾ ഹബ്ശയിലെത്തി അധികനാൾ കഴിയുന്നതിനുമുമ്പേ ഖുറയ്ശികൾ മുസ്‌ലിമീങ്ങളായിരിക്കുന്നു എന്നൊരു ഒരു കിംവദന്തി പരന്നു. ഈ വാർത്തയുടെ ഫലമായി അധിക മുഹാജിറുകളും ഒന്നും ആലോചിക്കാതെ തിരികെ വന്നു. അങ്ങനെ അവർ മക്കയുടെ സമീപത്തെത്തിയപ്പോൾ ഈ വാർത്ത തെറ്റായിരുന്നുവെന്ന് മനസ്സിലായി. ഹബ്ശയിൽനിന്ന് മുഹാജിറുകളെ തിരിച്ചുകൊണ്ട് വരാനുള്ള അവിശ്വാസികളുടെ ഒരു തന്ത്രമായിരുന്നു അത്. അങ്ങനെ അവർക്ക് വലിയ പ്രയാസങ്ങൾ അഭിമുഖീകരിക്കേണ്ടതായി വന്നു. മറ്റൊരു മാർഗവും അവർക്കുണ്ടായിരുന്നില്ല. ചിലർ വഴിയിൽവെച്ച് തന്നെ തിരിച്ചുപോയി. ചിലർ സ്വാധീനമുള്ള നേതാക്കളുടെ അഭയത്തിൽ വന്ന് മക്കയിൽ പ്രവേശിച്ചു. എന്നാൽ, അതും അധികനാൾ നീണ്ടുനിന്നില്ല. ഖുറയ്ശികളുടെ പീഢനങ്ങൾ വർധിച്ച് കൊണ്ടേയിരുന്നു. മുസ്‌ലിമീങ്ങൾക്ക് മക്കയിലെ ഒരു സ്ഥലത്തും രക്ഷയുണ്ടായിരുന്നില്ല. അതിനാൽ നബി(സ)തിരുമേനി ഹിജ്റത്ത് ചെയ്യാൻ വീണ്ടും അവർക്ക് നിർദേശം നല്കി. അങ്ങനെ മറ്റു മുസ്‌ലിമീങ്ങളും രഹസ്യമായി ഹിജ്റത്തിനുവേണ്ടി തയ്യാറെടുപ്പ് ആരംഭിച്ചു. അവസരം ലഭിക്കുന്നതനുസരിച്ച് ഹിജ്റത്ത് ചെയ്തു. ഹിജ്റത്തിന്റെ പരമ്പര, അങ്ങനെ വീണ്ടും തുടങ്ങി. അവസാനം ഹബ്ശയിലെത്തിയ മുഹാജിറുകളുടെ എണ്ണം 100 വരെ എത്തുകയും ചെയ്തു. അതിൽ 18 സ്ത്രീകളും ബാക്കി പുരുഷന്മാരും ആയിരുന്നു. ഇങ്ങനെ ഈ രണ്ടാമത്തെ ഹിജ്റത്ത് ഉണ്ടായി. ഹദ്റത്ത് അബ്ദുല്ലാ ബിൻ മള്ഊനെ സംബന്ധിച്ച് പറയുന്നത് അദ്ദേഹം ആദ്യ ഹിജ്റത്തിൽനിന്ന് തിരിച്ചുവന്നുവെന്നാണ്. എന്നാൽ, രണ്ടാമത് തിരിച്ചുപോയി എന്നതിനെ കുറിച്ച് ഒരു വിവരവുമില്ല. പിന്നീട് ഇവിടെനിന്ന് അദ്ദേഹം മദീനയിൽ ഹിജ്റത്ത് ചെയ്തു.(സീറത്തുഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ് മദ് സാഹിബ് എം.എ,(റ), പേജ് 146–149)

എന്തായാലും ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മള്ഊൻ(റ) ഹിജ്റത്ത് ചെയ്ത് മദീനയിലെത്തിപ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തേയും ഹദ്റത്ത് സഹ്‌ൽ ബിൻ ഉബയ്ദുല്ലാഹ് അൻസ്വാരിയേയും സഹോദരന്മാരാക്കി.(അത്ത്വബക്കാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് വാള്യം 3, പേജ് 214, അബ്ദുല്ലാഹ് ബിൻ മള്ഊൻ, പ്രസാധകർ ദാറുഅഹ്‌യാഉത്തുറാഥ് അൽ അറബി ബേറൂത്ത് ലബ്നാൻ 1996).

ഒരു നിവേദനമനുസരിച്ച് അബ്ദുല്ലാഹ് ബിൻ മള്ഊനേയും ഹദ്റത്ത് ഖുത്ബ ബിൻ ആമിറിനേയുമാണ് സഹോദരന്മാരാക്കിയത്.(ഉയൂനുൽ അഥർ, വാള്യം 1, പേജ് 232, ദിക്റുൽമവാഖാത്ത്, ദാറുൽഖലം ബേറൂത്ത് 1993)

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മള്ഊൻ(റ) തന്റെ മൂന്ന് സഹോദരന്മാരായ ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊൻ(റ), ഹദ്റത്ത് ഖുദാമ ബിൻ മള്ഊൻ(റ), ഹദ്റത്ത് സായിബ് ബിൻ മള്ഊൻ(റ) എന്നിവരോടൊപ്പം ബദ്ർ യുദ്ധത്തിൽ നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. ഹദ്റത്ത് അബ്ദുല്ലാഹ് ബദ്ർ കൂടാതെ ഉഹുദ്, ഖൻദഖ് പോലുള്ള എല്ലാ യുദ്ധങ്ങളിലും നബി(സ) തിരുമേനിയോടൊപ്പം പങ്കെടുത്തിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മള്ഊൻ(റ) ഹദ്റത്ത് ഉഥ്മാന്റെ(റ) ഖിലാഫത്ത് കാലത്ത് ഹജ്റ 30 ന് അറുപതാമത്തെ വയസ്സിൽ വഫാത്തായി. (ഉസുദുൽ ഗാബ, ഫീ മഅ്‌രിഫത്തിസ്സ്വഹാബ വാള്യം 2, പേജ് 399, സാഇബ് ബിൻ മള്ഊൻ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1996).(അത്ത്വബക്കാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 212–214, അബ്ദുല്ലാ ബിൻ മള്ഊൻ(റ),ദാറു അഹ്‌യാഉത്തുറാഥ് അൽ അറബി ബേറൂത്ത്, ലബ്നാൻ 1996)

അല്ലാഹു ഈ സ്വഹാബാക്കളുടെ പദവികൾ ഉയർത്തിക്കൊണ്ടിരിക്കുമാറാകട്ടെ.

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

'മാതാപിതാക്കളുടെ സ്വന്തം മാതൃക കുട്ടികൾക്കു മുമ്പിൽ നിലനില്ക്കാത്തിടത്തോളം കുട്ടികളിൽ അത് സ്വാധീനമുണ്ടാക്കുകയില്ല. അതുകൊണ്ട് സുബ്ഹി നമസ്കാരത്തിനും എഴുന്നേല്ക്കുക.'
(ഖുത്ബാത്തെ മസ്റൂർ, വാള്യം 3, പേജ് 565)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**ത്വാലിബെ ദുആ:**
**Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.**

"വ്യക്തിപരമായ നിലയിൽ ലയ്‌ലത്തുൽഖദ്റിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് ഈ റമളാനിൽ പരസ്പരമുള്ള വൈരാഗ്യങ്ങൾ അവസാനിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്."
(ജുമുഅ ഖുത്ബ 25–7–2014)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**ത്വാലിബെ ദുആ:**
**Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.**

# ജീവാർപ്പണം ചെയ്തവരുടെ അനുഭവസമ്പത്തുകൾ

**വിവർത്തകൻ: കെ.വി.ഹസൻകോയ, കോഴിക്കോട്**

**(കഴിഞ്ഞ ലക്കം തുടർച്ച)**

വിശുദ്ധഖുർആൻ വചനം കാണിച്ചുകൊടുക്കുന്നതിനു പകരം അവരോടു അദ്ദേഹം ഒരു ലളിതമായ ചോദ്യം ചോദിച്ചു: 'നിങ്ങൾ മറ്റെല്ലാ പ്രവാചകന്മാരുടെയും മരണം വിശ്വസിക്കുന്നത് വിശുദ്ധഖുർആന്റെ വചനത്തിന്റെ അടിസ്ഥാനത്തിലാണോ? പിന്നെ യേശു(അ)ന്റെ കാര്യത്തിൽ മാത്രമെന്താണിത്ര നിർബന്ധം?' ഈ മറുപടി വളരെ ഫലപ്രദവും അവർ ബോധ്യപ്പെടുന്നതുമായി. അനഹ്മദി പണ്ഡിതൻ പറഞ്ഞു: 'അതുശരി.' അവർക്ക് പിന്നെ വിശുദ്ധഖുർആനിലെ വചനം കാണേണ്ടിവന്നില്ല. പ്രശ്നം വ്യക്തമായ നിലയിൽ പരിഹരിക്കപ്പെട്ടു. (Faith Inspiring Incidents of Heavenly Support in the Field of Preaching Page 18-19)

## കപ്പൽ മടങ്ങിവന്നു

പരേതനായ ഡോക്ടർ സർദാർ നാസിർ അഹ്മദ് സാഹിബ്(റ)ന് തബ്‌ലീഗിൽ വളരെ താല്പര്യമുണ്ടായിരുന്നു. അദ്ദേഹം രാവും പകലും പ്രബോധനം ചെയ്തുകൊണ്ടിരുന്നു. മറ്റെല്ലാ കാര്യങ്ങളും അവഗണിക്കുകയും ചെയ്തു. പ്രബോധന പ്രവർത്തനങ്ങളിൽ ആമഗ്നനാവാറുള്ള അദ്ദേഹത്തിന്റെ ജീവിതത്തിലെ ഈമാൻ വർധിപ്പിക്കുന്ന ഒരു സംഭവം താഴെ ചേർക്കുന്നു.

ഡോ. സർദാർ നാസിർ അഹ്മദ് സാഹിബ്(റ) വിവരിക്കുന്നു: "ഞാൻ കപ്പലിൽ ഒരു ഡോക്ടറായി നിയമിതനായി. ഒരു ദിവസം മടക്കയാത്രയിൽ കപ്പൽ ഏദനിൽ നങ്കൂരമിട്ടു. ഞാൻ ടൗണിൽ പ്രബോധനം ചെയ്യാൻ പോയി. ഞാൻ എത്ര മാത്രം മുഴുകിപ്പോയെന്നാൽ കപ്പൽ പോകേണ്ട സമയം ഞാൻ മറന്നുപോയി. പ്രബോധനത്തിനുശേഷം ഞാൻ പോർട്ടിൽ തിരിച്ചുവന്നപ്പോൾ കപ്പൽ പുറപ്പെട്ടുപോയെന്ന് മനസ്സിലായി.

ഞാൻ വളരെയധികം അസ്വസ്ഥനായി, വിയർക്കാൻ തുടങ്ങി. കപ്പൽ യാത്രക്കാർ എന്നെപ്പറ്റി എന്തു വിചാരിക്കുമെന്ന ആശങ്കയുണ്ടായി. ഏതെങ്കിലും യാത്രക്കാരൻ മരിക്കുകയാണെങ്കിൽ നിയമപ്രകാരം ഞാൻ കുറ്റക്കാരനും അറസ്റ്റിനു വിധേയനുമാണ്. ഞാൻ രാത്രിമുഴുവൻ വളരെ സങ്കടത്തോടെ ദുആ ചെയ്തുകൊണ്ടിരുന്നു. "അല്ലയോ സർവ്വശക്തനായ അല്ലാഹുവേ, ഞാൻ നിന്റെ ജോലി ചെയ്യുകയായിരുന്നു. ഞാൻ അറബികൾക്ക് നിന്റെ സന്ദേശം എത്തിക്കുകയായിരുന്നു. ഞാൻ എന്റെ വ്യക്തിപരമായ കാര്യമല്ല ചെയ്തിരുന്നത്. ഇപ്പോൾ കപ്പൽ പുറപ്പെട്ടുകഴിഞ്ഞിരിക്കുന്നു. എന്താണ് ചെയ്യേണ്ടതെന്ന് എനിക്കറിയില്ല. കപ്പൽ മടക്കിക്കൊണ്ടുവരാൻ നിന്നോട് ഞാൻ യാചിക്കുന്നു.' അങ്ങനെ പ്രാർഥിച്ചുകൊണ്ടിരിക്കെ ഞാൻ ഉറങ്ങിപ്പോയി. അന്ന് രാത്രി കപ്പൽ മടങ്ങിവരുന്നതായി ഞാൻ സ്വപ്നം കണ്ടു. ഞാൻ പ്രബോധനം ചെയ്തിരുന്നവരെല്ലാം എന്നെ പരിഹാസപാത്രമാക്കി. ഞാൻ കാരണമാണല്ലോ കപ്പൽപോയത്. ഞാൻ വിഷമത്തിലായി.

രാവിലെ കപ്പൽ മടങ്ങിവരുമെന്ന് ഞാൻ അറിയിച്ചപ്പോൾ അവർ എന്നെ പരിഹാസിച്ചു. കപ്പലുണ്ടോ മടങ്ങിവരുന്നു! അവർ ചോദിച്ചു. അല്ലാഹുവിന്റെ ശക്തി പരിധിയില്ലാത്തതും അവന്റെ പ്രവൃത്തികൾ അസാധാരണവുമാണ്. രാവിലെ, അസാധാരണവും അവിശ്വസനീയവുമായ ഒരു രംഗത്തിന് ഞങ്ങൾ സാക്ഷിയായി. കപ്പൽ മടങ്ങി വന്നിരിക്കുന്നുവെന്ന് ഒരു വ്യക്തി ഓടിവന്നു പറഞ്ഞു. യഥാർഥത്തിൽ കപ്പൽ തിരിച്ചെത്തിയിരിക്കുന്നു. ഞാൻ സർവ്വശക്തനായ അല്ലാഹുവിന് നന്ദി പറഞ്ഞുകൊണ്ട് കപ്പലിലേക്ക് മടങ്ങി.

കപ്പലിന്റെ മടക്കം സർവ്വശക്തനായ അല്ലാഹുവിന്റെ അസാധാരണമായ ഒരു പ്രവൃത്തിയായിരുന്നു. കപ്പലിന്റെ മടക്കത്തിനുള്ള പ്രത്യക്ഷ കാരണമിതായിരുന്നു. യുദ്ധം കാരണമായി കപ്പലിന് മുങ്ങിക്കപ്പലിന്റെ ആക്രമണമുണ്ടാകാൻ സാധ്യതയുണ്ടായിരുന്നു. കപ്പലിൽ സമാധാന പതാക (വെള്ളക്കൊടി) ഉണ്ടായിരുന്നില്ല. അതിനാൽ, ഈ പതാക എടുക്കാനാണ് കപ്പൽ തുറമുഖത്തേക്ക് മടങ്ങിയത്. സാധാരണഗതിയിൽ ഒരു വ്യക്തിക്ക് ഒരു ബസ്സോ തീവണ്ടിയോ മിസ്സായാൽ അതൊരിക്കലും മടങ്ങിവരില്ല. ഇവിടെ സർവ്വശക്തനായ അല്ലാഹുതന്റെ ശക്തിയുടെ അത്ഭുതം കാണിച്ചിരിക്കുകയാണ്. തന്റെ ആവേശഭരിതനായ ഒരു പ്രബോധകനുവേണ്ടി തന്റെ ശക്തി പ്രകടിപ്പിച്ചിരിക്കുകയാണ്. (Faith Inspiring Incidents of Heavenly Support in the Field of Preaching)

## വിശുദ്ധഖുർആന്റെ ഒരു വാദം

ഖാലിദെ അഹ്മദിയ്യത്ത് ഹദ്റത്ത് മൗലാനാ ജലാലുദ്ദീൻ സാഹിബ് ശംസ് പറഞ്ഞു: "1926ൽ എനിക്ക് ഒരു ആംഗലേയ പുരോഹിതന്റെ സിറിയൻ നിയമജ്ഞനുമായി ദീർഘമായ മതചർച്ചയുണ്ടായിരുന്നു. വളരെ ആത്മവിശ്വാസത്തോടുകൂടി വക്കീൽ വാദിച്ചത് യേശു(അ), വിശുദ്ധ നബി മുഹമ്മദ്(സ)യേക്കാൾ ശ്രേഷ്ടനാണെന്ന് വിശുദ്ധ ഖുർആൻ സ്ഥാപിക്കുന്നുവെന്നാണ്. ഞാൻ അദ്ദേഹത്തോട് തെളിവ് നൽകാൻ ആവശ്യപ്പെട്ടു. അദ്ദേഹം മറുപടി പറഞ്ഞു. "വിശുദ്ധഖുർആനിൽ യേശുവിനെക്കുറിച്ചുള്ള പരാമർശം ഗുലാമൻ സക്കിയ്യാ (സാത്വികനായ പുത്രൻ) (19:20) എന്നാണ്. സക്കിയ്യാ (സാത്വികൻ) എന്ന പ്രയോഗം മറ്റൊരു പ്രവാചകനെ സംബന്ധിച്ചും വിശുദ്ധഖുർആനിൽ ഇല്ല. ഇത് സ്ഥാപിക്കുന്നത് ഈ സവിശേഷതയിൽ മറ്റൊരു പ്രവാചകനും യേശുവിനൊപ്പം പങ്കുവെക്കുന്നില്ല എന്നാണ്. അതുകൊണ്ട് ഇത് സ്ഥാപിക്കുന്നത് യേശു(അ), മുഹമ്മദ് നബി(സ) അടക്കമുള്ള എല്ലാ പ്രവാചകന്മാരേക്കാളും ശ്രേഷ്ടനാണെന്നാണ്." ആ വക്കീലിന്റെ വാദത്തിനെതിരിൽ മികവുറ്റ പ്രതികരണം സർവ്വശക്തനായ അല്ലാഹു ഹദ്റത്ത് മൗലാനാ സാഹിബിന് പഠിപ്പിച്ചുകൊടുത്തു. അദ്ദേഹം പറഞ്ഞു: 'നബി(സ) തിരുമേനിയെ സംബന്ധിച്ച് 'സക്കിയ്യ്' എന്ന പദം വിശുദ്ധഖുർആനിൽ പ്രയുക്തമായിട്ടില്ലെന്നത് ശരിയാണ്. എന്നാൽ, 'യുസക്കി' എന്ന പദം നബി(സ)തിരുമേനിയെ സംബന്ധിച്ച് വിശുദ്ധ ഖുർആനിൽ നിരവധി സ്ഥലങ്ങളിൽ പ്രയുക്തമായിട്ടുണ്ട്. (2:152, 3:105, 52:3). 'യുസക്കി' എന്ന പദം തെളിയിക്കുന്നത് നബി(സ)തിരുമേനിയുടെ പരിശുദ്ധിയാണ്. അതിന്റെ അർഥം കൂടുതൽ വിപുലവുമാണ്. അതിൽ 'സക്ക' എന്ന പദത്തിന്റെ അർഥവും ഉൾക്കൊള്ളുന്നു. അപ്രകാരം 'യുസക്കി' എന്ന പദം നബി(സ)തിരുമേനിയുടെ ഉന്നത പദവി വെളിപ്പെടുത്തുന്നുവെന്നു മാത്രമല്ല അത് കാണിക്കുന്നത് അദ്ദേഹത്തിന് മറ്റുള്ളവർക്കുപോലും പരിശുദ്ധി നൽകാനു ള്ള കഴിവുണ്ടെന്നാണ്. ഈ വീക്ഷണകോണിൽ നോക്കിയാൽ യേശു(അ), നബി(സ)തിരുമേനിയുടെ ശിഷ്യനാണ്. നബി(സ)തിരുമേനി യേശുവിന്റെ അധ്യാപകനാണ്. ഈ മറുപടി കേട്ടശേഷം സിറിയൻ വക്കീലിന്റെ നാവടങ്ങിപ്പോയി. (Faith Inspiring Incidents of Heavenly Support in the Field of Preaching Page 20)

## എതിരാളിയുടെ തന്ത്രം തിരിഞ്ഞുകുത്തി

പരേതനായ മാസ്റ്റർ മുഹമ്മദ് ശാഫി അസ്‌ലം സാഹിബ്(റ) വിവരിക്കുന്നു: "ഒരു ഹിന്ദു പണ്ഡിതനുമായി സംവാദം നടത്താൻ എനിക്കിടവന്നു. വളരെ സൂത്രത്തിൽ, അയാൾ ഇംഗ്ലീഷിലെഴുതിയ ഒരു പ്രമാണം എനിക്ക് തന്നിട്ട് അതിനോട് പ്രതികരിക്കാൻ എന്നോടാവശ്യപ്പെട്ടു. അയാളുടെ ഉദ്ദേശ്യം എന്തായിരുന്നുവെന്നാൽ ഇംഗ്ലീഷ് അറിയാത്ത എനിക്ക് അത് വായിക്കാൻ കഴിയാതെ വരുമ്പോൾ ഈ മൗലവിക്ക് ഞാൻ കൊടുത്ത എഴുത്തുപോലും വായിക്കാൻ അറിയില്ലെന്ന് ശ്രോതാക്കളോട് പറഞ്ഞ്, അങ്ങനെയുള്ള ഒരാളോട് താൻ എങ്ങനെ സംവാദം നടത്തും എന്ന് ചോദിക്കുക എന്നതായിരുന്നു.

സർവ്വശക്തനായ അല്ലാഹു, അവന്റെ കാരുണ്യം മുഖേന പണ്ഡിറ്റിനെ എതിരിടാൻ എന്നെ പ്രാപ്തനാക്കി. ഞാൻ ഒരു തുണ്ടുകടലാസിൽ അറബിയിൽ ഒന്നുരണ്ട് വരികൾ എഴുതി അദ്ദേഹത്തിന്റെ കുറിപ്പിനോട് പ്രതികരിച്ചു. പണ്ഡിറ്റിന് അറബി അറിയാത്തതിനാൽ എന്താണ് ഇതിലെഴുതിയിരിക്കുന്നത്? എന്ന് അയാൾ അമ്പരന്നുകൊണ്ട് ചോദിച്ചു. ഉടനെ ഞാൻ ശ്രോതാക്കളോടു പറഞ്ഞു. നോക്കൂ, അദ്ദേഹത്തിന് എന്റെ കൈയക്ഷരംപോലും വായിക്കാൻ സാധിക്കുന്നില്ല. പിന്നെ എങ്ങനെയാണ് ഞാനുമായി സംവാദം നടത്തുക? ദൈവാനുഗ്രഹത്താൽ പണ്ഡിറ്റിന്റെ തന്ത്രം അയാളെ തന്നെ തിരിഞ്ഞുകുത്തി." (Faith Inspiring Incidents of Heavenly Support in the Field of Preaching Page 18-19)

## ഹദ്റത്ത് ഭായി അബ്ദുർറഹ്മാൻ സാഹിബ് ഖാദിയാനി(റ)

ഹദ്റത്ത് ഭായി അബ്ദുറഹ്മാൻ സാഹിബ് ഖാദിയാനി(റ) മനോഹരമായ പുഷ്പങ്ങൾ നിറഞ്ഞ തോട്ടംപോലെയായിരുന്നു. അദ്ദേഹം വാഗ്ദത്ത മസീഹ്(അ)ന്റെ ഒരു സ്വഹാബിയായിരുന്നു. കാലഘട്ടത്തിലെ പ്രവാചകന്റെ സ്വഹാബിയാകുകയെന്നത് സ്വയംതന്നെ മഹത്തായ അനുഗ്രഹമാണ്. അത് മഹത്തായ ഒരു ആദരവും തേജസ്സുമായി ഗണിക്കപ്പെടുന്നു. ഹദ്റത്ത് ഭായി അബ്ദുറഹ്മാൻ സാഹിബ് ഖാദിയാനി(റ)ക്ക് ദീർഘകാലം വാഗ്ദത്ത മസീഹു(അ)മൊത്ത് ജീവിക്കാനുള്ള സൗഭാഗ്യം ഉണ്ടായിരുന്നു. ഹുദൂർ(അ)ന്റെ കൂടെ യാത്ര ചെയ്തും താമസിച്ചും എണ്ണമറ്റ അനുഗ്രഹങ്ങൾ നേടാൻ സാധിച്ചു. വാഗ്ദത്ത മസീഹ്(അ)ന്റെ പ്രകാശത്താൽ അദ്ദേഹത്തിന്റെ ശരീരവും ആത്മാവും പ്രഭാപൂരിതമാക്കി. തന്റെ ജീവിതാവസാനം വരെ അത് നിലനിറുത്തുകയും ചെയ്തു. അതു കാരണം എല്ലാ ദർവേശുമാർക്കും ചാരിതാർഥ്യത്തിന് കാരണമായി. അദ്ദേഹം മഹാനായ ഒരു സ്വഹാബിയായിരുന്നു. വാഗ്ദത്ത മസീഹ്(അ)നെ അനുസ്മരിക്കുന്ന യോഗങ്ങളിൽ അദ്ദേഹത്തിന്റെ സാന്നിധ്യം ആകർഷണീയമായിരുന്നു. പ്രചോദനാത്മകമായ അദ്ദേഹത്തിന്റെ വിവരണങ്ങളിൽ ആളുകൾ മുഴുകുമായിരുന്നു. വാഗ്ദത്ത മസീഹ്(അ)ന്റെ വീടിന്റെ (ദാറുൽ മസീഹ്) ഓരോ മുക്കും മൂലയും അദ്ദേഹം വ്യക്തമായി ഓർമിച്ചിരുന്നു. വാഗ്ദത്ത മസീഹ്(അ)എവിടെയാണിരുന്നതെന്നും വ്യക്തമായി അദ്ദേഹം പറയുമായിരുന്നു.

ചില സന്ദർഭങ്ങളിൽ അദ്ദേഹം സംഭവങ്ങൾ വിവരിക്കുമ്പോൾ പെട്ടെന്ന് എഴുന്നേറ്റുനിന്ന്

എല്ലാവരേയും ഒരു പ്രത്യേക സ്ഥലത്തേക്ക് കൊണ്ടുപോയി 'ഇതാണ് ശരിയായ ആ സ്ഥലം' എന്നു പറയുമായിരുന്നു. ആ സന്ദർഭത്തിൽ അദ്ദേഹത്തിന്റെ വദനം തിളങ്ങുമായിരുന്നു. ശബ്ദം വികാരഭരിതമാവുകയും അശ്രുനിറഞ്ഞ കണ്ണുകളിൽനിന്ന് വരുന്ന ആ പ്രകാശം നയനമനോഹരമാകുകയും ചെയ്തിരുന്നു. അത് ശ്രോതാക്കൾക്ക് സ്വന്തം കണ്ണുകൾകൊണ്ട് അല്ലാഹുവിന്റെ മസീഹിനെ ദർശിക്കുന്നതുപോലുള്ള അനുഭവമായിരുന്നു.

അദ്ദേഹത്തിന്റെ ജീവിതത്തിലുണ്ടായ മറ്റൊരു സൗഭാഗ്യം വാഗ്ദത്ത മസീഹ്(അ)ന്റെ ചരമവേളയിൽ ലാഹോറിൽ അദ്ദേഹത്തിന്റെ സാന്നിധ്യമുണ്ടായിരുന്നു എന്നതാണ്. അദ്ദേഹം ഖാദിയാൻവരെ പരിശുദ്ധ ശരീരത്തെ അനുഗമിക്കുകയും ഖബറടക്കത്തിന് സാക്ഷിയാവുകയും ചെയ്തു. പിന്നീട് നിത്യേന അദ്ദേഹം ഖബറിടം സന്ദർശിക്കുകയും അവിടെ വൃത്തിയാക്കുകയും മണ്ണ് നിരത്തുകയും തന്റെ പ്രേമഭാജനത്തെ കുറിച്ച് ചിന്തിച്ച് പ്രാർഥനയിൽ നിരതനാവുകയും ചെയ്തിരുന്നു. അല്ലാഹുവും അദ്ദേഹത്തോട് അങ്ങനെതന്നെ പെരുമാറി. ഹദ്റത്ത് ഭായി അബ്ദുർറഹ്മാൻ സാഹിബ്(റ) 1960-ൽ പാക്കിസ്താൻ ജമാഅത്തിന്റെ വാർഷിക കൺവെൻഷനിൽ പങ്കെടുക്കാൻ റബ്വയിലായിരിക്കെ വഫാത്തായി. അത് പിന്നീട് മൂകതയുടേയും ആശങ്കയുടേയും അവസരമായിരുന്നു. പക്ഷേ, ഇവിടെ സൂചിപ്പിക്കേണ്ട പ്രധാന കാര്യമെന്തെന്നാൽ അദ്ദേഹത്തിന്റെ പരിശുദ്ധ ശരീരം ഖാദിയാനിലേക്ക് കൊണ്ടുവന്നത് വാഗ്ദത്ത മസീഹ്(അ)ന്റെ മൃതദേഹം കൊണ്ടുവന്നതുപോലെ ലാഹോറിലൂടെയും ബട്ടാലയിലൂടെയും ആയിരുന്നു. (The Devotion of Life-Its importance and blessing)

### ഹദ്റത്ത് ഹാജി മുഹമ്മദ് ദീൻ സാഹിബ് തെഹ്ലവി(റ)

ഹദ്റത്ത് ഹാജി മുഹമ്മദ് ദീൻ സാഹിബ്(റ) വാഗ്ദത്ത മസീഹ്(അ)ന്റെ കൂടെ ഝലമിലേക്ക് യാത്ര ചെയ്യാൻ സൗഭാഗ്യം ലഭിച്ച സ്വഹാബാക്കളിൽപെട്ട ആളായിരുന്നു. അദ്ദേഹത്തിന് അവിടെ ഒരു പ്രത്യേക ചടങ്ങിൽ സംബന്ധിക്കാൻ അവസരമുണ്ടായി. 'പാഗ്രീവാല ബയ്അത്ത്' എന്ന ഒരു ചടങ്ങായിരുന്നു അത്. ഈമാൻ വർധിക്കുന്നതിനു കാരണമായ ഒരു ചടങ്ങായിരുന്നു അത്. ആ അവസരത്തിൽ വാഗ്ദത്ത മസീഹ്(അ)ന് ഒരു കുറ്റാരോപണത്തിന്റെ പേരിൽ കോടതിയിൽ ഹാജരാവേണ്ടതുണ്ടായിരുന്നു. ഒരുകൂട്ടം ആളുകൾ അന്ന് ബയ്അത്ത് ചെയ്ത് ജമാഅത്തിൽ ചേർന്നു. അവർ ഏകദേശം 1200 സ്ത്രീപുരുഷന്മാരുണ്ടായിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രത്തിൽ അതൊരു അത്ഭുതകരമായ സംഭവമായിരുന്നു. ഇത്രയധികം ആളുകൾ ബയ്അത്ത് ചെയ്യേണ്ടതുള്ളതിനാൽ ആളുകൾ തങ്ങളുടെ തലപ്പാവുകൾ അഴിച്ച് നീളത്തിൽ കൂട്ടിക്കെട്ടി. അതിന്റെ ഒരറ്റം വാഗ്ദത്ത മസീഹ്(അ)ന്റെ കൈവരെയെത്തി. ബയ്അത്ത് ചെയ്യുന്നവരെല്ലാം അതിൽ പിടിച്ചു. ഈ സംഭവം ദർവേശുമാരോട് വിവരിക്കുമ്പോൾ ഹാജി മുഹമ്മദുദ്ദീൻ സാഹിബ്(റ) പഞ്ചാബിയിൽ ഇങ്ങനെ പറയുമായിരുന്നു. ഹദ്റത്ത് സാഹിബ് അവിടെ ഇരിക്കുകയായിരുന്നു. ശ്രോതാക്കളിൽ അത് താഴെ കൊടുത്തിരിക്കുന്ന വരികളിൽ പറഞ്ഞപോലെ പ്രഭാവം ചെലുത്തി.

"പ്രിയങ്കരനെക്കുറിച്ച് പറയുന്നത് പ്രിയങ്കരനുമായി കൂടിക്കാഴ്ച നടത്തുന്നതിനെക്കാൾ ഒട്ടും കുറവല്ല."

ബയ്അത്ത് ചെയ്തതിനുശേഷം ഹാജി സാഹിബ് കൂടുതൽ ഭക്തനും സാത്വികനുമായി. അക്കാലത്ത് ബയ്അത്ത് ചെയ്യുകയെന്നാൽ സ്വന്തം മരണവാറണ്ടിൽ ഒപ്പിടുന്നതിനു സമമായിരുന്നു. അദ്ദേഹത്തിനുണ്ടായ ഒരനുഭവം ഇവിടെ എടുത്തു പറയേണ്ടതാണ്. 'ബയ്അത്തിനുശേഷം അദ്ദേഹം സ്വന്തം പട്ടണത്തിലെ ഗൃഹത്തിൽ വന്നപ്പോൾ ഇക്കാര്യം അറിയാനിടയായ ജനങ്ങൾ അദ്ദേഹത്തെ വധിക്കാൻ തീരുമാനിച്ചു. ആദ്യമായി ജനങ്ങൾ അദ്ദേഹത്തെ ഭീഷണിപ്പെടുത്തിക്കൊണ്ടിരുന്നു. അഹ്മദിയ്യത്ത് ഉപേക്ഷിച്ചില്ലെങ്കിൽ വധിക്കുമെന്നു പറഞ്ഞു. എന്നാൽ, അദ്ദേഹം ഒട്ടും ഭയപ്പെടാതെ സ്ഥിരചിത്തനായി നിലകൊണ്ടു. ഒരു ദിവസം ചുറ്റുപാടുമുള്ള പന്ത്രണ്ട് ഗ്രാമങ്ങളിലെ ജനങ്ങൾ അദ്ദേഹത്തെ വധിക്കാനായി ഒത്തുകൂടി. യഥാർഥത്തിൽ അവർ വധിക്കാൻ തന്നെയാണ് ഉദ്ദേശിക്കുന്നതെങ്കിൽ തനിക്ക് രണ്ട് റക്അത്ത് നഫ്ൽ നമസ്കരിക്കാൻ അനുവാദം തരണമെന്ന് അപേക്ഷിച്ചു. അങ്ങനെ അദ്ദേഹം അടുത്തുള്ള മസ്ജിദിൽ പോയി കുറച്ചുനേരം പ്രാർഥനയിൽ നിമഗ്നനായി. പുറത്തുള്ള ജനങ്ങൾ അദ്ദേഹം പരിഭ്രമിച്ചിരിക്കുകയാണെന്ന് ധരിച്ചു. കുറച്ചുസമയം കഴിഞ്ഞപ്പോൾ അദ്ദേഹം പുറത്തുവന്നു. അപ്പോൾ ഒരു കുതിരസവാരിക്കാരൻ അദ്ദേഹത്തിന്റെയടുക്കൽ വന്നു. ഉച്ചത്തിൽ ആക്രോശിച്ചു. "ഈ മനുഷ്യനെ ആരും തൊട്ടുപോകരുത്. ആ മനുഷ്യൻ വളരെ ആകർഷണീയമായ വ്യക്തിപ്രഭാവമുള്ള ആളാണ്.' ഈ ആക്രോശം കേട്ട ജനങ്ങൾ പിരിഞ്ഞുപോയി. അങ്ങനെ സർവ്വോന്നതനായ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹത്തിന്റെ ജീവൻ രക്ഷപ്പെട്ടു.

ഈ സംഭവത്തിനുശേഷം താൻ നിരവധി പ്രാവശ്യം ഗ്രാമങ്ങളോളം ചുറ്റിനടന്നെങ്കിലും ആ കുതിരസവാരിക്കാരനെ കാണാനായില്ല; അദ്ദേഹത്തെക്കുറിച്ച് കേൾക്കാനുമായില്ല എന്ന് ഹാജി മുഹമ്മദുദ്ദീൻ സാഹിബ് പറയുന്നു. വ്യക്തമായും ആ കുതിരസവാരിക്കാരൻ തന്റെ ജീവൻ രക്ഷിക്കാൻവേണ്ടി ദൈവത്താൽ അയക്കപ്പെട്ട ഒരു മലക്കായിരുന്നു. ഖാദിയാനിലെ ദർവേശുമാർ അദ്ദേഹത്തിന്റെ കൂട്ടുകെട്ടിൽ ആഹ്ലാദചിത്തരായി. ദർവേശ് എന്ന നിലയിൽ അദ്ദേഹം കഴിച്ചുകൂട്ടിയ പതിനേഴു വർഷം അദ്ദേഹത്തിന് അനുഗ്രഹങ്ങൾക്ക് കാരണമായി. മറ്റുള്ള ദർവേശുമാർക്ക് അദ്ദേഹം വിടർന്ന ഒരു പുഷ്പം പോലെയായിരുന്നു.

ഈ കാലമത്രയും അദ്ദേഹത്തിന്റെ വസതി മുബാറക്ക് മസ്ജിദിന്റെ പടികൾക്കടുത്തായിരുന്നു. അതറിയപ്പെട്ടിരുന്നത് 'ഹദ്റത്ത് അമ്മാജാൻ(റ)ന്റെ വരാന്ത' എന്നായിരുന്നു.

രാത്രി നമസ്കാരവും പ്രഭാത നമസ്കാരവും ദിനേനയുള്ള അഞ്ചുനേര നമസ്കാരവും അദ്ദേഹം മുടങ്ങാതെ അനുഷ്ഠിച്ചു. അദ്ദേഹത്തെ കണ്ടവരെല്ലാം, 'നമസ്കാരവും ദൈവസ്മരണയും അദ്ദേഹത്തിന്റെ മുഴു ദിനചര്യയായിരുന്നു'വെന്നാണ് പറയാറുണ്ടായിരുന്നത്. അദ്ദേഹം ഖാദിയാനിലായിരിക്കെ ഏദനിൽ ഡോക്ടറായിരുന്ന തന്റെ മകന്റെ ചരമവാർത്തയറിഞ്ഞപ്പോൾ ആദ്യം ഉച്ചരിച്ച വാചകം ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ എന്നായിരുന്നു. (നാമെല്ലാം അല്ലാഹുവിൽ നിന്നുള്ളവരാണ്. നമ്മുടെയെല്ലാം മടക്കം അവനിലേക്കുതന്നെയാണ്). രണ്ടാമത്തെ വാക്കുകൾ "അത് ദൈവത്തിന്റെ തൃപ്തി" എന്നായിരുന്നു. കരച്ചിലോ വിലാപമോ ഒന്നുമില്ല!

### ഹദ്റത്ത് ബാബാ സ്വദ്റുദ്ദീൻ സാഹിബ്(റ)

ഹദ്റത്ത് ബാബാ സ്വദ്റുദ്ദീൻ സാഹിബ് ഖാദിയാനി(റ) ആദ്യകാല അഹ്മദികളിൽ തന്റെ വിയർപ്പും കഠിനാധ്വാനവുംകൊണ്ട് അഹ്മദിയ്യത്തിന്റെ അടിത്തറ ശക്തിപ്പെടുത്തിയവരിൽ ഒരാളായിരുന്നു. അഹ്മദിയാകുക എന്നാൽ, കുരിശുമരണം വരിക്കുക എന്ന അവസ്ഥയിലായിരുന്നു അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിച്ചത്. അഹ്മദിയ്യാ ജമാഅത്തിൽ ചേർന്നശേഷം ഇസ്‌ലാം അഹ്മദിയ്യത്തിന്റെ ചലിക്കുന്ന മാതൃകയായാണ് അദ്ദേഹം ജീവിച്ചത്. എത്രത്തോളമെന്നാൽ മറ്റുള്ള അഹ്മദികൾക്ക് അദ്ദേഹം ഒരു പ്രചോദനവും മാർഗ്ഗദർശനവുമായിരുന്നു. വിഭജനത്തിനു മുമ്പേതന്നെ അദ്ദേഹം ഖാദിയാനിലേക്ക് നീങ്ങി. ഒരു ചെറിയ പലചരക്കുകട നടത്തിയാണ് അദ്ദേഹം ഉപജീവനം കഴിച്ചിരുന്നത്. അദ്ദേഹം ദർവേശായതിനുശേഷവും ചെറിയ ബിസിനസ്സ്

(ശേഷം പേജ് 20ൽ)

## പ്രാർഥന

കനിവുള്ള റബ്ബേ കരുണാമയനേ
കൈവിടല്ലേ നാഥാ കേഴുന്ന ദാസനേ
ആകാശം കേൾക്കുമാറുച്ചത്തിൽ വാഴ്ത്തിടാം
ആകാശ ഭൂമിതൻ രാജാധിരാജനെ
ഒന്നൊന്നായ് ചെയ്തുള്ള തെറ്റുകളൊക്കെയും
ഒന്നിച്ചൊന്നായ് നീ പൊറുത്തീടണെ
ഇഹവും പരവും അറിയുന്നൊരെൻ നാഥാ
അകവും പുറവും വാഴ്ത്തിടും നിൻ ഗാഥാ
ദു:ഖങ്ങളൊക്കെയെൻ ഭാണ്ഡത്തിലാക്കി
നിൻ തിരുമുന്നിൽ ഞാൻ വന്നു നിന്നു
പിരിശങ്ങളെല്ലാമെൻ ഭാണ്ഡമഴിച്ചു ഞാൻ
റബ്ബിങ്കൽ ശൂന്യനായി തേങ്ങലോടെ
എത്ര നിസ്സാരമിതെത്രയോ കേവലം
പുഞ്ചിരിച്ചൂ നീ അനുഗ്രഹിച്ചൂ
ആവോളം നുകർന്നു ഞാൻ നിന്നുടെ സ്നേഹത്തിൻ
മധുവൂറും ചഷകങ്ങൾ മനം നിറയെ
അഗതിയാം ദാസനെ അതിഥിയായ് കണ്ടുവോ
അലിവോടെ നീയെന്നെ കനിഞ്ഞിടുമോ
കണ്ടിടാം അടുത്ത സുജൂദിലുമെന്നുള്ള
ഉറപ്പിന്മേൽ ഞാൻ യാത്ര പറഞ്ഞിടുന്നൂ
കനിവുള്ള റബ്ബേ കരുണാമയനേ
കൈവിടല്ലേ നാഥാ കേഴുന്ന ദാസനേ
താളുകൾ മറിച്ചുകോണ്ടോതിടേണം പ്രിയ
നാഥന്റെ കലാമുകൾ കുറച്ചു നേരം
ഏവരും നിദ്രയിൽ മുഴുകുന്ന യാമത്തിൽ
നാഥാ നീ ദർശനം നൽകിടണേ
കനിവുള്ള റബ്ബേ കരുണാമയനേ
കൈവിടല്ലേ നാഥാ കേഴുന്ന ദാസനേ
ആകാശം കേൾക്കുമാറുച്ചത്തിൽ വാഴ്ത്തിടാം
ആകാശ ഭൂമിതൻ രാജാധിരാജനെ

**(അബൂ ഇഷൽ)**

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അമേരിക്കൻ പര്യടനം

**വിവർത്തനം: അമീൻ മുഹമ്മദ് മാത്ര**

## 2018 ഒക്ടോബർ 19 (വെള്ളിയാഴ്ച)

(ഹുദൂറിന്റെ പ്രസംഗം തുടർച്ച...)

"ഞങ്ങളുടെ ജമാഅത്തുമായുള്ള ബന്ധം ശക്തിപ്പെടുത്താൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടെന്നും ഞങ്ങളുടെ മതത്തെ നല്ല രീതിയിൽ മനസ്സിലാക്കാനുള്ള താൽപര്യമുണ്ടെന്നുമാണ് നിങ്ങളുടെ ഈ സാന്നിദ്ധ്യം വെളിവാക്കുന്നത്. അവിടുന്നും ഇവിടുന്നും കേൾക്കപ്പെടുന്ന കാര്യങ്ങളിൽ അന്ധമായി വിശ്വസിക്കുന്നില്ലെന്നും ഇത് വെളിവാക്കുന്നുണ്ട്. ഊഹാപോഹങ്ങളുടെ ഇക്കാലഘട്ടത്തിൽ ഇസ്‌ലാമിനെ സംബന്ധിച്ചുള്ള സത്യത മനസ്സിലാക്കാനുള്ള നിങ്ങളുടെ ഈ ആഗ്രഹം പ്രശംസനീയമാണ്. മാധ്യമങ്ങൾ ഇസ്‌ലാമിനെക്കുറിച്ച് പറയുന്ന കാര്യങ്ങളേയും ചില ഇസ്‌ലാം വിരുദ്ധ ശക്തികൾ ഇസ്‌ലാമിനെ ചിത്രീകരിച്ചു കാണിക്കുന്നതിനേയും അതേപടി വിശ്വസിക്കുന്നതിനു പകരം നിങ്ങൾ ഇവിടെ നേരിട്ട് വന്ന് ഇസ്‌ലാമിന്റെ യഥാർഥ ഉദ്ദേശ്യമെന്താണെന്നും എന്തെല്ലാം അധ്യാപനങ്ങളാണ് അത് നൽകുന്നതെന്നും ദർശിക്കുന്നുവെന്നതിലും ഞാൻ നിങ്ങളെ ശ്ലാഘിക്കുകയാണ്, നന്ദി രേഖപ്പെടുത്തുകയാണ്.'

ഹുദൂർ പറയുന്നു: 'അഹ്മദിയ്യാ ജമാഅത്തിന്റെ മോട്ടോ 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്നതാണെന്ന് നിങ്ങൾക്ക് നല്ലവണ്ണം അറിവുണ്ടാകും. ഈ ലക്ഷ്യം പുതിയൊരു ലക്ഷ്യമൊന്നുമല്ല; ഞങ്ങളുടെ ജമാഅത്തിന്റെ പുതിയ കണ്ടെത്തലുമല്ല. മറിച്ച്, ഇസ്‌ലാമിന്റെ സ്ഥാപകരായ അല്ലാഹുവിന്റെ ദൂതൻ മുഖേന ലഭിച്ച ഇസ്‌ലാമിന്റെ വിശുദ്ധ ഗ്രന്ഥമായ വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളാണ് ഈ മോട്ടോയുടെ അടിസ്ഥാനം. ബാഹ്യമായ അന്തസും ആദരവും നിലനിറുത്തൽ ഇസ്‌ലാമിന്റെ അടിസ്ഥാന മൂല്യങ്ങളാണെന്ന് ആരംഭത്തിലേ ഇസ്‌ലാം നമ്മെ പഠിപ്പിച്ചിരിക്കുന്നു. വിശുദ്ധ ഗ്രന്ഥത്തിലെ അധ്യായമായ സൂറ അൻആമിലെ 109-ാം വചനം ഇതിന്ന് ഉദാഹരണമാണ്. അല്ലാഹു അതിൽ പറയുന്നു:

'അല്ലാഹുവിനുപുറമെ അവർ മറ്റാരെ വിളിച്ചു പ്രാർഥിക്കുന്നുവോ അവരെ മുസ്‌ലിമീങ്ങൾ ശകാരിക്കരുത്. അതായത് ബിംബങ്ങളെ അനാവശ്യം പറയരുത്. കാരണം അതിന്ന് മറുപടി എന്ന നിലയിൽ അവർ അല്ലാഹുവിനേയും ശകാരിച്ചേക്കും.'

അതുകൊണ്ട് പരസ്പരമുള്ള അകൽച്ച വർധിക്കാതിരിക്കാനും സമൂഹത്തെ വെറുപ്പിൽനിന്നും വി ദ്വേഷത്തിൽനിന്നും രക്ഷപ്പെടുത്താനുംവേണ്ടി മുസ്‌ലിമീങ്ങൾഎന്നുംസ്ഥൈര്യവുംക്ഷമയുംകൈക്കൊള്ളണമെന്ന് വിശുദ്ധ ഖുർആൻ കല്പിക്കുന്നു.

മുസ്‌ലിമീങ്ങൾ ഇതര മതങ്ങളേയും അവരുടെ ആദരണീയ വ്യക്തികളേയും ആദരിക്കുന്നില്ല എന്ന വിമർശനത്തിന് യാഥാർഥ്യവുമായി ഒരു ബന്ധവുമില്ല. അല്ലാഹുവിന്റെ നബിമാരെല്ലാം വിവിധ ജനവിഭാഗങ്ങളിൽ ലോകത്ത് വന്നിട്ടുള്ളത് യഥാർഥത്തിൽ അവർക്ക് മാർഗദർശനം നൽകാനും അവരെ സംസ്കരിക്കാനുമാണെന്നും വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളുടെ വെളിച്ചത്തിൽ മുസ്‌ലിമീങ്ങൾ വിശ്വസിക്കുന്നു. നബിമാരെല്ലാം സത്യവാന്മാരായിരുന്നുവെന്നാണ് ഞങ്ങളുടെ ഉറച്ച വിശ്വാസം. മുഴു മനുഷ്യ കുലത്തേയും ദൈവത്തിലേക്ക് വിളിക്കാനും സ്വഭാവ മഹിമകൾ പഠിപ്പിക്കാനും വ്യക്തി സ്വാതന്ത്ര്യം, നീതി, ന്യായം, സഹതാപം തുടങ്ങി സാർവ്വദേശീയ മൂല്യങ്ങൾ പഠിപ്പിക്കാനാണ് അവർ നിയോഗിതരായിട്ടുള്ളതെന്നും ഞങ്ങൾ ദൃഢമായും വിശ്വസിക്കുന്നു. ഈ അധ്യാപനങ്ങളുള്ളപ്പോൾ അന്യമതസ്ഥരെ അനാദരിക്കുന്നതെങ്ങനെ? അതുകൊണ്ട് അഹ്മദികൾ ഞങ്ങളുടെ വാദങ്ങളിൽ ആത്മാർഥരാണ്. ഞങ്ങളാരേയും വെറുക്കുന്നില്ല.'

ഹുദൂർ തുടരുന്നു:'ഞങ്ങൾ മനുഷ്യ സമൂഹങ്ങളെയെല്ലാം യഥാർഥമായ രീതിയിൽ സ്നേഹിക്കുന്നവരാണ്. മറ്റുള്ളവരിലേക്ക് സ്നേഹത്തിന്റെ കൈനീട്ടാൻ സദാ സന്നദ്ധരായിരിക്കുന്നു. ഉദാഹരണമായി, കഴിഞ്ഞ വർഷം ഇവിടെ ഫിലാഡൽഫിയാ (Philadelpiia)യിൽ ഒരു പ്രാദേശിക യഹൂദ ശ്മശാനത്തിൽ ആക്രമണം ഉണ്ടാകുകയും അത് അനാദരിക്കപ്പെടുകയും ചെയ്തപ്പോൾ അഹ്മദിയ്യാ ജമാഅത്തിന്റെ തദ്ദേശവാസികൾ ഉടൻതന്നെ യഹൂദ സമൂഹത്തിന്റെ സഹായത്തിന് എത്തിച്ചേരുകയും സാമൂഹിക ഐക്യം നിലനിറുത്താൻ ശ്രമിക്കുകയും ചെയ്തു. ഇക്കാര്യങ്ങൾക്ക് പകരമായി ഞങ്ങൾ എന്തെങ്കിലും പ്രതിഫലമോ നന്ദിയോ ആവശ്യപ്പെടുന്നില്ല. കാരണം ഞങ്ങൾ ഞങ്ങളുടെ മതം പഠിപ്പിച്ച അധ്യാപനങ്ങൾ പിൻപറ്റുകയാണ് ചെയ്യുന്നത്. ഇതര മതസ്ഥരോ വിവിധ വിശ്വാസങ്ങൾ വെച്ച് പുലർത്തുന്നവരോ ഏതെങ്കിലും ബുദ്ധിമുട്ടിലകപ്പെടുമ്പോൾ അവരോടോപ്പം തോളോടുതോൾ ചേർന്ന് നിലകൊള്ളുക എന്നതാണ് ആ അധ്യാപനം.'

ഹുദൂർ തുടരുന്നു: 'വിദ്വേഷവും വിവേചനപരവുമായ ഒരുപെരുമാറ്റവും കൂടാതെ ജീവിതം നയിക്കാൻ സഹായിക്കുന്ന വിധത്തിൽ ഞങ്ങൾ എല്ലാ മനുഷ്യരുടേയും അവകാശങ്ങൾക്ക് സമ്പൂർണ ജാമ്യം നൽകുന്നു. വിദ്വേഷം മാറ്റിവച്ച് സമ്പൂർണ വിശ്വസ്ഥതയോടുകൂടി ഇസ്‌ലാമിക ചരിത്രം വായിക്കുന്ന ഏതൊരു വ്യക്തിക്കും മത സ്വാതന്ത്ര്യം ഇസ്‌ലാമിന്റെ അടിസ്ഥാന കാര്യങ്ങളിൽപ്പെട്ടതാണെന്ന് കാണാൻ കഴിയുന്നതാണ്.

'മക്കയിലെ നീണ്ടകാല മർദനങ്ങൾ സഹിച്ചതിനു ശേഷം നബി(സ)തിരുമേനി അറബ് പട്ടണമായ മദീനയിലേക്ക് പാലായനം ചെയ്തു. അവിടെ സ്ഥാപിതമായ ഭരണകൂടത്തിൽ ഇതേ രൂപത്തിലുള്ള ഐക്യവും വിശാല മനസ്കതയും കാഴ്ചവച്ചിരുന്നത് കാണാൻ സാധിക്കും. വിവിധ ജനവിഭാഗങ്ങൾ ജീവിച്ചു വരുന്ന ഒരു ഭരണകൂടത്തിന് അസ്തിവാരമിട്ടുകൊണ്ട് ഇസ്‌ലാമിന്റെ ദൂതർ എല്ലാ മത നേതാക്കന്മാരുമായും ജനവിഭാഗങ്ങളുമായും ഒരു കരാറുണ്ടാക്കി. സമൂഹത്തിലെ എല്ലാ വിഭാഗത്തിനും ഒരുവിധ അതിക്രമവും കൂടാതെ സമാധാനത്തിൽ ജീവിക്കാനാകുമെന്ന് ഈ കരാർ ജാമ്യം നൽകി.ഓരോരുത്തർക്കും അവരവരുടെ മതത്തിനും വിശ്വാസങ്ങൾക്കും അനുസരിച്ച് പ്രവർത്തിക്കാൻ അത് സമ്പൂർണ്ണ സ്വാതന്ത്ര്യം നൽകി. കൂടാതെ അക്കാലഘട്ടത്തിലെ ആചാര രീതികൾക്കനുസരിച്ച് ഓരോ ജനവിഭാഗത്തിനും അവരുടെ ഗോത്ര നിയമങ്ങൾക്കും മതനിയമങ്ങൾക്കും വിധേയമായി ജീവിക്കാനും അത് സ്വാതന്ത്ര്യം നൽകി. മുസ്‌ലിമീങ്ങൾ ഇസ്‌ലാമിക ശരീഅത്തനുസരിച്ചും ജീവിച്ചുപോന്നു. യഹൂദർ തൗറാത്തനുസരിച്ച് ജിവിക്കുന്നതായിരിക്കും. ഇതര മതസ്ഥർ അവരവരുടെ വിശ്വാസങ്ങൾക്കും ആചാരങ്ങൾക്കും വിധേയരായി ജീവിക്കുന്നതായിരിക്കും. സമാധാന സംസ്ഥാപനത്തിനും ഇതരരെ ആദരിക്കുന്ന കാര്യത്തിലും മതവിശ്വാസങ്ങൾക്കതീതമായി എല്ലാവരും ഒരുപോലെ ബാധ്യസ്ഥരായിരുന്നു. ഈ കരാർ സമാധാനം നിലനിറുത്തി. സാഹോദര്യത്തിന്റേയും സഹനത്തിന്റേയും ഒരു സാമൂഹിക സ്ഥാപനം ഇത് മുഖേന ദൃഢീകരിക്കപ്പെട്ടു. അങ്ങനെ പതിന്നാല് നൂറ്റാണ്ടിന് മുമ്പേ മദീനക്കുള്ളിൽ വിവിധ ലക്ഷ്യങ്ങളും സംസ്കാരവുമുള്ള ഒരു സാമൂഹികാന്തരീക്ഷത്തിൽ വിജയപ്രദമായ ഒരു ഭരണകൂടം സ്ഥാപിതമായി.'( അവലംബം-ബദ്ർ പത്രം ഉർദു, ഡിസംബർ 13, 2018)

ഹുദൂർ പറയുന്നു: 'ഇന്ന് വിവിധ സമൂഹത്തിൽ വ്യാപിച്ചു കിടക്കുന്ന എണ്ണമറ്റ നിയമങ്ങൾ ഒരുമിച്ചുകൂട്ടാനുള്ള നിർദേശമല്ല ഞാൻ വെക്കാനുദ്ദേശിക്കുന്നത്. സാർവ്വലൗകിക മാനുഷിക മൂല്യങ്ങൾ നിലനിറുത്തിക്കൊണ്ടും നീതിയും ന്യായവും ഉന്നത സ്വഭാവ മൂല്യങ്ങളും വ്യാപിപ്പിച്ചുകൊണ്ടും സമൂഹത്തിൽ സമാധാനം സ്ഥാപിക്കുക എന്നതായിരിക്കണം നമ്മുടെ പ്രഥമലക്ഷ്യം എന്നാണ് ഞാനുദ്ദേശിക്കുന്ന പോയിന്റ്. മതപരമായ വിഷയങ്ങളിൽ ഒരുവിധ നിർബന്ധവുമില്ലെന്ന് വിശുദ്ധ ഖുർആനും നബിവചനങ്ങളും വളരെയധികം വിശദീകരിച്ചു വ്യക്തമാക്കുന്നുണ്ട്. ഓരോരുത്തർക്കും അവർക്കിഷ്ടമുള്ള വഴി തിരഞ്ഞെടുക്കാൻ അവകാശമുണ്ട്. മതം ഓരോരുത്തരുടേയും മനസ്സുമായി ബന്ധപ്പെട്ടതാണ്.'

ഹുദൂർ തുടരുന്നു: 'മതപരമായും വിശ്വാസപരമായും ഭിന്നിപ്പുണ്ടെങ്കിലും ഓരോ മനുഷ്യനും നിർബന്ധമായും സർവ്വ സമാധാനത്തിലാകണമെന്നാണ് ഇസ്‌ലാം നൽകുന്ന അധ്യാപനം. സമൂഹത്തിൽ സമാധാന ഭംഗമുണ്ടാക്കുന്ന ഒരു പ്രവർത്തനങ്ങളിലും ഇടപെടുകയില്ലെന്ന് ഓരോരുത്തരും ഉറപ്പു വരുത്തേണ്ടതാണ്. എല്ലാ വ്യക്തികളും നിയമം പാലിക്കുന്നവരായിരിക്കണമെന്നാണ് ഇസ്‌ലാം പറയുന്നത്. ഭരണകൂടത്തോട് കൂറു പുലർത്തുന്നവരായിരിക്കണം. അതിന്റെ പുരോഗതിക്കും സുസ്ഥിരതയ്ക്കുംവേണ്ടി തന്റെ പങ്ക് വഹിക്കുന്നവരാകണം. മുസ്‌ലിമീങ്ങൾ ഈ പുതിയ മസ്ജിദ് നിർമിച്ചുകൊണ്ട് ബാക്കിയുള്ള സമൂഹങ്ങൾക്കെതിരെ എന്തെങ്കിലും ഗൂഢപദ്ധതികളും സ്കീമുകളും തയ്യാറാക്കി വെറുപ്പ് പരത്തുമെന്നുള്ള ഏതെങ്കിലും വിധത്തിലുള്ള ആശങ്ക നിങ്ങളുടെ മനസ്സിലുണ്ടെങ്കിൽ, അത്തരത്തിലുള്ള ഒരു അസ്വസ്ഥതയുടേയും ആവശ്യമില്ലെന്ന് ഞാൻ നിങ്ങൾക്കുറപ്പു തരുന്നു. ഈ കെട്ടിടത്തിൽനിന്ന് സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും സന്ദേശം മാത്രമെ പരക്കുകയുള്ളുവെന്ന് നിങ്ങൾക്ക് ഉറച്ച് വിശ്വസിക്കാം.'

ഹുദൂർ തുടരുന്നു: 'ഇതു വിഷയകമായി, വളരെ ചുരുങ്ങിയ രൂപത്തിൽ മസ്ജിദ് നിർമാണത്തിന്റെ ലക്ഷ്യോദ്ദേശ്യങ്ങളെ കുറിച്ച് വിശദീകരിക്കുകയാണ്. മുസ്‌ലിമീങ്ങൾ ഒരുമിച്ചുകൂടി ബാഹ്യമായ സ്നേഹവും ഐക്യവും സൃഷ്ടിക്കുക എന്നതും ദൈവത്തിന്റെ കല്പന അനുസരിച്ച് ഏക ദൈവത്തെ ആരാധിക്കുക എന്നതും മസ്ജിദ് നിർമാണത്തിന്റെ അടിസ്ഥാന ലക്ഷ്യമാണ്. മനുഷ്യ സമൂഹത്തിന്റെ സേവനത്തിനു വേണ്ടി ഒരു കേന്ദ്രം തയ്യാറാക്കപ്പെടുക എന്നതാണ് രണ്ടാമത്തെ അടിസ്ഥാന ലക്ഷ്യം. പ്രാർഥിക്കുന്ന ഓരോ വ്യക്തിയുടേയും സുപ്രധാന ഉത്തരവാദിത്വമാണ് സമൂഹത്തിലെ മറ്റെല്ലാ വ്യക്തികളുടേയും അവകാശങ്ങൾ സംരക്ഷിക്കുക എന്നത്. പ്രത്യുത, ഒരു യഥാർഥ മസ്ജിദ് സ്നേഹത്തിന്റേയും അനുകമ്പയുടേയും ഐക്യത്തിന്റേയും കേന്ദ്രമാണ്.'

ഹുദൂർ പറയുന്നു: 'നമ്മൾ മസ്ജിദ് എവിടെയെല്ലാ നിർമിച്ചിട്ടുണ്ടോ അവിടെയെല്ലാം പ്രാർഥിക്കാൻ വരുന്ന ഓരോ വ്യക്തിയും മറ്റുള്ളവരോട് അനുകമ്പയിലും സ്നേഹത്തിലും ആത്മർഥതയിലും ആദ്യത്തേക്കാൾ കൂടുതൽ മുന്നേറുന്നതായാണ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ചരിത്ര സാക്ഷ്യം. നമ്മുടെ മസ്ജിദുകൾ ഏതെങ്കിലും കാര്യത്തിൽ പ്രേരണ നൽകുന്നുണ്ടെങ്കിൽ അത് തീവ്രവാദത്തിനല്ല, മറിച്ച് മാനവ സമൂഹത്തിന്റെ സേവനത്തിനാണ്. സ്വന്തം ഹൃദയം മറ്റുള്ളവർക്കുവേണ്ടി തുറക്കാനാണ് പ്രേരിപ്പിക്കുന്നത്. സമൂഹത്തിലെ വിവിധ ചിന്താ ധാരയിലുള്ള വ്യക്തികൾക്കിടയിൽ ഐക്യം സൃഷ്ടിക്കാനും സാഹോദര്യ ബോധം സൃഷ്ടിക്കാനുമാണ് നമ്മൾ മസ്ജിദ് നിർമിക്കുന്നത്. എല്ലാ തരത്തിലുമുള്ള

വെറുപ്പും തീവ്രവാദവും ഭിന്നതയും അവസാനിപ്പിക്കാനാണ് അത് സഹായിക്കുന്നത്.'

ഹുദൂർ പറയുന്നു: 'ഈ പട്ടണം സ്വന്തം സാഹോദര്യ ബോധത്തിന്റെ കാര്യത്തിൽ പ്രസിദ്ധമാണ്. തീർച്ചയായും നമ്മുടെ ഈ പുതിയ മസ്ജിദും ഇതിന്നുള്ള അടയാളമായിരിക്കും. ഈ പട്ടണത്തിലും ചുറ്റുപാടിലും സ്നേഹവും സാഹോദര്യവും സമഭാവനയും പരത്താൻ മുമ്പത്തേതിനെക്കാൾ കൂടുതൽ ശ്രമിക്കുന്നതാണെന്ന ഉറച്ച തീരുമാനത്തിന്റെ പ്രകടനമായിരിക്കും. ഈ വാദം ഉന്നയിക്കാൻ വളരെ എളുപ്പമാണ്. എന്നാൽ, ഈ വാദങ്ങൾ പൊള്ളയായിരുന്നില്ലെന്നും യാഥാർഥ്യത്തിൽ അധിഷ്ഠിതമായിരുന്നുവെന്നും നമ്മുടെ ചരിത്രം സാക്ഷിയാണ്. ഏത് സന്ദേശമാണോ നമ്മൾ നൽകുന്നത് അത് ചെയ്തു കാണിക്കാനാണ് ഇന്നുവരെ നാം ശ്രമിച്ചു പോന്നിട്ടുള്ളത്. ഈ മസ്ജിദിന്റെ നാമമായ 'ബയ്ത്തുൽ ആഫിയത്ത്' എന്നതിന്റെ പദാർഥം 'സുരക്ഷിതത്വം പ്രദാനം ചെയ്യുന്ന വീട്' എന്നതു കൊണ്ടുതന്നെ ചുറ്റിലുമുള്ള വ്യക്തികൾ യഥാർഥാർഥത്തിൽ ഇത് സമാധാനം പ്രദാനം ചെയ്യുന്നതാണെന്ന് വേഗത്തിൽ തിരിച്ചറിയുമാറാകും എന്നതിൽ ഞാൻ പൂർണ ശുഭാപ്തി വിശ്വാസത്തിലാണ്.'

ഹുദൂർ പറയുന്നു: 'കൂടാതെ, സമാധാനത്തിനു വേണ്ടിയും മനുഷ്യകുലത്തിന്റെ സേവനത്തിനു വേണ്ടിയുമുള്ള നമ്മുടെ ഉറച്ച തീരുമാനം നമ്മുടെ മതത്തിന്റേയും അധ്യാപനങ്ങളുടേയും കാരണത്താലാണെന്ന് പൂർണമായും വ്യക്തമാക്കാനും ഞാനാഗ്രഹിക്കുകയാണ്.

'നമ്മൾ വാഗ്ദത്ത മഹ്ദിയെന്നും മസീഹെന്നും അംഗീകരിച്ചിട്ടുള്ള അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ മുഹമ്മദ് നബി(സ)യുടെ പ്രവചന പ്രകാരം 'മസീഹ്' എന്ന വാദം പുറപ്പെടുവിക്കുകയും മൂസാനബിക്കുശേഷം വന്ന മസീഹിന്റെ സമാധാന മാർഗമാണ് താൻ പിൻപറ്റുന്നതെന്ന് പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. രണ്ട് മഹത്തായ ലക്ഷ്യങ്ങളുമായാണ് അല്ലാഹുവിൽ നിന്ന് താൻ നിയോഗിതനായതെന്നും അദ്ദേഹം വിളംബരപ്പെടുത്തി. മനുഷ്യകുലത്തെ സ്രഷ്ടാവിലേക്ക് നയിക്കുക എന്നതാണ് അതിൽ പ്രഥമം. സ്രഷ്ടാവിന്റെ അവകാശ നിർവ്വഹണത്തിലേക്ക് സൃഷ്ടികളുടെ ശ്രദ്ധ തിരിക്കുക. രണ്ടാമത്തെ ലക്ഷ്യം മാനുഷിക മൂല്യങ്ങളെ ആദരിക്കാനും പരസ്പരമുള്ള അവകാശങ്ങൾ നിറവേറ്റാനും ശ്രദ്ധ ചെലുത്തുക. വാഗ്ദത്ത മസീഹിന്റെ കൈയിൽ അനുസരണ പ്രതിജ്ഞ ചെയ്ത ഓരോ മുസ്‌ലിമിന്റേയും ബാധ്യതയാണ് ദൈവവുമായി അടുക്കുക എന്നുള്ളതും മനുഷ്യകുലത്തെ സേവിക്കാനുള്ള അവസരങ്ങൾ നഷ്ടപ്പെടുത്താതിരിക്കുക എന്നതും. വിശുദ്ധ ഖുർആനും തിരുനബി(സ)യും നൽകിയ അധ്യാപനമാണിത്. സൂറ നിസായിലെ 37-ാം വചനത്തിൽ അല്ലാഹു പറയുന്നു:അല്ലാഹുവിനെ ആരാധിക്കുക. ആരേയും അവനോട് പങ്ക് ചേർക്കാതിരിക്കുക. മാതാപിതാക്കൾക്ക് നിങ്ങൾ നന്മ ചെയ്യുക. അടുത്ത ബന്ധുക്കളോടും അനാഥരോടും പാവപ്പെട്ടവരോടും ബന്ധുക്കളായ അയൽവാസികളോടും ബന്ധുക്കളല്ലാത്ത അയൽവാസികളോടും തന്റെ സഹചാരികളോടും യാത്രക്കാരോടും അടിമകളോടും നന്മ ചെയ്യുക. അഹങ്കാരികളേയും തന്നിഷ്ടക്കാരേയും അല്ലാഹു ഇഷ്ടപ്പെടുന്നില്ല. വിശുദ്ധ ഖുർആനിന്റെ ഈ വചനം സ്വഭാവ വൈശിഷ്ട്യങ്ങളുടേയും മാനുഷിക അവകാശങ്ങളുടേയും ചാർട്ടറിനുള്ള ഉത്തമ ഉദാഹരണമാണ്. സമാധാന സ്ഥാപനത്തിനുള്ള ഒരു സുവർണ്ണ വഴിയും സാ ഹോദര്യം സ്ഥാപിക്കാനുള്ള മാർഗ്ഗവുമാണിത്. സ്വന്തം മാതാപിതാക്കളോടും ബന്ധുക്കളോടും സ്നേഹാദരവോടെ പെരുമാറാൻ അല്ലാഹു ഈ വചനത്തിൽ ഉണർത്തുന്നു. സമൂഹത്തിലെ ഏറ്റവും ദുർബല സമൂഹത്തെ കൂടെ കൊണ്ടു നടക്കാൻ അല്ലാഹു കൽപ്പിക്കുന്നു. ഏതെങ്കിലും വിധത്തിലുള്ള നഷ്ടബോധം അനുഭവിക്കുന്ന അനാഥർ, മറ്റു വ്യക്തികൾ പോലെയുള്ളവരെ സഹായിക്കുക. അയൽവാസികളോട് നല്ലരീതിയിൽ പെരുമാറാൻ പ്രത്യേകം നിർദേശിച്ചിരിക്കുന്നു. അയൽവാസികളെ സ്നേഹിക്കാനും അവരെ സംരക്ഷിക്കാനും ആവശ്യം വരുന്ന മുറയ്ക്ക് അവരെ സഹായിക്കാനും തയ്യാറായിരിക്കാൻ അത് മുസ്‌ലിമീങ്ങളെ ഉണർത്തുന്നു.'

ഹുദൂർ പറയുന്നു: 'ഇസ്‌ലാമിൽ അയൽവാസി എന്നതിന്റെ വ്യാഖ്യാനം വളരെ വിശാലമാണെന്നും ഞാനിവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. അടുത്ത് താമസിക്കുന്നവർ മാത്രമല്ല അതിൽ ഉൾപ്പെടുന്നത്. ദൂരെ താമസിക്കുന്നവരും അവരിൽപെടുന്നുണ്ട്. കൂടെ യാത്ര ചെയ്യുന്നവരും കൂടെ ജോലി ചെയ്യുന്നവരും കീഴിൽ ജോലി ചെയ്യുന്നവരും മറ്റനേകം പേരും അയൽവാസിയുടെ വ്യാഖ്യാനത്തിൻ കീഴിൽ വരുന്നു. യഥാർഥത്തിൽ ഒരു പ്രദേശത്ത് താമസിക്കുന്ന എല്ലാവരും ഒരു മുസ്‌ലിമിന്റെ അയൽവാസിയുടെ പട്ടികയിൽ വരുന്നുവെന്ന് വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നു. മുസ്‌ലിമീങ്ങൾ തങ്ങളുടെ അയൽവാസികളുടെ അവകാശങ്ങൾ പൂർത്തിയാക്കണമെന്ന് ഇസ്‌ലാംമതസ്ഥാപകരായ മുഹമ്മദ് നബി(സ) ആവർത്തിച്ച് ഉണർത്തിയിട്ടുണ്ട്.'

ഹുദൂർ പറയുന്നു: 'അയൽവാസികളെ അനന്തരാവകാശ സ്വത്തിലും പങ്കാളിയാക്കുമോ എന്ന് തോന്നിക്കുംവിധം അവരുടെ അവകാശ നിർവ്വഹണത്തെ കുറിച്ച് അല്ലാഹുവിൽനിന്ന് ശ്രദ്ധ ക്ഷണിക്കലുണ്ടായെന്ന് നബി(സ)തിരുമേനി വ്യക്തമാക്കുന്നു.'

ഹുദൂർ പറയുന്നു: 'നമ്മൾ ഫിലാഡൽഫിയാ (Philadelpiia)യിൽ മസ്ജിദ് നിർമിച്ചതിന്റേയും ഇവിടെ അഹ്മദിയ്യാ ജമാഅത്ത് രൂപീകരിച്ചതിന്റേയും ചേതോവികാരം ഈ പട്ടണത്തിന്റെ നിർമാണത്തിനും പുരോഗതിക്കും നമ്മുടെ പങ്ക് നിർവ്വഹിക്കുക എന്നതാണ്. ഈ പട്ടണവാസികളെ സേവിക്കാനാണ്. ഇപ്പോൾ ഈ മസ്ജിദിന്റെ ഉൽഘാടനം നടന്നു കഴിഞ്ഞിരിക്കെ, ഇവിടെ വസിക്കുന്ന എല്ലാ അഹ്മദികളും ഈ പട്ടണത്തിൽ വസിക്കുന്നവരെ തങ്ങളുടെ അയൽവാസികളായി കരുതുന്നതാണ്. ഈ അയൽവാസികളോട് തങ്ങൾക്ക് അവകാശങ്ങളുണ്ടെന്ന് അവർ മനസ്സിലാക്കുന്നതായിരിക്കും. അത് നിർവ്വഹിക്കുന്നതിന്നുവേണ്ടി തങ്ങളുടെ എല്ലാ കഴിവും പ്രയോജനപ്പെടുത്തുന്നതായിരിക്കും. നിങ്ങളിലാർക്കും എന്തൊരു ആവശ്യം നേരിട്ടാലും നിങ്ങളെ സഹായിക്കാൻ ഞങ്ങൾക്ക് സാധിക്കും. എല്ലാ ദുഖാവസരങ്ങളിലും അതിഥികളുടെ കണ്ണുനീർ തുടക്കുന്നതിനും അവരെ സഹായിക്കുന്നതിനും അവർക്ക് സുഖം എത്തിക്കുന്നതിനും ഞങ്ങൾ തയ്യാറായിരിക്കുന്നതാണ്.'

ഹുദൂർ പറയുന്നു: 'ഇതെല്ലാം സംഭവിക്കുന്നത് നിങ്ങൾ കാണുമെന്ന് എനിക്കുറപ്പുണ്ട്. ഈ പട്ടണത്തിന് ഈ മസ്ജിദ് മുഖേന ഒരു സുന്ദര കെട്ടിടം കൂടി ലഭിച്ചെങ്കിൽ അതിനേക്കാളും എത്രയോ മടങ്ങധികം ആത്മീയമായി ഈ മസ്ജിദ് ഈ പട്ടണത്തിലും പരിസരത്തിലും സ്നേഹ ബഹുമാനം വ്യാപിപ്പിച്ചുകൊണ്ട് അതിന്റെ സൗന്ദര്യം പരത്തുന്നതാണ്. മത വർണ്ണ വർഗ്ഗ വ്യത്യാസം ഇല്ലാതെ ഈ മസ്ജിദ് എല്ലാ സമാധാന കാംക്ഷികൾക്കും പ്രകാശവും പ്രതീക്ഷയുടെ കിരണങ്ങളുമായി മാറുന്നതുമാണ്. ഈ വാക്കുകളോടെ, ആരെന്നോ ഏതു മതവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നോ നോക്കാതെ ഈ പട്ടണത്തിൽ വസിക്കുന്ന എല്ലാവരും ഒന്നു ചേർന്ന് പൊതുവായ ലക്ഷ്യങ്ങളിൽ മുന്നേറുമെന്നും നീണ്ടകാലം നിലനിൽക്കുന്ന സമാധാന നിർഭരമായ സമൂഹമാകുമെന്നും ഞാൻ പ്രതീക്ഷിക്കുകയും അതിന്നായി പ്രാർഥിക്കുകയും ചെയ്യുന്നു.'

ഹുദൂർ പറയുന്നു: 'ഫിലാഡൽഫിയാ (Philadelpia) ആദ്യത്തെ കൊളോണിയൽ പട്ടണമാണെന്ന് പറയപ്പെടുന്നു. അത് ഈ രാജ്യത്ത് മതസ്വാതന്ത്ര്യവും ആരാധനാ സ്വാതന്ത്ര്യവും നിയമം മുഖേന നടപ്പിലാക്കി. സ്വാതന്ത്ര്യ പ്രഖ്യാപനത്തിന്റെ ഒപ്പിടപ്പെട്ട ചരിത്രപരമായ പട്ടണമാണിത്. അഭിമാനിക്കാവുന്ന ഒരു ചരിത്രം ഈ പട്ടണത്തിനുണ്ട്. ഈ പട്ടണവാസികൾ ഇതിന്റെ മഹത്തായ പാരമ്പര്യം നിലനിറുത്തുന്നതിനും ഭാവിയിലും സാമൂഹിക അടയാളമായി ഈ ചരിത്രപരമായ മാതൃകകൾ നിങ്ങൾ നിലനിറുത്തുന്നതിന്നുംവേണ്ടി ഞാൻ പ്രാർഥിക്കുന്നു. എക്കാലത്തും ഈ പട്ടണം മതസ്വാതന്ത്ര്യത്തിന്റെ പ്രകാശമായി നിലനിൽക്കുമാറാകട്ടെ എന്നതാണ് എന്റെ പ്രാർഥന. ഇതിലെ ഓരോ വാസിയും ഇവിടെ മാത്രമല്ല, എല്ലാ അമേരിക്കൻ ഭൂഖണ്ഡത്തിലും മുഴുലോകത്തും സമാധാന സംസ്ഥാപനത്തിന് തങ്ങളുടെ പങ്ക് നിർവ്വഹിക്കുന്നവരാകട്ടെ.

ഇവിടെ നമ്മുടെ അംഗസംഖ്യ കുറവാണെങ്കിലും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്നും ഇത്തരം പ്രവർത്തനത്തിന്റെ ഭാഗമായിരിക്കും. ആവശ്യമായി വരുന്ന ഏത് സഹായവും ചെയ്യാൻ തയ്യാറായിരിക്കും. യഥാർഥ സമാധാനം എല്ലാ പട്ടണങ്ങളിലും രാഷ്ട്രങ്ങളിലും ആധിപത്യം പുലർത്താൻ ദൈവം തുണയ്ക്കുമാറാകട്ടെ. ഈ പ്രോഗ്രാമിൽ പങ്കെടുത്തതിന് എല്ലാവർക്കും നന്ദി പ്രകാശിപ്പിച്ചു കൊണ്ട് ചുരുക്കുന്നു. അല്ലാഹു നിങ്ങളുടെമേൽ അവന്റെ ഔദാര്യം ചൊരിയുമാറാകട്ടെ. നന്ദി! (തുടരും)

---

(പേജ് 10ൽനിന്ന്)

മവിദ്യാർഥികളെ സംബോധനചെയ്യാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. ജർമനിയിലെ ഒരു കോടതിയിൽ 18 മണിക്കൂർവരെ ഒരു എക്സ്പേർട്ട് സാക്ഷി എന്ന നിലയിൽ അദ്ദേഹം തന്റെ വിവരണം റെക്കോർഡ് ചെയ്യിക്കാൻ തൗഫീഖ് നേടി. 2014-ൽ അഹ്മദിയ്യ ജമാഅത്ത് അമേരിക്ക വിവിധ യൂണിവേഴ്സിറ്റികളിൽ പ്രസംഗത്തിനുള്ള ഏർപാടുകൾ ചെയ്തിരുന്നു. അവിടെ 'മതവും ആവിഷ്കാര സ്വാതന്ത്ര്യവും' എന്ന വിഷയത്തെ അധികരിച്ച് അദ്ദേഹം പ്രഭാഷണങ്ങൾ നടത്തി. പിന്നീട് റൈസ് യൂണിവേഴ്സിറ്റിയിൽ 2017-ൽ ഖുർആൻ കോൺഫ്രൻസ് സംഘടിപ്പിച്ചിരുന്നു. അതിൽ അഹ്മദിയ്യാ ജമാഅത്തിനേയും ക്ഷണിച്ചിരുന്നു. ഞാൻ അദ്ദേഹത്തെ അവിടെ അയച്ചിരുന്നു. അദ്ദേഹം അവിടെ പ്രതിനിധിയുടെ കടമകൾ നിറവേറ്റി. അവിടേയും വിശുദ്ധ ഖുർആനിന്റെ ഭംഗി(മഹാസിൻ)ലോകത്തിന്റെ മുമ്പിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനത്തിന്റെ വെളിച്ചത്തിൽ അവതരിപ്പിക്കാൻ സൗഭാഗ്യം ലഭിച്ചു.

സ്വിറ്റ്സർലാന്റിലും കനഡയിലും എമിഗ്രേഷൻ ബോർഡിന്റെ മുമ്പിൽ നിയമപരമായ പ്രശ്നങ്ങളുടെ വിശദീകരണം നടത്താനുള്ള അവസരം കിട്ടി. അദ്ദേഹത്തിന്റെ സേവനങ്ങൾ നിരവധിയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്ത് അദ്ദേഹത്തെ ഏല്പിച്ച എല്ലാ സേവനങ്ങളും വഖ്ഫിന്റെ റൂഹോടുകൂടി ചെയ്യാൻ പരിശ്രമിക്കുകയും അതിനോടുള്ള കടമ നല്ലവണ്ണം നിറവേറ്റുകയും ചെയ്തു.

അദ്ദേഹത്തിന്റെ വിവാഹം മൂത്താപ്പയുടെ മകളുമായാണ് നടന്നത്.1999-ൽ ഭാര്യ വഫാത്തായി. ഇപ്പോൾ അദ്ദേഹത്തിന് മൂന്നു ആൺമക്കളുണ്ട്. അസീസുർറഹ്മാൻ വഖാസ്, റാവൽപിണ്ടിയിൽ അഡ്വക്കേറ്റാണ്. അദ്ദേഹവും ജമാഅത്തിന്റെ കേസുകളിൽ സഹായിക്കുന്നു. ഡോക്ടർ അത്വാഉർറഹ്മാൻ മുആദ് ഇപ്പോൾ ഖത്തറിലാണ്. ഖലീലുർറഹ്മാൻ ഹമ്മാദ് സാഹിബ് പാക്കിസ്താനിൽ തന്നെയാണുള്ളത്.

അല്ലാഹു പരേതനോടു മഗ്ഫിറത്തോടും കാരുണ്യത്തോടുംകൂടി പെരുമാറട്ടെ. തന്റെ പ്രിയപ്പെട്ടവരുടെ കാല്പാദങ്ങളിൽ ഇടം നല്കുമാറാകട്ടെ. നമസ്കാരത്തിനുശേഷം പറഞ്ഞതുപോലെ അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിക്കുന്നതാണ്.

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-4 Thursday 12-19 September 2019 Issue-37-38

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

**(പേജ് 17ൽനിന്ന്)**

നടത്തി. അന്ന് യാന്ത്രികമായ സൗകര്യങ്ങളൊന്നുമുണ്ടായിരുന്നില്ല. പരിപ്പു വർഗ്ഗത്തിൽപ്പെട്ടതെല്ലാം അദ്ദേഹം ഉരലിൽ ഇടിച്ചുപൊടിയാക്കിയായിരുന്നു ലങ്കർഖാനയിലേക്ക് സപ്ലൈ ചെയ്തിരുന്നത്. മരണത്തിന് നാലോ അഞ്ചോ വർഷങ്ങൾക്കുമുമ്പേ അദ്ദേഹത്തിന്റെ കാഴ്ചശക്തി നഷ്ടപ്പെട്ടു. എന്നിരുന്നാലും ഒരു മെഴുകുതിരി കത്തിച്ച് കൈയിൽ പിടിച്ച് അഞ്ചുനേരവും അദ്ദേഹം പള്ളിയിൽ എത്തിയിരുന്നു.

അദ്ദേഹത്തിന്റെ മകനായ മിയാൻ മുഹമ്മദ് അബ്ദുല്ലായും ഒരു ദർവേശാകുകയും തന്റെ ജീവിതം മുഴുവൻ ജമാഅത്തിൽ ജോലി ചെയ്യുകയും ചെയ്തു. (The Devotion of Life-Its importance and blessing)

## ശേഖ് മുഹമ്മദ് യഅ്ഖൂബ് സാഹിബ് ചീനിയോട്ടി(റ)

1948 മെയ് 11–ാം തിയ്യതി ലാഹോറിലെ രത്തൻബാഗിൽനിന്ന് ഖാദിയാനിലെത്തിയ തീർഥാടക സംഘത്തിലുള്ള ഒരു യുവാവ് തന്റെ സഹജീവികളുടെ ഹൃദയങ്ങൾ പ്രഭാപൂരിതമാക്കി. ഈ ഭാഗ്യവാനായ യുവാവ് 313 ദർവേശുമാരിൽ ഒരാളായി ഉടൻ അറിയപ്പെട്ടു. അദ്ദേഹം തന്റെ പ്രിയപ്പെട്ടവരോടും കുടുംബാംഗങ്ങളോടും വിടചോദിച്ച് അവരിൽനിന്നു വേർപെട്ടു ഖാദിയാനിൽ വന്നു. അദ്ദേഹം ചീനിയോട്ടിലെ ഒരു ഭേദപ്പെട്ട കുടുംബാംഗമായിരുന്നു. അദ്ദേഹത്തിന്റെ പേര് ശേഖ് മുഹമ്മദ് യഅ്ഖൂബ് എന്നായിരുന്നു.

തുടക്കം മുതൽതന്നെ ദൈവസ്മരണ അദ്ദേഹത്തിന്റെ ഇഷ്ടജോലിയായിരുന്നു. ഖാദിയാനിലെ വിശുദ്ധാന്തരീക്ഷത്തിൽ അദ്ദേഹം സഹതാപാർദ്രനാവുകയും മറ്റുള്ളവരുടെ ഹൃദയങ്ങളിലും ദൈവസ്മരണയെക്കുറിച്ച് ബോധമുണ്ടാക്കുകയും ചെയ്തു. രാപകൽ അദ്ദേഹത്തിന്റെ പ്രവൃത്തി അതായിരുന്നു. ദർവേശായിരുന്ന കാലം മുഴുവൻ രാപകൽ അദ്ദേഹം ദൈവസ്മരണയിൽ മുഴുകി. തഹജ്ജുദ് നമസ്കാരത്തിന് ആദ്യമായി മസ്ജിദ് മുബാറക്കിൽ എത്തുന്നത് അദ്ദേഹമായിരുന്നു. പിന്നെ ഫജ്ർ നമസ്കാരത്തിനുശേഷം അദ്ദേഹം തന്റെ മുറിയിലെത്തും. തന്റെ കിടക്കയിൽ ഇരുന്ന് ഹൃദയസ്പൃക്കായ നിലയിൽ മാധുര്യത്തോടെ വിശുദ്ധഖുർആൻ പാരായണം ചെയ്യും. ഖുർആൻ പാരായണ വേളയിൽ കണ്ണുനീരാകുന്ന വെള്ളപ്പൊക്കം അദ്ദേഹം തടുത്തു നിറുത്തിയിരിക്കുകയാണെന്ന് ഒരു ശ്രോതാവിനു തോന്നും. പാരായണം അവസാനിച്ചാൽ പിന്നെ അശ്രുപ്രവാഹമായിരിക്കും. വിശുദ്ധഖുർആൻ പാരായണവും ദൈവസ്മരണയും അദ്ദേഹത്തിന്റെ ശരീരഘടനയുടെ ഭാഗമായിരുന്നു. അല്ലാഹുവുമായുള്ള അദ്ദേഹത്തിന്റെ ബന്ധം യഥാർഥത്തിൽ “നീ എന്റേതും ഞാൻ നിന്റേതുമാണ്” എന്ന പ്രചോദനാത്മകമായ ചിത്രമായിരുന്നു. അന്തസ്സിന്റേയും ആദരവിന്റേയും മൂർത്തിമത്ഭാവമായിരുന്നു. അദ്ദേഹം മസ്ജിദ് മുബാറക്കിൽ അല്ലെങ്കിൽ മസ്ജിദ് അഖ്സ്വയിൽ ഇരിക്കുമ്പോൾ ആരെങ്കിലും അദ്ദേഹത്തോട് എപ്പോൾ സംസാരിച്ചാലും അദ്ദേഹത്തിന്റെ മറുപടി മൃദുവായും താണ നിലയിലുമായിരുന്നു. ദൈവത്തിന്റെ ഒരു ദൂതന്റെ ശബ്ദമുയർന്ന ഒരു സ്ഥലമാണിതെന്ന സന്ദേശം പരത്തുന്ന വിധമായിരുന്നു. അതിനാൽ നമ്മളും അന്തരീക്ഷത്തിൽ ചുറ്റിത്തിരിഞ്ഞുകൊണ്ടിരിക്കുന്ന ആ വിശുദ്ധ ശബ്ദങ്ങളേക്കാൾ ഉച്ചത്തിൽ സംസാരിക്കരുതെന്നായിരുന്നു അതിന്റെ ധ്വനി.

അദ്ദേഹത്തിന്റെ മറ്റൊരു പ്രത്യേക ഗുണം ആത്മാഭിമാനമായിരുന്നു. അദ്ദേഹം ജമാഅത്തിൽനിന്ന് രണ്ടോ മൂന്നോ വർഷം മാത്രമെ സ്റ്റൈഫന്റ് സ്വീകരിച്ചിരുന്നുള്ളൂ. പിന്നീട് സ്വീകരിച്ചിരുന്നില്ല. അദ്ദേഹം സ്വന്തമായി കറിയുണ്ടാക്കുകയും ലങ്കർഖാനയിൽനിന്ന് സ്വന്തം കൈയിൽനിന്ന് കാശെടുത്ത് റൊട്ടി വാങ്ങുകയും ചെയ്തിരുന്നു. അദ്ദേഹം ചന്ദ കൃത്യമായി നല്കിയിരുന്നു. ‘സ്വഫെ ദോം തഹ്രീക്കെ ചന്ദ’ അദ്ദേഹം ഇരുപത് വർഷത്തേക്ക് മുൻകൂറായി അടച്ചിരുന്നു. ഇൻശാഅല്ലാഹ് അദ്ദേഹത്തിന്റെ തഹ്രീക്കെ ജദീദിന്റെ പ്രതിഫലം അദ്ദേഹത്തിന് പരലോകത്ത് ലഭിക്കുന്നതായിരിക്കും.

ജീവിതത്തിന്റെ അവസാനകാലത്ത് അദ്ദേഹത്തിന് പക്ഷാഘാതമുണ്ടായി. ചികിത്സയ്ക്കായി അദ്ദേഹം അമൃതസറിൽ പോയെങ്കിലും വേണ്ടത്ര ഫലമുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ ഭാര്യയും മക്കളും ഡാക്കയിൽ ആയിരുന്നു. അദ്ദേഹം ചികിത്സയ്ക്ക് ഡാക്കയിൽപോയെങ്കിലും ഹൃദയം ഖാദിയാനിലായിരുന്നു. തനിക്ക് ആരോഗ്യം കൈവരിക്കാനും ഖാദിയാനിൽ തിരിച്ചുവരാൻ സൗഭാഗ്യമുണ്ടാകാനും അദ്ദേഹം തന്റെ ദർവേശ് സുഹൃത്തുക്കൾക്ക് കത്തുകളെഴുതാറുണ്ടായിരുന്നു. അദ്ദേഹം തന്റെ ഭാര്യാമക്കൾക്കൊപ്പം നിന്നുകൊണ്ട് ചരമമടയാനായിരുന്നു അല്ലാഹുവിന്റെ വിധി. 1960 ജൂലൈ 13ന് അദ്ദേഹം വഫാത്തായി. അദ്ദേഹത്തിന്റെ പരിശുദ്ധ ശരീരം ഡാക്കയിൽനിന്ന് ലാഹോറിലേക്കും അവിടെനിന്ന് റബ്വയിലേക്കും കൊണ്ടുവരികയും ബിഹിശ്തി മഖ്ബറയിൽ ഖബറടക്കുകയും ചെയ്തു. (The Devotion of Life-Its importance and blessing)

(തുടരും)




**(പേജ് 1ൽനിന്ന്)**

കൊണ്ട് വിശുദ്ധഖുർആൻ ആരാധനയുടെ നേട്ടം പ്രകടമാക്കുന്ന വഴി സ്വീകരിച്ചു. സൽസ്വഭാവത്തിന്റെ നേട്ടമിതാണെന്നും നേട്ടം മാത്രമല്ല നേട്ടങ്ങൾ വിവരിക്കുകയും ചെയ്തിരുന്നു. എന്നല്ല, ബുദ്ധിപരമായ നിലയിൽ തെളിവുകളോടും പ്രമാണങ്ങളോടുംകൂടി അവ അവതരിപ്പിക്കുന്നു; ശുദ്ധമായ ബുദ്ധിയോടെ പണിയെടുക്കുന്നവർക്ക് നിഷേധിക്കാനുള്ള ഒരു ഇടവുമില്ല. ഞാനിപ്പോൾ വിവരിച്ചതുപോലെ, വിശുദ്ധഖുർആന്റെ കാലത്ത് കഴിവുകൾ ബുദ്ധിപരമായ അവസ്ഥ പിടിച്ചുകഴിഞ്ഞിരുന്നു. തൗറാത്തിന്റെ കാലത്ത് മൃഗീയമായ അവസ്ഥയായിരുന്നു. ആദം മുതൽ കാലം അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്നു. വിശുദ്ധഖുർആനിന്റെ കാലത്ത് വൃത്തംപോലെ അത് പൂർണമായി. കാലം ഗോളാകൃതിയിലായെന്ന് ഹദീഥിൽ വന്നിരിക്കുന്നു. അല്ലാഹു പറയുന്നു: *മാ കാന മുഹമ്മദുൻ അബാ അഹദിൻമ്മിൻർരിജാലിക്കും വലാക്കിൻർറസൂലല്ലാഹി വ ഖാത്തമന്നബിയ്യീൻ* (33:41)

നുബുവ്വത്തിന്റെ എഞ്ചിനാണ് ആവശ്യങ്ങൾ. കൂരിരുൾ മുറ്റിയ രാത്രികൾ, ലോകത്തെ ഇരുട്ടിൽനിന്ന് രക്ഷിക്കാനുള്ള പ്രകാശത്തെ വലിച്ചെടുക്കുന്നു. ഈ ആവശ്യമനുസരിച്ച് നുബുവ്വത്തിന്റെ പരമ്പര ആരംഭിച്ചു. വിശുദ്ധഖുർആനിന്റെ കാലംവരെ അതെത്തിയപ്പോൾ സമ്പൂർണമായി. ഇപ്പോൾ എല്ലാ ആവശ്യങ്ങളും പൂർത്തിയായി. ഇതിൽനിന്ന് നബി(സ)തിരുമേനി ഖാത്തമുൽ അമ്പിയാ ആയിരുന്നുവെന്നത് നിർബന്ധമായി. ഇപ്പോൾ വലുതും വ്യക്തവുമായ വ്യത്യാസം ഒന്ന് ഇതാണ്; വിശുദ്ധഖുർആൻ തെളിവുകൾ സമർപിച്ചു, തൗറാത്താണെങ്കിൽ അത് സ്പർശിച്ചിട്ടുപോലുമില്ല.’ (മൽഫൂദാത്ത്, വാള്യം 1, പേജ് 72–74, 2018 ഖാദിയാൻ)

★★★

# നിങ്ങൾക്കുമെഴുതാം

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചുതരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും. അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**‘ബയ്ത്തുൽ ഇസ്റ’ വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

‘ഖലീഫ ജമാഅത്തിന്റെ പരിഷ്ക്കരണത്തിന് എന്തെങ്കിലും പറഞ്ഞാൽ അതേറ്റെടുക്കുകയും ജമാഅത്തംഗങ്ങളുടെ മുമ്പിൽ അത് ആവർത്തിക്കുകയും ചെയ്യുക. മന്ദബുദ്ധിയിൽ മന്ദബുദ്ധിയായവനുപോലും അതു മനസ്സിലാകാനും ദീനിൽ ശരിയായ നിലയിൽ നടക്കാനുള്ള വഴിപ്രാപിക്കാനും അതാവർത്തിക്കുക. ആവർത്തിക്കുക, ആവർത്തിക്കുക!’
(ഖുത്ബാത്തെ മഹ്മൂദ് വാല്യം 18 പേജ് 214 – 215)
(ഖുത്ബ ജുമുഅ 29 – 5 – 2015)

**ത്വാലിബെ ദുആ:**
**Ahmadiyya Muslim Jama’at Palluruthy, Ernakulam dist:**

## ദുആയ്ക്ക് അപേക്ഷ

**പഴയങ്ങാടി ജമാഅത്തിലെ സി.സലീം അഹ്മദ് സാഹിബിന്റെ ഭാര്യ മുനീറ സലീം സാഹിബ തന്റേയും ഭർത്താവിന്റേയും മക്കളുടേയും പേരമക്കളുടേയും ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും വേണ്ടി ബദ്ർ വായനക്കാരോടു ദുആയ്ക്ക് അപേക്ഷിക്കുന്നു.**
**(Raja Jameel Ahmad, Inspector Badr Weekly)**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin